# ജ്ഞാനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ




## മാർച്ച് 19 – മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

Vol. LXIX March 2019 No. 3

# ആശംസകൾ





## മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും**
**മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും**

## സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ



പാലാ മെത്രാസനമന്ദിരത്തിൽനിന്നും സ്ഥലംമാരിപ്പോകുന്ന
ബഹുമാനപ്പെട്ട വൈദികരുടെ യാത്രയയപ്പ് സമ്മേളനം



സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യാലയത്തിൽ പ്രൊക്യുറേറ്ററായി
നിയമിതനായ ബഹു. ജോസ് തോലാനിക്കലെച്ചന് ആശംസകൾ



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

MARCH 2019
Vol. LXIX No. 3

# CONTENTS

ഇടയലേഖനം-60 ........ 171
കെ.സി.ബി.സി. സർക്കുലർ ........ 178
സർക്കുലർ ........ 186
സർക്കുലർ - നോമ്പുകാല സന്ദേശം ........ 198
Transfer List 2019 February 23 ........ 204
വൈദികരുടെ ശ്രദ്ധയ്ക്ക് ........ 214
മൈനർ സെമിനാരി പ്രവേശനം ........ 217
ദൈവവിളി ക്യാമ്പ് 2019 ........ 218
അൾത്താരബാലന്മാരുടെ ക്യാമ്പ് ........ 219
അവധിക്കാല ക്യാമ്പ് ........ 220
ലേഖനം ........ 221
Prayer Day List ........ 226
വാർത്തകൾ ........ 227
ആദരാഞ്ജലികൾ ........ 262
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 268
Bishops' Engagements ........ 276

ഇടയലേഖനം - 60

# നോമ്പുകാലം:
# ദൈവത്തോടൊത്തു വസിക്കേണ്ട സമയം

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**
**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീ സഹോദരങ്ങളേ,

നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായുടെ ഉപവാസത്തെ അനുകരിച്ചുകൊണ്ട് പരീക്ഷകളെ ജയിക്കാൻ ആത്മീയശക്തിയാർജ്ജിക്കുന്ന ആരാധനാവത്സരസമയമായ നോമ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണ്. ഈശോയുടെ പീഡാനുഭവവും മരണവും സംസ്കാരവും മുഖ്യചിന്താവിഷയമാകുന്ന ഈ ആരാധനാവത്സരകാലം നമുക്ക് ഒരു ആത്മീയപരിശീലനത്തിന്റെ കാലം കൂടിയാണ്. മാമ്മോദീസായിൽ നമുക്ക് ലഭിച്ച ദൈവപുത്രസ്ഥാനത്തിന്റെ ശോഭയകറ്റുന്ന പാപത്തിന്റെ പിടിയിൽനിന്ന് രക്ഷപെടേണ്ടതിന്റെ ആവശ്യകതയും ദൈവത്തോടും സഹോദരങ്ങളോടും എപ്പോഴും സൗഹൃദത്തിലായിരിക്കേണ്ടതിന്റെ അനിവാര്യതയും ഓർമ്മപ്പെടുത്തി അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കാൻ നോമ്പുകാലം നമ്മെ പരിശീലിപ്പിക്കുന്നു.

നാം അനുഷ്ഠിക്കുന്ന വലിയനോമ്പ് - ഉപവാസം, തന്റെ പരസ്യജീവിതത്തിന് ആരംഭം കുറിക്കുന്നതിനുമുൻപ് ഈശോ മരുഭൂമിയിൽ അനുഷ്ഠിച്ച 40 ദിവസത്തെ ഉപവാസത്തെ ഓർമ്മിപ്പിക്കുന്നതും പിന്തുടരുന്നതുമാണ്. സുവിശേഷത്തിൽ നാം

ഇങ്ങനെ വായിക്കുന്നു: "അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ഈശോയെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. ഈശോ നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവന് വിശന്നു" (മത്തായി 4 : 1 – 2). ഉടമ്പടിയുടെ വചനങ്ങളായ പത്തുപ്രമാണങ്ങൾ എഴുതിയ പലകകൾ സ്വീകരിക്കുന്നതിനു മുൻപ് നാൽപതുപകലും നാൽപതുരാവും ഉപവസിച്ച് കർത്താവിനോടുകൂടെ ചിലവഴിച്ച മോശയെപ്പോലെ (പുറപ്പാട് 34:28), ഹോറെബ് മലയിൽ വച്ച് കർത്താവുമായി സംഭാഷണത്തിലേർപ്പെടുന്നതിനുമുൻപ് നാൽപതുരാവും നാൽപതു പകലും ഉപവസിച്ച ഏലിയാ പ്രവാചകനെപ്പോലെ (1 രാജാ 19:8), ഈശോ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും തന്റെ മുന്നിൽ വയ്ക്കപ്പെട്ടിരുന്ന ദൗത്യനിർവഹണത്തിനായി തന്നെത്തന്നെ ഒരുക്കി. പ്രലോഭകനുമായുള്ള പോരാട്ടത്തിൽ വിജയം ഈശോയുടെ പക്ഷത്താകുന്നതിന്റെ കാരണം അവന്റെ ഈ ഒരുക്കത്തിന്റെ പൂർണ്ണതയാണ്. സഭ ഈശോയുടെ ഈ വിജയത്തെ പ്രകീർത്തിച്ചുകൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കുന്നു: ഉപവാസത്താൽ ഈ ഭൂമിയിൽ മനുഷ്യന് ശരണവും വിജയവും നൽകിയ നാഥാ, നിന്റെ കൃപയെ ഞങ്ങൾ വാഴ്ത്തി നമിക്കുന്നു. (ഓനീസാദ് സപ്രാ – ഞായർ, നോമ്പുകാലം). ആത്മാവിനെയും ശരീരത്തെയും അലംകൃതമാക്കുന്ന, നിർമ്മലവും സുന്ദരവുമായ ചിന്തകളാൽ ദൈവത്തെ വാഴ്ത്താൻ നമ്മെ പര്യാപ്തരാക്കുന്ന ഉപവാസത്തിന്റെ ഉറവിടം ഈശോ തന്നെയാണ്. നന്മയുടെ ഉറവയായിനിന്നുകൊണ്ട് അത് നമുക്ക് നിത്യസൗഭാഗ്യമാകുന്ന ഫലം നൽകുന്നു.

ഉപവാസത്തെക്കുറിച്ചുള്ള ആദ്യ പാഠങ്ങൾ വി. ലിഖിതങ്ങളുടെ ആദ്യ താളുകളിൽ തന്നെ കണ്ടെത്താവുന്നതാണ്. ഉത്പത്തിപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ദൈവമായ കർത്താവ് മനുഷ്യനോട് കല്പിച്ചു: തോട്ടത്തിലെ എല്ലാ

വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചു കൊള്ളുക. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും" (ഉത്പത്തി 2:16-17). ഈ ദൈവിക അനുശാസനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വി. ബേസിൽ പറയുന്നു; ഉപവാസം കല്പിക്കപ്പെട്ടത് പറുദീസയിലാണ്. ഇതിനെക്കുറിച്ചുള്ള ആദ്യത്തെ കല്പന നല്കപ്പെട്ടത് ആദത്തിനും. അതിനാൽ നീ ഭക്ഷിക്കരുത് എന്നുള്ളത് ഉപവാസത്തിന്റെയും ആത്മനിയന്ത്രണത്തിന്റെതുമായ ഒരു നിയമമാണ്. ഭക്ഷിച്ചുകൊള്ളുക എന്ന് പറഞ്ഞവൻ തന്നെയാണ് ഭക്ഷിക്കരുത് എന്ന് കല്പിച്ചിട്ടുള്ളതും. ഇതിൽനിന്നും ഉപവാസം ദൈവത്താൽ നിർദേശിക്കപ്പെട്ടിട്ടുള്ളതാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഭക്ഷണം അതിൽതന്നെ ഒരു തിന്മയല്ല അത് ശരീരത്തിന്റെ ഭൗതിക നിലനില്പിന് അത്യാവശ്യമാണെന്നുള്ള വസ്തുത നിലനിൽക്കുമ്പോഴും ഭക്ഷിക്കരുത് എന്ന ദൈവ കല്പനക്ക് പ്രസക്തിയുണ്ട്. അത് പാപത്തെയും അതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെയും ഒഴിവാക്കാനും അഥവാ വീണുപോയാൽ നഷ്ടപ്പെട്ട ദൈവസൗഹൃദം വീണ്ടെടുക്കാനുമുള്ള ഉപാധിയായി വർത്തിക്കുന്നു. വി.ലിഖിതംതന്നെ ഇതിനു സാക്ഷ്യമായി നിലകൊള്ളുന്നു. ഫിലിസ്ത്യരുടെ കരങ്ങളിൽനിന്നു രക്ഷപെടുന്നതിനുവേണ്ടി സാമുവലും ഇസ്രായേൽ ജനത മുഴുവനും കർത്താവിന്റെ സന്നിധിയിൽ ഒരുമിച്ചു കൂടി ഒരു ദിവസം മുഴുവൻ ഉപവസിക്കുകയും ഞങ്ങൾ കർത്താവിനെതിരായി പാപം ചെയ്തുപോയി എന്ന് ഏറ്റുപറയുകയും ചെയ്തു (1 സാമു: 7:6). ദൈവം സാമുവലിന്റെയും ജനത്തിന്റെയും പ്രാർത്ഥന കേൾക്കുകയും ഫിലിസ്ത്യരെ സംഭ്രാന്തരാക്കി പലായനം ചെയ്യിക്കുകയും ചെയ്തു. പ്രവാസത്തിൽനിന്ന് വാഗ്ദത്ത ഭൂമിയിലേക്കുള്ള മടക്കയാത്രക്കൊരുക്കമായി, ദൈവസന്നിധിയിൽ തങ്ങളെത്തന്നെ എളിമപ്പെടു

ത്തുന്നതിനുവേണ്ടി എസ്രാ ഇസ്രായേൽ ജനത്തിന് ഒരു ഉപവാസം പ്രഖ്യാപിക്കുന്നുണ്ട് (എസ്രാ 8:21). ഉപവസിച്ചുകൊണ്ടുള്ള അവരുടെ യാചന ദൈവം കേട്ടു. ഇതുപോലെ തന്നെ നിനവേ ജനത, മാനസാന്തരത്തിനായുള്ള യോനായുടെ വിളി കേട്ട് ഉപവാസം പ്രഖ്യാപിച്ചുകൊണ്ടു പറഞ്ഞു: "ദൈവം മനസ്സുമാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം" (യോനാ 3:9). ഇവിടെയും, തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിന്തിരിഞ്ഞു എന്നു കണ്ട്, ദൈവം മനസ്സു മാറ്റി, അവരുടെ മേൽ അയയ്ക്കുമെന്ന് പറഞ്ഞ തിന്മ അയച്ചില്ല.

പുതിയ നിയമത്തിൽ ഈശോയുടെ ഉപവാസംതന്നെ ഉപവാസത്തിന്റെ മാതൃകയും മാഹാത്മ്യവും നമുക്ക് കാണിച്ചു തരുന്നു. ഫരിസേയരുടെയും നിയമജ്ഞരുടെയും ഉപവാസത്തിലെ കാപട്യത്തെ വിമർശിക്കുന്ന ഈശോ (മത്തായി 6:16) രഹസ്യങ്ങൾ അറിയുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് യഥാർത്ഥ ഉപവാസമെന്ന് പഠിപ്പിക്കുന്നു. മരുഭൂമിയിലെ തന്റെ ഉപവാസത്തിന്റെ അന്ത്യത്തിൽ തന്നെപരീക്ഷിക്കാനെത്തിയ പ്രലോഭകന് ഈശോ നൽകുന്ന മറുപടിയിൽ ഇത് വ്യക്തമാണ്: "മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്തായി 4:4). അതിനാൽ ശരിയായ, യഥാർത്ഥ ഉപവാസം എന്നു പറയുന്നത് ശരിയായ, യഥാർത്ഥ ഭക്ഷണം കഴിക്കുന്നതാണ്. യഥാർത്ഥ ഭക്ഷണത്തെക്കുറിച്ച് ഈശോ പറയുന്നത് യോഹന്നാൻ അറിയിച്ച സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്: "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4:34). ഉപവാസത്തിന്റെ കാതൽ ദൈവവചനത്തിലൂടെ വെളിപ്പെടുന്ന അവന്റെ ഹിതം നിറവേറ്റുക എന്നുള്ളതാണ്.

നമ്മുടെ ശരീരത്തെ പുഷ്ടിപ്പെടുത്തുന്ന ഭക്ഷണം വർജ്ജിക്കുന്നതിലൂടെ ഈശോമിശിഹായെ ശ്രവിക്കാനും അവന്റെ ജീവദായകവും രക്ഷാകരവുമായ വചനത്താൽ പോഷിപ്പിക്കപ്പെടാൻ ഉതകുന്ന ആത്മീയ മനോഭാവം വളർത്തുവാനും ഇടവരുന്നു.

ഉപവാസം ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റെ കെട്ടുറപ്പിനുവേണ്ടി മാത്രമുള്ളതല്ല. നമുക്ക് ചുറ്റും ജീവിക്കുന്ന നമ്മുടെ സഹോദരങ്ങളിലേക്ക് കണ്ണ് തുറന്നു നോക്കാൻ, അവരെ കണ്ണ് നിറച്ച് കാണാൻ നമ്മെ സഹായിക്കുന്ന ഒരു ഉപാധികൂടിയാണത്. യോഹന്നാൻ ശ്ലീഹ എഴുതിയ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ലൗകീക സമ്പത്ത് ഉണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നുവെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും?" (1 യോഹ 3:17). ആപത്തിൽപെട്ട് വേദനിച്ചവന്റെ പക്കലെത്തി അവനെ പരിചരിക്കാൻ മനസ്സലിവ് കാണിച്ച നല്ല സമരിയാക്കാരന്റെ അരൂപിയിലേയ്ക്ക് വളരാനുള്ള ക്ഷണമാണ് ഓരോ ഉപവാസവും നമ്മുടെ മുന്നിൽ വയ്ക്കുന്നത്. അപരനുവേണ്ടി സ്വന്തം സുഖം ത്യജിക്കുന്നവൻ, അവൻ അന്യനല്ല: സ്വന്തം കൂടപ്പിറപ്പാണ് എന്നു പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അതിനാൽ നമ്മുടെ ഉപവാസം അപരന് തുണയുടെ കരമേകാനും സഹചരെ നിത്യം സേവിക്കാനും ഇടവരുത്തുന്നതായിരിക്കട്ടെ.

ദൈവം നമ്മെ സമ്പന്നരാക്കിയിട്ടുണ്ടെങ്കിൽ അത് നാം ഉദാരശീലരാകേണ്ടതിനാണ്. ആ ഉദാരതയാണ് ദൈവത്തിനുള്ള നമ്മുടെ കൃതജ്ഞതാസ്തോത്രം (2 കോറി 9: 11). ആദിമ സഭ ഔദാര്യശീലത്തിന്റെയും പങ്കുവയ്ക്കലിന്റെയും മാതൃക നമുക്ക് നൽകിയിട്ടുണ്ട്. പ്രാർത്ഥനയോടും ദൈവവചനത്തിന്റെ ശ്രവണത്തോടും ചേർന്ന് പങ്കുവയ്ക്കൽ ഉണ്ടാകുമ്പോൾ, അത് ദൈവഹിതത്തിന്റെ നിറവേറ്റലാകുന്നു; അവിടെ യഥാർത്ഥ ഉപവാസമുണ്ട്. ഇതാണ് ഈ നോമ്പുകാലത്ത് നാം ജീവിത നിയ

മമായി സ്വീകരിക്കേണ്ട കാര്യം. വേദപാരംഗതനായ വി. പീറ്റർ ക്രിസോലോഗസ് ഉപവാസത്തെപ്പറ്റി പഠിപ്പിക്കുന്ന ഒരു കാര്യം നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു: പ്രാർത്ഥന യുടെ ആത്മാവ് ഉപവാസമാണ്. ഉപവാസത്തിന്റെ ജീവരക്തം കരുണയാണ്. അങ്ങനെ പ്രാർത്ഥിക്കുന്നെങ്കിൽ നീ ഉപവസി ക്കുക, ഉപവസിക്കുന്നെങ്കിൽ കരുണ കാണിക്കുക. നിന്റെ യാചന കേൾക്കപ്പെടണമെന്ന് നീ ആഗ്രഹിക്കുന്നു എങ്കിൽ മറ്റുള്ളവരുടെ യാചന നീ കേൾക്കുക. നിന്റെ ചെവി മറ്റുള്ളവ രുടെ നേരെ കൊട്ടി അടയ്ക്കാതിരുന്നാൽ ദൈവത്തിന്റെ ചെവി നിന്റെ നേരെയും തുറന്നിരിക്കും .

നമ്മുടെ ദൈവവിശ്വാസവും ആത്മീയതയും ഭക്തകൃ ത്യങ്ങളും ആത്മാർത്ഥമാണെങ്കിൽ നാട്ടിലുള്ള ദരിദ്രരെ നമുക്കു ശ്രദ്ധിക്കാതിരിക്കാനാവില്ല. നമ്മുടെ നാട്ടിൽ, മാന്യമായ ഭക്ഷ ണമോ വസ്ത്രമോ സുരക്ഷിതമായി വസിക്കാനൊരുവീടോ ഇല്ലാത്തവരായി ദരിദ്രരായി കഴിയുന്നവർ നമുക്കെന്നും സുവി ശേഷം നല്കുന്ന ഓർമ്മപ്പെടുത്തലാണ്. സുരക്ഷിതമായി കഴി യുന്നവർക്ക്, ചുറ്റുമുള്ളവർക്കു സുരക്ഷയൊരുക്കാനും കഴി യണം. ഇത് ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ പൊതു ഉത്ത രവാദിത്വമാണ്. ഈ വർഷം മുതൽ 'ഹോം പാലാ പ്രൊജക്ട്' എന്ന പേരിൽ ഒരു ഭവനനിർമ്മാണ പദ്ധതി നമ്മുടെ രൂപത നടപ്പാക്കുകയാണ്. നമ്മുടെ രൂപതയ്ക്കുള്ളിൽ വീടില്ലാത്തവ രായി ആരും ഉണ്ടാകാൻ പാടില്ല. സ്വന്തമായി വീടോ വീടുവ യ്ക്കാൻ സ്ഥലമോ ഇല്ലാത്തവരായി നാനാജാതിമതസ്ഥർ നമ്മുടെ രൂപതയുടെ പരിധിയിലുണ്ട്. അഞ്ചേക്കറെങ്കിലും ഭൂമി സ്വന്തമായുള്ളവർ അഞ്ചു സെന്റ് വച്ച് നല്കിയാൽ കിടപ്പാട മില്ലാത്തവർക്ക് സ്ഥലം നല്കാനാകും. കൂടാതെ, സാമ്പത്തി കമായി കഴിവുള്ളവരെല്ലാം ഈ പദ്ധതിയോടു സഹകരിച്ചാൽ വീടില്ലാത്തവർക്ക് വീട് എന്ന സ്വപ്നപദ്ധതി നമുക്ക് പൂർത്തീ കരിക്കാനാവും. പലവേദികളിൽ പറഞ്ഞതിന്റെ ഫലമായി ഇരു

ന്നൂറിലധികം അപേക്ഷകൾ ബിഷപ്സ് ഹൗസിൽ എത്തിക ഴിഞ്ഞു.

നമ്മുടെ കൂടെ വസിക്കുന്ന ദൈവം തീർച്ചയായും നമ്മെ സഹായിക്കും. ഉള്ളത് ഇല്ലാത്തവരുമായി പങ്കുവച്ച്, ഉള്ള തെല്ലാം ഉപേക്ഷിക്കാൻ പറഞ്ഞവന്റെ പാത പിന്തുടരാം. ഉപേ ക്ഷിക്കലിന്റെ ചൈതന്യത്തിലൂടെ നമുക്കു സ്വർഗ്ഗം നേടാൻ ശ്രമിക്കാം. പുതിയ തീരുമാനങ്ങളെടുത്ത് കൂടുതൽ അർത്ഥവത്തായ രീതിയിൽ നമുക്കു നോമ്പാചരിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം

പാലാ, 20.02.2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം 2019 മാർച്ച് 3-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാല യങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ മഠങ്ങളിലും സ്ഥാപനങ്ങ ളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3169/K-5/KCBC/OL/DS 17.1.2019

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി

## കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാസഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചുവരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പുകാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലുംനിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരി

വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരിവിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യ നന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിതഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തികതകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽനിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരികമായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിയുടെ പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് നയിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: "സുഖലോലുപത, മദ്യാസ

ക്തി, ജീവിത വ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം.

"മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്തനാക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു". മദ്യപാനമെന്ന വിപത്തിനെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽനിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവതലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരളസമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്വം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതി

ഫലനങ്ങളാണ്. മദ്യമെന്ന ദൂഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യ നിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നുപോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കര

ണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരു

ന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തികളെയും സംരക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

---

NB: 2019 മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്. (ഫെബ്രുവരിയിലെ സാന്ത്വനപ്രകാശത്തിലും ഈ സർക്കുലർ നൽകിയിരുന്നു.)

ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.

Prot. No. 0383/2019

സർക്കുലർ

**2019 ജനുവരി 07 മുതൽ 18 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സീറോമലബാർ സഭയിലെ മെത്രാന്മാരുടെ 27-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർവിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസത്തിൽ നടക്കേണ്ടിയിരുന്ന 26-ാമതു സിനഡിന്റെ രണ്ടാം സമ്മേളനം പ്രളയംമൂലം നടത്താൻ സാധിച്ചില്ലല്ലോ. തൻമൂലം 27 -ാമത് സിനഡിന്റെ ഒന്നാം സമ്മേളനം 2019 ജനുവരിയിൽ ഒരാഴ്ചയ്ക്കുപകരം രണ്ടാഴ്ചയായി വർദ്ധിപ്പിച്ച് സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ വച്ച് കൂടി. പ്രളയക്കെടുതിയിൽ വലിയ നാശനഷ്ടങ്ങൾ നേരിടുകയും ഏറെ ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്ത എല്ലാവരുടെയും വേദനയിൽ സിനഡുപിതാക്കൻമാർ പങ്കുചേർന്നു. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കുവേണ്ടിയും കഷ്ടതകൾ അനുഭവിക്കുന്നവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. കേരളത്തിലും ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹായസന്നദ്ധതയും മഹാമനസ്കതയും വെളിപ്പെടുത്തുന്നതായിരുന്നു പ്രളയാനന്തരപ്രവർത്തനങ്ങൾ. വേദനയനുഭവിക്കുന്ന സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാകാൻ കരുണയുടെ കരങ്ങളായി പ്രവർത്തിച്ച ഏവർക്കും സിനഡ് കൃതജ്ഞതയും അഭിനന്ദനവും അറിയിച്ചു.

പ്രളയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി പങ്കുചേർന്നു എന്നത് ചാരി

താർത്ഥ്യജനകമായ വസ്തുതയാണ്. ഇപ്പോൾ ലഭിച്ചിരിക്കുന്ന കണക്കനുസരിച്ച് സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും സമർപ്പിത സമൂഹങ്ങളും അല്മായ സഹോദരങ്ങളും ചേർന്ന് 187,59,94806 (നൂറ്റി എൺപത്തിയേഴ് കോടി അൻപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റിയാറ്) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിൽ, സീറോമലബാർസഭയുടെ സാമൂഹിക പ്രവർത്തനശൃംഖലയായ സ്പന്ദനിലൂടെ സമാഹരിച്ച 1,13,05204 (ഒരു കോടി പതിമൂന്നു ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാല്) രൂപ കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യുകയുണ്ടായി. കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നേരത്തേ നൽകിയ ഒരുകോടിരൂപയിൽ 50 ലക്ഷം രൂപ സീറോ മലബാർ സഭയുടെ വിഹിതമായിരുന്നു എന്നതും ഈ സാഹചര്യത്തിൽ ഓർമിപ്പിക്കുന്നു. കൂടാതെ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും ചെറുതും വലുതുമായ സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സ്വന്തംനിലയിൽ കൊടുക്കുകയും ചെയ്തിരുന്നു.

മെത്രാഭിഷേകത്തിനുശേഷം ഈ സിനഡിൽ ആദ്യമായി പങ്കെടുത്ത ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം പിതാവിനും സിനഡ് സ്വാഗതം ആശംസിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും സിനഡ് ആശംസകൾ നേർന്നു. മുൻ സിനഡിന്റെ തീരുമാനങ്ങൾ പുനരവലോകനം ചെയ്തുകൊണ്ടാണ് സിനഡുസമ്മേളനം ആരംഭിച്ചത്. പല തീരുമാനങ്ങളും അതതു രൂപതാതലത്തിലും ആഗോളതലത്തിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞതിൽ സിനഡ് സംതൃപ്തി പ്രകടിപ്പിച്ചു.

**അജപാലനസമീപനങ്ങളും സഭാനവീകരണവും**

അടുത്തകാലത്ത് നമുക്ക് അഭിമുഖീഭവിക്കേണ്ടിവന്ന സംഭവവികാസങ്ങളെ തികഞ്ഞ ആത്മീയതയുടെ വെളിച്ചത്തിൽ വിലയിരുത്തുവാൻ പിതാക്കൻമാർ സിനഡു സമ്മേളനത്തിൽ ശ്രമിക്കുകയുണ്ടായി. സഭയിലെ വൈദികരും സന്ന്യസ്തരും തങ്ങളുടെ യഥാർത്ഥമായ വിളിയും ദൗത്യവും കൂടുതൽ ഗൗരവമായി എടുക്കേണ്ടതുണ്ട്. വൈദിക മേൽക്കോയ്മ, സ്ഥാപനവത്കരണം എന്നിവ ഒഴിവാക്കി ഈശോയുടെ മാതൃകയിൽ പൗരോഹിത്യശുശ്രൂഷയിലേക്ക് ഏവരും കടന്നുവരേണ്ടതുണ്ട്. ഈ വിധത്തിലുള്ള പ്രശ്നങ്ങൾക്ക് സഭാത്മകമായ ഒരു ശാശ്വതപരിഹാരം ആവശ്യമാണെന്ന് ഏവരും അഭിപ്രായപ്പെട്ടു. സഭയുടെ അടിസ്ഥാനപരമായ സാക്ഷ്യത്തെപ്പറ്റിയും ആനുകാലികപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാർഗങ്ങൾ ആരാഞ്ഞുകൊണ്ടും അവധാനപൂർണമായ ആത്മശോധന നടത്തുകയുണ്ടായി. യഥാർത്ഥത്തിലുള്ള ആത്മനവീകരണവും വിശുദ്ധീകരണവും സഭ നേതൃത്വം മുതൽ എല്ലാതലങ്ങളിലും അനിവാര്യമാണെന്ന് സിനഡ് വിലയിരുത്തി. അതിൻെറ വെളിച്ചത്തിൽ തയ്യാറാക്കിയ സർക്കുലർ നമ്മുടെ എല്ലാ ഇടവകകളിലും വായിച്ചിരുന്നല്ലോ.

മാറിയ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലത്തിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും എങ്ങനെ തരണം ചെയ്യണമെന്നത് സിനഡു പിതാക്കൻമാർ ശ്രദ്ധാപൂർവം വിചിന്തനം ചെയ്തു. നമ്മുടെ ക്രൈസ്തവതനിമയും വിശ്വാസ്യതയും ശക്തിപ്പെടുത്തുന്നതിനുള്ള സമീപനങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ആലോചനകളും നടത്തി. ഒരു സ്വയാധികാരസഭയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിച്ച നമ്മുടെ സഭ കൂടുതൽ ആത്മീയവളർച്ചയുടെയും സാക്ഷ്യത്തിന്റെയും വഴിയിലേക്ക് വരണമെന്ന അഭിപ്രായമുയർന്നു വന്നു. സഭയിലെ എല്ലാ വിഭാഗങ്ങളും ഘടകങ്ങളും തങ്ങളുടെ വിളി

യെയും വിശുദ്ധിയെയുംപറ്റി കൂടുതൽ ബോധമുള്ളവരായിത്തീരണം. വൈദികസാക്ഷ്യവും സന്ന്യസ്തസമർപ്പണവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. **ഇടവകകളിലെ കുടുംബയൂണിറ്റുകൾ, പ്രാർത്ഥനായോഗങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെ പ്രവർത്തനശൈലി പുനർവിചിന്തനം ചെയ്യപ്പെടേണ്ടതുണ്ട്.** സാമൂഹികതലങ്ങളിൽ സഭാമക്കളുടെയും സന്ന്യസ്തരുടെയും പങ്കാളിത്തം പുതിയ രൂപഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭാത്മകവും ക്രിസ്തീയവുമായ സാക്ഷ്യത്തിനുള്ള അവസരമാക്കി മാറ്റണം. സഭയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ലഭിക്കുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കാൻ രൂപതാതലത്തിൽ ഒരു പ്രശ്നപരിഹാരസമിതി (Grievance Redressal Cell) രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സിനഡ് ചർച്ച ചെയ്യുകയും അതതു രൂപതാദ്ധ്യക്ഷൻമാർ അതിന് മുൻകൈ എടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത്തരം സമിതികളിൽ അല്മായരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും സമയബന്ധിതമായി തീർപ്പുകല്പ്പിച്ച് നീതി നടപ്പാക്കുകയും വേണം.

കാലാകാലങ്ങളിൽ സഭയിലുണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാനും അവരെ ശ്രവിക്കുവാനുമുള്ള കൂടുതൽ കാര്യക്ഷമമായ വേദി നൽകണമെന്നും സിനഡ് അഭിപ്രായപ്പെട്ടു. ഇതിന്റെ പശ്ചാത്തലത്തിൽ, വരുംകാല സിനഡുസമ്മേളനങ്ങളോടനുബന്ധിച്ച് ഒരു ദിവസം അല്മായ പ്രതിനിധികളെ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ, സംഘടനാഭാരവാഹികളുടെ പ്രതിനിധികൾ തുടങ്ങിയവരെ, പങ്കെടുപ്പിക്കുന്നതിനെപ്പറ്റി ആലോചിച്ചു.

**സെയ്ഫ് എൻവയൺമെന്റ് പ്രോഗ്രാം**

വത്തിക്കാനിലെ വിശ്വാസതിരുസംഘത്തിന്റെയും ഭാരതമെത്രാൻ സമിതിയുടെയും മാർഗരേഖകളുടെ വെളിച്ചത്തിൽ

പള്ളികൾ, വൈദികഭവനങ്ങൾ, മതബോധന ക്ലാസ്സുകൾ, ഭക്ത സംഘടനകൾ, ആതുരാലയങ്ങൾ, സന്ന്യാസഭവനങ്ങൾ എന്നിവയുടെ പ്രവർത്തനരംഗങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സന്തോഷകരമായും സുരക്ഷിതമായും പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ സിനഡു തീരുമാനിച്ചു. കെ.സി.ബി.സി. പ്രസിദ്ധീകരിച്ച സെയ്ഫ് എൻവയൺമെന്റ് പ്രോഗ്രാം പോളിസി, നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള മേജർ ആർച്ച് ബിഷപ്പിന്റെ ഡിക്രിയുടെ കൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും സന്ന്യാസസമൂഹങ്ങളിലും ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ സമിതികൾ രൂപീകരിക്കുകയും ഡയറക്ടർമാരെ നിയമിക്കുകയും ചെയ്യേണ്ട താണ്. ഇത് നടപ്പിലാക്കുവാൻ ബഹു. വികാരിയച്ചൻമാരും സമർപ്പിതരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ വീഴ്ചകളും പിഴവുകളും നിയമലംഘനങ്ങളും സംഭവിച്ചാൽ ഇന്ത്യയിലെ നിയമവ്യവസ്ഥ അനുശാസിക്കുന്ന നടപടികളായിരിക്കും സ്വീകരിക്കേണ്ടതെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

**മാധ്യമവിചിന്തനം**

അതിവേഗം വളരുകയും അനുസ്യൂതം വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാമൂഹികമാധ്യമങ്ങളുടെയും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും ഉത്തരവാദിത്വബോധത്തോടെയുള്ള ഉപയോഗത്തെക്കുറിച്ചും ഈ മേഖലയിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെക്കുറിച്ചും സിനഡ് ചർച്ചചെയ്തു. മാധ്യമസാക്ഷരതയും ധാർമ്മികതയും നമ്മുടെ വിശ്വാസി സമൂഹത്തിൽ വളർത്തിയെടുക്കുകയും അവരെ പരിശീലിപ്പിക്കുകയും വേണം. അസത്യവും അവാസ്തവവുമായ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നത് ന്യായീകരിക്കാനാവില്ല. വ്യക്തിഹത്യയും സഭാസംവിധാനങ്ങൾക്കെതിരേയുള്ള ബോധപൂർവകമായ ദുഷ്പ്രചാരണങ്ങളും നടത്തു

ന്നത് മാന്യമായ മാധ്യമപ്രവർത്തനമല്ല. സാമൂഹികമാധ്യമങ്ങളിലൂടെ സഭയുടെ പ്രവർത്തനങ്ങളെ തമസ്കരിക്കാനും അവഹേളിക്കാനും ബോധപൂർവം നടത്തുന്ന ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവില്ല. സഭയോടുള്ള ചില മാധ്യമങ്ങളുടെ വിപ്രതിപത്തി തിരിച്ചറിഞ്ഞ് സഭയ്ക്കും സുവിശേഷമൂല്യങ്ങൾക്കുംവേണ്ടി നിലകൊള്ളുവാൻ നമ്മുടെ വിശ്വാസികളെ പ്രത്യേകിച്ച്, യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. സഭയുടെ മാധ്യമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സിനഡിന്റെ നേതൃത്വത്തിൽ ഒരു മാധ്യമ കമ്മീഷനെ നിയമിച്ചിട്ടുള്ള വിവരം ഈ അവസരത്തിൽ നിങ്ങളെ അറിയിക്കട്ടെ.

**വൈദിക പരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ**

സഭയിലെ വൈദികപരിശീലനപദ്ധതികളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്യുകയും സെമിനാരികളുടെ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്തു. ഭാവിവൈദികരുടെ പരിശീലനം ആനുകാലികപ്രസക്തവും സഭാത്മകവുമായിരിക്കണം. വൈദികവിദ്യാർത്ഥികളുടെ പരിശീലന കാലത്തുള്ള അജപാലനശുശ്രൂഷ പ്രോൽസാഹിപ്പിക്കേണ്ടതാണ്. വിശ്വാസപരിശീലനംപോലെ മാധ്യമപരിശീലനവും പ്രധാനപ്പെട്ടതാണ്. ആത്മീയവളർച്ച ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ മാനസികമായ പക്വത കൈവരിക്കുവാൻ പരിശീലനകാലഘട്ടത്തിൽ വൈദികവിദ്യാർത്ഥികളെ സഹായിക്കേണ്ടതുണ്ട്. സെമിനാരികളുടെ പ്രവർത്തനത്തിൽ അല്മായരുടെയും സന്ന്യസ്തരുടെയും സഹകരണവും പങ്കാളിത്തവും പ്രോൽസാഹനവും അനിവാര്യമാണെന്ന് സിനഡുപിതാക്കൻമാർ ആവർത്തിച്ച് അഭിപ്രായപ്പെട്ടു.

**പ്രവാസികളുടെ അജപാലനം**

കേരളത്തിനു വെളിയിലും ഇന്ത്യയ്ക്കുപുറത്തുമുള്ള പ്രവാസി സമൂഹങ്ങളുടെ അജപാലനശുശ്രൂഷ എന്നും സിന

ഡിന്റെ സത്വരശ്രദ്ധാവിഷയമാണ്. ഷംഷാബാദ് രൂപതാസ്ഥാപനത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിനുപുറത്തുള്ള സീറോ മലബാർ സഭാമക്കൾ കൗദാശികവും അജപാലനാപരവുമായ ആവശ്യങ്ങൾക്ക് നാട്ടിൽ വരുമ്പോൾ തങ്ങൾ ആയിരിക്കുന്ന സീറോ മലബാർ ഇടവകകളിൽനിന്ന് ആവശ്യമായ രേഖകൾ കൊണ്ടുവരേണ്ടതാണെന്നകാര്യം ഓർമിപ്പിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം അഭിവന്ദ്യ പിതാക്കൻമാർ എല്ലാ രൂപതകളിലും നല്കുമല്ലോ. ഗൾഫിലുള്ള നമ്മുടെ വിശ്വാസിസമൂഹത്തിന്റെ അജപാലനകാര്യങ്ങളും സിനഡിൽ ചർച്ച ചെയ്തു. മാർപ്പാപ്പയുടെ ഗൾഫ് സന്ദർശനം അവിടെയുള്ള നമ്മുടെ വിശ്വാസികൾക്ക് കൂടുതൽ ഉണർവ്വ് പകർന്നിട്ടുണ്ട്. അതിൽ സംബന്ധിച്ച എനിക്ക് ഇക്കാര്യം നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചു. എല്ലാ സമൂഹങ്ങളിലും, പ്രത്യേകിച്ച് പ്രവാസി സമൂഹങ്ങളിലും, സഭാത്മകചൈതന്യം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിനു പുറത്തുള്ള സാഗർ, സത്ന, ഉജ്ജയിൻ രൂപതകൾ സുവർണജൂബിലി ആഘോഷിച്ചവിവരം ഈയവസരത്തിൽ സന്തോഷത്തോടെ സ്മരിക്കുന്നു. രൂപതയായി ഉയർത്തപ്പെട്ട കാനഡയിലെ മിസ്സിസ്സാഗായുടെ മേലദ്ധ്യക്ഷനും വിശ്വാസികൾക്കും ഈയവസരത്തിൽ അനുമോദനങ്ങൾ അറിയിക്കുന്നു.

**സുവിശേഷവത്കരണത്തിന് നവസാധ്യതകൾ**

നമ്മുടെ സഭ ഭാരതം മുഴുവനിലും ആഗോളതലത്തിലും വളരുന്നത് സഭയുടെ സുവിശേഷവൽകരണത്തിനുള്ള സാധ്യതകൾ വിപുലമാക്കാനുള്ള അവസരമായിട്ടുവേണം നാം സ്വീകരിക്കാൻ. ഇന്ത്യയിലെവിടെയും പ്രവർത്തനസ്വാതന്ത്ര്യം ലഭിച്ചത് മുഖ്യമായും പ്രേഷിതപ്രവർത്തനത്തിനുള്ള വലിയ സാധ്യതകൾ നൽകുന്നുവെന്ന് ഫ്രാൻസിസ് മാർപാപ്പാ 2017 ഒക്ടോബർ 9-ന് പ്രസിദ്ധീകരിച്ച എഴുത്തിൽ

പ്രതിപാദിക്കുന്നുണ്ട്. സുവിശേഷചൈതന്യത്തിന്റെ അടിസ്ഥാനത്തിലും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ വിവേചിച്ചറിഞ്ഞും സഭയുടെ സുവിശേഷവത്കരണപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യണം. സഭാത്മക പ്രവർത്തനങ്ങളിലൂടെയും നമ്മുടെ സാന്നിദ്ധ്യത്തിലൂടെയും സാക്ഷ്യത്തിലൂടെയും പ്രേഷിതപ്രവർത്തനങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകളേറെയാണ്. ഇതിനായി സഹകരിക്കുവാൻ മാതൃസഭയിലെ വൈദികരും സന്ന്യസ്തരും അല്മായപ്രേഷിതരും മുമ്പോട്ട് വരേണ്ടതുണ്ട്. നാട്ടിലെ ഓരോ രൂപതാവൈദികനും, പ്രത്യേകിച്ച് യുവവൈദികർ, രണ്ടോ മൂന്നോ വർഷത്തേക്കെങ്കിലും കേരളത്തിനുപുറത്തുള്ള നമ്മുടെ മിഷൻ കേന്ദ്രങ്ങളിൽ സേവനം ചെയ്യുന്ന കാര്യം ആലോചിക്കണമെന്ന അഭിപ്രായമുണ്ടായി. ഈ മിഷൻ സംരംഭത്തിൽ നാട്ടിലെ രൂപതകളിലെ സമ്പന്നരായ വ്യക്തികളും കുടുംബങ്ങളും പുറത്തുള്ള മിഷനുകളെ ദത്തെടുക്കുന്ന ഒരു സംവിധാനത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. ഇതിനോടകം നമ്മുടെ മിഷൻരൂപതകളെ നാട്ടിലെ പല രൂപതകളും ദത്തെടുത്തിട്ടുണ്ടെന്നതും നമ്മുടെ പല വൈദികരും സന്ന്യാസസമൂഹങ്ങളും അവിടെ സേവനം ചെയ്യുന്നുവെന്നതും ഈയവസരത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

### വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികൾ

വിദ്യാഭ്യാസമേഖലയിൽ ന്യൂനപക്ഷസ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സഭ ഉൽക്കണ്ഠയോടെയാണ് നോക്കിക്കാണുന്നത്. വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാതെ വലയുന്ന അദ്ധ്യാപകരുടെ സാഹചര്യം സഹാനുഭൂതിയോടെ സഭ മനസ്സിലാക്കുന്നു. ന്യൂനപക്ഷാവകാശങ്ങൾ പരിഗണിക്കുമ്പോൾ മതങ്ങൾക്ക് ഉപവിഭാഗങ്ങളില്ല എന്നുള്ള കോടതിവിധിയും അനുബന്ധമായ സർക്കാർ ഉത്തരവും ന്യൂനപക്ഷസ്ഥാപനങ്ങളുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കുകയും ക്രമേണ അവയെ ഇല്ലാതാക്കുകയും ചെയ്യുമെന്നത് നമുക്ക് ആശങ്കയുണർത്തുന്നതാണ്.

**ഇനിയും പരിഹരിക്കാത്ത കർഷകരുടെ പ്രശ്നങ്ങൾ**

നമ്മുടെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാർഷികവിളകളുടെ വിലത്തകർച്ച, കൃഷിയിടങ്ങളിലെ വന്യമൃഗശല്യം എന്നിവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് ശാശ്വതമായ പരിരക്ഷയും പരിഹാരവുമാണ് സഭ പ്രതീക്ഷിക്കുന്നത്. അതിനായി രൂപതാതലത്തിലും ഇടവകതലത്തിലും ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കത്തോലിക്കാകോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്. കർഷകരുടെ പ്രശ്നങ്ങൾ, ദളിത്സംവരണം തുടങ്ങിയ കാര്യങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് കൂടുതൽ ഇടപെടണമെന്ന അഭിപ്രായവുമുണ്ടായി.

**സംഘടനാപ്രവർത്തനങ്ങൾ**

നമ്മുടെ യുവജനസംഘടനയായ SMYM (സീറോ മലബാർ യൂത്ത് മൂവ്മെന്റ്) ന്റെ നിയമാവലിക്ക് സിനഡ് നൽകിയിരുന്ന താത്കാലിക അംഗീകാരം മൂന്നു വർഷത്തേക്കുകൂടി നീട്ടുകയുണ്ടായി. നമ്മുടെ എല്ലാ രൂപതകളിലും യുവജന സംഘടനാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനും അതുവഴി നമ്മുടെ യുവതീയുവാക്കളുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുവാനും സിനഡ് പിതാക്കൻമാർ ആഹ്വാനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗിന്റെ നിയമാവലിയും ഈ സിനഡു സമ്മേളനത്തിൽ അംഗീകരിക്കുകയുണ്ടായി. നമ്മുടെ സഭയുടെ ദൈവവിളി പ്രോത്സാഹനത്തിനുള്ള മാർഗരേഖയും ഈ സിനഡ് അംഗീകരിച്ചു.

**അസംബ്ലി തീരുമാനങ്ങൾ പ്രായോഗിക തലത്തിലേയ്ക്ക്**

2016 ആഗസ്റ്റ് മാസത്തിൽ നടന്ന നാലാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സിനഡിൽ രൂപപ്പെട്ട 10 തീരുമാനങ്ങൾ കഴിഞ്ഞ വർഷം നടപ്പാക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നമ്മുടെ എല്ലാ രൂപതകളിലും നടപ്പിലാക്കുന്നതിനായി ഈ

സിനഡ് സമ്മേളനം ചർച്ച ചെയ്തു തീരുമാനിച്ച 10 നിർദ്ദേശ ങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. സഭയിൽ നേതൃത്വശുശ്രൂഷയിലേക്ക് കടന്നുവരുന്ന അല്മായ സഹോദരങ്ങൾക്ക്, പ്രത്യേകിച്ച് കൈക്കാരന്മാർ, ദേവാലയശുശ്രൂഷികൾ, മതാദ്ധ്യാപകർ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, സംഘടനാഭാരവാഹികൾ എന്നിവർക്ക്, സഭയുടെ ജീവിതശൈലിക്ക് യോജിച്ച ലാളിത്യത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം നല്കണം. പ്രായപരിധികൾക്കനുസരിച്ചും കുടും ബതലത്തിലും ധ്യാനങ്ങളും ബോധവത്കരണ സെമിനാറു കളും കൂടുതലായി പ്രോത്സാഹിപ്പിക്കണം.
2. ഇടവക ഉൾപ്പെടെയുള്ള സഭയുടെ ഭരണസംവിധാനങ്ങളിൽ പ്രകടമാകുന്ന ഉദ്യോഗസ്ഥ മേധാവിത്വശൈലി ഉപേക്ഷിക്കണം. സഭാസംവിധാനങ്ങളുടെ ഓഫീസുകൾ അജപാലനശുശ്രൂഷയുടെ സ്വഭാവം നിലനിർത്തുകയും ആവശ്യമെങ്കിൽ ജനങ്ങൾക്ക് കൂടുതൽ സംലഭ്യമാകും വിധം പുനഃക്രമീകരണം നടത്തുകയും വേണം.
3. വൈദികരിൽനിന്നും സമർപ്പിതരിൽനിന്നും കൂടുതൽ ഹൃദ്യമായ വാക്കുകളും സമീപനങ്ങളും എല്ലാ ജനങ്ങൾക്കും, വിശിഷ്യ യുവജനങ്ങൾക്കും ലഭിക്കണം.
4. പരിസ്ഥിതി സംരക്ഷണത്തിനായി ഇടവകകളും സ്ഥാപനങ്ങളും ക്ലീൻ പാരിഷ് പരിപാടികളും ക്ലീൻ ക്യാംപസ് പ്രോജക്റ്റുകളും നടപ്പിലാക്കണം.
5. യുവജനങ്ങളുടെ ജോലിസാദ്ധ്യതകൾ സംബന്ധിച്ചും വിവിധ രീതികളിൽ ക്ലേശമനുഭവിക്കുന്നവർക്കുള്ള സർക്കാർ പദ്ധതികൾ, സബ്സിഡികൾ, സഹായങ്ങൾ മുതലായവയെ ക്കുറിച്ചും അറിവ് നല്കുന്നതിനായി ഹെൽപ്ഡെസ്ക്, രൂപത/ഫൊറോന തലങ്ങളിൽ ഏർപ്പെടുത്തണം.

6. പാർശ്വവത്കരിക്കപ്പെട്ടവർ ഇന്ത്യയിൽ ക്രൂരമായ പീഡനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നത് തികച്ചും അപലപനീയമാണ്. ദളിതരുടെയും സ്ത്രീകളുടെയും കുട്ടികളു ടെയും മതന്യൂനപക്ഷങ്ങളുടെയും വിമോചനത്തിനും ശാക്തീകരണത്തിനും വേണ്ടി നാം മുന്നിട്ടിറങ്ങണം. പാർശ്വവത്കരിക്കപ്പെട്ടവർക്കുള്ള അവകാശങ്ങൾ സർക്കാരിൽനിന്ന് നേടിയെടുക്കുവാൻ ഫലപ്രദമായ മാർഗങ്ങൾ തേടേണ്ടതാണ്.
7. മിഷണറിമാരെ, അവരുടെ മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാനുമായി ഇടവകകളിലേക്കും രൂപതകളിലേക്കും ക്ഷണിക്കണം.
8. തിരുനാളുകൾ ഇടവകയുടെ പൊതുവായ ആഘോഷമാക്കുവാൻ ശ്രദ്ധിക്കുകയും ഒരു വ്യക്തിയെയോ, കുടുംബത്തെയോ മാത്രമായി പ്രസുദേന്തി ആക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.
9. വൈവാഹിക കുടുംബബന്ധങ്ങളിലുള്ള തകർച്ചമൂലം ദുരിതമനുഭവിക്കുന്ന വിശ്വാസികളെ സഹായിക്കുവാനും സന്തോഷപ്രദമായ കുടുംബജീവിതം പുനരാരംഭിക്കുവാൻ അവരെ പ്രാപ്തരാക്കാനുംവേണ്ടണ്ടി എല്ലാ വൈദികരും സന്ന്യസ്തരും പരിശ്രമിക്കണം. യോഗ്യരായ ദമ്പതികളെ ഇത്തരം അജപാലന ശുശ്രൂഷകൾക്കായി പരിശീലനം നല്കി നിയോഗിക്കാവുന്നതാണ്.
10. പ്രവാസി പ്രദേശങ്ങളിൽ പ്രോവിൻസുകളും വനങ്ങളും തുടങ്ങുവാൻ സീറോ മലബാർ സഭയിൽപ്പെട്ട സമർപ്പിതസമൂഹങ്ങൾ തയ്യാറാകണം.

2018 സെപ്റ്റംബർ 1 മുതൽ പ്രളയത്തോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യാലയത്തിലെ ചാപ്പലിൽ നിത്യാരാധന നടത്തുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. നിത്യാരാധനയുടെ ഓരോ ദിവസവും സഭയുടെ

വിവിധങ്ങളായ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. സിനഡുദിവസങ്ങളിൽ അഭിവന്ദ്യപിതാക്കൻമാരെ അഭിസംബോധന ചെയ്യാനും വ്യക്തിപരമായി കണ്ടു സംസാരിക്കാനും പേപ്പൽ നുൺഷ്യോ ആർച്ച് ബിഷപ്പ് ജാൻബത്തിസ്ത്ത ദിക്വാത്രോ സന്നിഹിതനായിരുന്നു എന്നത് ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അതുപോലെ ദീർഘനാൾ സഭാകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തശേഷം വിരമിക്കുന്ന കൂരിയ ചാൻസലർ ബഹു. ആന്റണി കൊള്ളന്നൂരച്ചനും ഫിനാൻസ് ഓഫീസർ ബഹു. മാത്യു പുളിമൂട്ടിലച്ചനും ഈ സാഹചര്യത്തിൽ കൃതജ്ഞത അർപ്പിക്കുന്നു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കുംശേഷം 18-ാം തീയതി സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നൻമയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2019-ാം ആണ്ട് ഫെബ്രുവരി മാസം 20 -ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സന്ന്യസ്തരുടെയും അല്മായസഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

Ref: 3179/K-5/KCBC/OL/DS

25.02.2019

# 2019 നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമാ 8:19)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവം ഓരോ വർഷവും സഭാമാതാവിലൂടെ "സന്തോഷപ്രദമായ ഈ കാലഘട്ടം നമുക്കു നല്കുന്നു - നവീകൃതമായ മനസ്സോടും ഹൃദയത്തോടുംകൂടി പെസഹാ രഹസ്യം ആഘോഷിക്കുവാൻ നാം ഒരുങ്ങുന്ന കാലഘട്ടം - ക്രിസ്തുവിൽ നമുക്കു പുതിയ ജീവൻ നല്കിയ മഹാസംഭവങ്ങളെ ഓർമ്മിക്കുന്ന കാലഘട്ടം" (ആമുഖ പ്രാർത്ഥന 1 നോമ്പുകാലം). ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ഫലമായി നമ്മൾ സ്വീകരിച്ച രക്ഷയുടെ നിറവേറലിലേക്ക് ഈസ്റ്റർ മുതൽ ഈസ്റ്റർ വരെ അങ്ങനെ യാത്ര ചെയ്യാൻ നമുക്കു കഴിയും. "എന്തെന്നാൽ പ്രത്യാശയിലേക്ക് നാം രക്ഷപ്രാപിക്കുന്നത്" (റോമാ 8:24). നമ്മുടെ ഭൗമികജീവിതങ്ങളിൽ നേരത്തേ തന്നെ പ്രവർത്തനനിരതമായിക്കൊണ്ടിരിക്കുന്ന ഈ രക്ഷാരഹസ്യം ചരിത്രത്തെയും സൃഷ്ടി മുഴുവനെയും ആശ്ലേഷിക്കുക കൂടി ചെയ്യുന്ന ഒരു ചലനാത്മക പ്രക്രിയയാണ്.

വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമാ 8:19). ഈ വീക്ഷണപ്രകാരം, ഈ വരുന്ന നോമ്പുകാലത്ത് നമ്മുടെ മാനസാന്തര യാത്രയോട് ഒന്നുചേർന്നുപോകാൻ ചില ചിന്തകൾ തരാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. സൃഷ്ടിയുടെ വീണ്ടെടുപ്പ്

ക്രിസ്തുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്ന ത്രിദിന പെസഹാചരണം ആരാധനാക്രമവർഷത്തിന്റെ ഉച്ചകോ

ടിയാണ്. ക്രിസ്തുവുമായുള്ള നമ്മുടെ അനുരൂപപ്പെടൽ (cf റോമാ 8:29) ദൈവിക കാരുണ്യത്തിന്റെ ഒരു അമൂല്യസമ്മാനമാണെന്ന അറിവോടെ തയ്യാറെടുപ്പിന്റെ ഒരു യാത്ര നടത്താൻ അത് നമ്മെ വർഷംതോറും ക്ഷണിക്കുന്നു.

നമ്മൾ ദൈവമക്കളെന്ന നിലയിൽ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരും (cf റോമാ 8:14) ദൈവികനിയമത്തെ അംഗീകരിക്കാനും അനുസരിക്കാനും കഴിവുള്ളവരുമാണ്. ആ നിയമം നമ്മുടെ ഹൃദയങ്ങളിലും പ്രകൃതിയിലും എഴുതപ്പെട്ടതാണ്. നാം സൃഷ്ടിയുടെ വീണ്ടെടുപ്പിൽ സഹകരിക്കുന്നതിലൂടെ സൃഷ്ടിയുടെ ഉപകർത്താക്കളായിത്തീരുന്നു. അതുകൊണ്ടാണ് സൃഷ്ടി ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, യേശുവിന്റെ പെസഹാരഹസ്യത്തിന്റെ കൃപ ആസ്വദിക്കുന്ന എല്ലാവരും അതിന്റെ നിറവേറൽ അനുഭവിച്ചറിയുന്നത് മനുഷ്യശരീരത്തിന്റെ വീണ്ടെടുപ്പിൽത്തന്നെ യാണ്. ക്രിസ്തുവിന്റെ സ്നേഹം വിശുദ്ധരുടെ ജീവിതങ്ങളെ ചൈതന്യത്തിലും ശരീരത്തിലും ആത്മാവിലും രൂപാന്തരപ്പെടുത്തുമ്പോൾ അവ ദൈവത്തിനു സ്തുതി സമർപ്പിക്കുന്നു. പ്രാർത്ഥന, ധ്യാനം, കല എന്നിവയിലൂടെ അവ മറ്റു സൃഷ്ടികളെയും ആ സ്തുതിയിൽ ഉൾപ്പെടുത്തുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ "സൃഷ്ടികളുടെ സംഗീത"ത്തിൽ വിസ്മയനീയമാംവിധം അതു പ്രകടമാണല്ലോ (cf. ലാവുദാത്തോ സി, 87). എന്നാലും ഈ ലോകത്തിൽ വീണ്ടെടുപ്പ് ഉത്പാദിപ്പിച്ച് സമന്വയം പാപത്തിന്റെയും മരണത്തിന്റെയും നിഷേധാത്മക ശക്തിയുടെ നിരന്തര ഭീഷണിക്കു കീഴിലാണ്.

**2. പാപത്തിന്റെ നാശാത്മകശക്തി**

യഥാർത്ഥത്തിൽ, നാം ദൈവത്തിന്റെ മക്കളെന്ന നിലയിൽ ജീവിക്കുന്നതിൽ പരാജയപ്പെടുമ്പോൾ നമ്മൾ അയല്ക്കാരോടും മറ്റു സൃഷ്ടികളോടും – നമ്മോടുതന്നെയും – നാശകരമായ രീതിയിൽ പെരുമാറുന്നു. കാരണം, അവരെയെല്ലാം നമ്മുടെ ഇഷ്ടമ

നുസരിച്ച് ഉപയോഗിക്കാമെന്ന് ഏറെക്കുറെ ബോധപൂർവം നാം ചിന്തിക്കാൻ തുടങ്ങുന്നു. അപ്പോൾ മിതത്വമില്ലായ്മ വിജയിക്കുന്നു: നമ്മുടെ മാനുഷികാവസ്ഥയും പ്രകൃതിതന്നെയും നമുക്കു നല്കിയിട്ടുള്ള പരിമിതികളെ അതിലംഘിക്കുന്ന ഒരു ജീവിതം നയിക്കാൻ നാം പരിശ്രമിക്കുന്നു. ദൈവചിന്തയോ ഭാവിപ്രത്യാശയോ ഇല്ലാതെ പ്രവർത്തിക്കുന്ന ദൈവനിഷേധികളുടെ തനിസ്വാഭാവമായി ജ്ഞാനഗ്രന്ഥം (cf. 2,1-11) സൂചിപ്പിക്കുന്നതരം കടിഞ്ഞാണില്ലാത്ത ആഗ്രഹങ്ങൾക്ക് നമ്മൾ കീഴ്പ്പെടുന്നു. നാം നിരന്തരം ഈസ്റ്ററിലേക്കു തിരിയാതിരുന്നാൽ, ഉത്ഥാനത്തിന്റെ ചക്രവാളത്തിലേക്കു തിരിയാതിരുന്നാൽ, "എനിക്ക് എല്ലാം വേണം, ഇപ്പോൾത്തന്നെ വേണം" "അമിതമായതു മതിയാകുന്നില്ല" എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളിൽ പ്രകടമാകുന്ന മനോഭാവം മേല്ക്കൈനേടും.

നമുക്ക് അറിയാവുന്നതുപോലെ, എല്ലാ തിന്മയുടെയും വേര് പാപമാണ്. അത് ആദ്യത്തെ പ്രത്യക്ഷപ്പെടൽ മുതൽ ദൈവവുമായുള്ള നമ്മുടെ ഐക്യത്തെയും മറ്റുള്ളവരോടും പ്രകൃതിയോടു തന്നെയുമുള്ള ഐക്യത്തെയും തകർത്തു. പ്രകൃതിയോട് നമ്മുടെ ശരീരം വഴി നാം പ്രത്യേകമാംവിധം ബന്ധപ്പെട്ടാണിരിക്കുന്നതിനാൽ ദൈവവുമായുള്ള ഐക്യത്തിന്റെ ഈ തകർച്ച ഞാൻ ജീവിക്കാൻ വിളിക്കപ്പെട്ട പരിസ്ഥിതിയുമായുള്ള ഐക്യപൂർണമായ ബന്ധത്തെയും തകർക്കുന്നു. അങ്ങനെ പൂന്തോട്ടം ഒരു മരുഭൂമിയായിത്തീർന്നു (cf ഉത്പ. 3:17-18). സൃഷ്ടിയുടെ ദൈവമായി തന്നെത്തന്നെ പരിഗണിക്കാൻ മനുഷ്യനെ പാപം പ്രേരിപ്പിക്കുന്നു. സൃഷ്ടിയുടെ അധികാരിയായി സ്വയം ചമഞ്ഞ് സ്രഷ്ടാവ് നിശ്ചയിക്കാത്തതും സ്വന്തം താത്പര്യങ്ങൾക്കു ചേർന്നതുമായ വിധത്തിൽ മനുഷ്യൻ സൃഷ്ടിയെ ഉപയോഗിക്കുന്നത് മറ്റു സൃഷ്ടികളുടെ നാശത്തിനു കാരണമാകും.

ദൈവത്തിന്റെ നിയമം അഥവാ സ്നേഹത്തിന്റെ നിയമം ഉപേക്ഷിക്കുമ്പോൾത്തന്നെ 'ദുർബലന്റെ മേൽ ശക്തൻ' എന്ന നിയമം നടപ്പിലാകും. മനുഷ്യഹൃദയത്തിൽ ഒളിച്ചിരിക്കുന്ന പാപം (cf മർക്കോ 7:20-23) അത്യാഗ്രഹത്തിനും സുഖത്തിനുവേണ്ടി

യുള്ള അനിയന്ത്രിതമായ ഓട്ടത്തിന്റെയും മറ്റുള്ളവരുടെയും തന്റെ തന്നെയും നന്മയോടുള്ള താത്പര്യമില്ലായ്മയുടെയും രൂപം സ്വീകരിക്കും. അത്, ഓരോ ആഗ്രഹവും ഒരു അവകാശമായി കാണുന്ന ആ അദമ്യമായ മോഹത്താൽ, സൃഷ്ടികളുടെ - അതായത് വ്യക്തികളുടെയും പരിസ്ഥിതിയുടെയും - ചൂഷണത്തിലേക്ക് നയിക്കും; ഉടനെയോ, പിന്നീടോ അതിന്റെ പിടിയിലുള്ള എല്ലാം നശിപ്പിക്കുകയും ചെയ്യും.

**3. അനുതാപത്തിന്റെയും ക്ഷമിക്കലിന്റെയും സൗഖ്യദായകശക്തി**

"പുതിയസൃഷ്ടി" ആക്കപ്പെട്ട ദൈവമക്കളുടെ വെളിപ്പെടൽ സൃഷ്ടിക്ക് അത്യാവശ്യമാണ്. എന്തെന്നാൽ "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതുകടന്നുപോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു" (2 കോറി, 5:17). യഥാർത്ഥത്തിൽ അവരുടെ വെളിപ്പെടൽ മുഖേന സൃഷ്ടിക്കു തന്നെ, പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും സ്വയം തുറന്നുകൊണ്ട് (cf വെളി 21:1) ഒരു പെസഹാ ആഘോഷിക്കാം. ഈസ്റ്ററിലേക്കുള്ള പാത ഒരുകാര്യം ആവശ്യപ്പെടുന്നുണ്ട് - പെസഹാരഹസ്യത്തിന്റെ സമൃദ്ധമായ കൃപാവരം പൂർണ്ണമായി ജീവിക്കുന്നതിനുവേണ്ടി നാം, ക്രൈസ്തവരെന്ന നിലയിൽ, നമ്മുടെ മുഖങ്ങളെയും ഹൃദയങ്ങളെയും അനുതാപം, മാനസാന്തരം, ക്ഷമിക്കൽ എന്നിവയിലൂടെ നവീകരിക്കണം. സർവ്വസൃഷ്ടിയുടെയും 'ആകാംക്ഷയോടുള്ള കാത്തിരുപ്പ്' പൂർത്തിയാക്കുന്നത് ദൈവമക്കളുടെ വെളിപ്പെടലിലാണ്, അതായത്, ക്രൈസ്തവരും സകലജനവും മാനസാന്തരത്തിന്റെ അവിഭാജ്യഘടകമായ ആ ' 'ഈറ്റുനോവി'ലേക്ക് ആത്യന്തികമായി പ്രവേശിക്കുമ്പോഴാണ്. സൃഷ്ടി മുഴുവനും നമ്മോടൊപ്പം മുമ്പോട്ടു പോകാൻ വിളിക്കപ്പെട്ടിരിക്കുന്നു. "സൃഷ്ടി ജീർണ്ണതയുടെ അടിമത്വത്തിൽ നിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും" (റോമ 8.21) നോമ്പുകാലം ഈ മാനസാന്തരത്തിന്റെ കൗദാശികമായ അടയാളമാണ്.

വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ പെസഹാരഹസ്യത്തെ മൂർത്തീഭവിപ്പിക്കാൻ അത് ക്രിസ്ത്യാനികളെ ക്ഷണിക്കുന്നു. സർവോപരി ഉപവാസം, പ്രാർത്ഥന, ധർമദാനം എന്നിവ വഴിയാണ് അങ്ങനെ ചെയ്യേണ്ടത്.

**ഉപവാസം:** ഇത് മറ്റുള്ളവരോടും സൃഷ്ടിമുഴുവനോടുമുള്ള നമ്മുടെ മനോഭാവത്തെ മാറ്റാൻ പഠിക്കലാണ്; നമ്മുടെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിന് എല്ലാം വിഴുങ്ങുവാനുള്ള പ്രലോഭനത്തിൽ നിന്ന് പിന്തിരിയലാണ്; നമ്മുടെ ഹൃദയത്തിന്റെ ശൂന്യത നിറയ്ക്കാൻ കഴിയുന്ന സ്നേഹത്തിനുവേണ്ടി സഹിക്കാൻ തയ്യാറാകലാണ്. **പ്രാർത്ഥന:** വിഗ്രഹാരാധനയും നമ്മുടെ അഹംഭാവത്തിന്റെ സ്വയം പര്യാപ്തതയും ഉപേക്ഷിക്കാനും കർത്താവിനെയും അവിടത്തെ കാരുണ്യത്തെയും നമുക്ക് ആവശ്യമുണ്ടെന്ന് അംഗീകരിക്കാനും പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. **ധർമ്മദാനം:** നമുക്കില്ലാത്ത ഒരു ഭാവി കൈക്കലാക്കാൻ നമുക്കു കഴിയുമെന്ന മിഥ്യയായ വിശ്വാസത്തിൽ എല്ലാം നമുക്കുവേണ്ടി സംഭരിച്ചുവയ്ക്കുന്ന മാനസികവിഭ്രാന്തിയിൽ നിന്ന് ധർമ്മദാനം വഴി നാം രക്ഷപ്പെടുന്നു. അങ്ങനെ സൃഷ്ടിയെയും നമ്മിൽ ഓരോരുത്തരെയും സംബന്ധിച്ച് ദൈവത്തിനുള്ള പദ്ധതിയുടെ സന്തോഷം വീണ്ടും കണ്ടെത്താം. അവിടത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും മുഴുവൻ ലോകത്തെയും സ്നേഹിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്. ഈ സ്നേഹത്തിൽ നമ്മുടെ യഥാർത്ഥമായ സന്തോഷം കണ്ടെത്താം.

പ്രിയ സഹോദരീസഹോദരന്മാരേ, നാല്പതു ദിവസത്തെ "നോമ്പു"കാലം ദൈവപുത്രൻ സൃഷ്ടിയുടെ മരുഭൂമിയിൽ ചെലവഴിച്ചു. അതിനെ വീണ്ടും ആദിമ പാപത്തിനുമുമ്പ് ആയിരുന്നതുപോലെ ദൈവവുമായുള്ള ഐക്യത്തിന്റെ പൂന്തോട്ടമാക്കിത്തീർക്കുകയെന്ന ലക്ഷ്യം ആ മരുഭൂമി വാസത്തിനുണ്ടായിരുന്നു (cf മർക്കോ 1:12-13, ഏശ 51:3). അതേ പാതയിലൂടെയുള്ള യാത്രയായിരിക്കട്ടെ നമ്മുടെ ഈ വർഷത്തെ നോമ്പുകാലം. അത് സൃഷ്ടിക്കും ക്രിസ്തുവിന്റെ പ്രത്യാശ നല്കട്ടെ. അങ്ങനെ

“സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും” (റോമാ 8:21). കൃപാവരത്തിന്റെ ഈ കാലയളവ് മിഥ്യയാകാൻ നാം അനുവദിക്കരുത്! യഥാർത്ഥ മാനസാന്തരത്തിന്റെ പാതയിലൂടെ പുറപ്പെടാൻ നമുക്ക് ദൈവസഹായം യാചിക്കാം. നമ്മുടെ സ്വാർത്ഥതയും സ്വയം മുഴുകലും ഉപേക്ഷിക്കാം. യേശുവിന്റെ പെസഹായിലേക്കു തിരിയാം. നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളിൽ നമുക്ക് അവരോടൊപ്പം നില്ക്കുകയും നമ്മുടെ ആത്മീയവും ഭൗതികവുമായ സ്വത്തുക്കൾ അവരുമായി പങ്കുവയ്ക്കുകയും ചെയ്യാം. ഇങ്ങനെ, പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ക്രിസ്തുവിന്റെ വിജയത്തെ വസ്തുനിഷ്ഠമായി നമുക്കു സ്വാഗതം ചെയ്യാം. അതിന്റെ പരിവർത്തനാത്മകമായ ശക്തിയെയും മുഴുവൻ സൃഷ്ടിയിലേക്കും പ്രസരിപ്പിക്കാം.

വത്തിക്കാനിൽ നിന്ന് 4 ഒക്ടോബർ 2018,<br>വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# GENERAL TRANSFERS & APPOINTMENTS

## Vicars & Institutional Heads

**Very Rev / Rev. Father**

| No. | Name | Office |
|---|---|---|
| 1. | Adappacheril Sebastian | Director, Beth Aprem Nazrani Dayara, Kappumthala |
| 2. | Anithanam Kurian | Relieved, Vicar, Anthiyalam & Residence at Shalom Pastoral Centre |
| 3. | Anithottathil Gervasis | Asst. Manager, Constructions, Mar Sleeva Medicity, Cherpunkal, Pala |
| 4. | Arackal Joseph | Vicar, Parathanam |
| 5. | Chakkalayil Thomas | Relieved, Chaplain, FC Convent, Kalloorkalam & Residence at Mar Aprem Priests' Home, Pala |
| 6. | Chandrankunnel Mathew | Managing Director, Rashtra Deepika Ltd |
| 7. | Chavelil John | Pastoral Ministry, Gujrat Mission in the Eparchy of Shamshabad |
| 8. | Chillackal Thomas | Vicar, Malappuram |
| 9. | Choorakatt George | Retired, appointed Director, Mar Aprem Priest Home, Pala |
| 10. | Ellathuparampil Joseph | Vicar, Elappally |
| 11. | Eruvelikunnel Antony | Vicar, Santhipuram |
| 12. | Ettuparayil Sebastian | Director, Alphonsian Pastoral Institute |

| | | |
|---|---|---|
| 13. | Kadalikattil Mathew | Vicar, Kakkomb & Teaching inThudanganad |
| 14. | Kappiliparampil Kuriakose | Relieved, Director, SMYM |
| 15. | Keeramthadathil Joseph | Vicar, Perumthuruth |
| 16. | Kizhake Aranjaniyil George | Vicar, Anthinad |
| 17. | Kizhakearanjaniyil Mathew | Vicar, Mundankal |
| 18. | Kizhakkekara Joseph | Retired and appointed Spiritual Director, St. Alphonsa Shrine Church and the Pilgrim Centre, Bharananganam |
| 19. | Kizhakkekollithanam Thomas | Vicar, Poozhikol |
| 20. | Kizhakkeparampil Michael | Vicar, Elamthottam |
| 21. | Kochayyankanal James | Vicar, Chempilavu |
| 22. | Kochumuriyil Joseph | Vicar, Edamaruku |
| 23. | Kochuparampil Joseph | Retired & Residence at Mar Aprem Priest Home, Pala |
| 24. | Kolath Augustine | Medical Leave |
| 25. | Kollamparampil Joseph | Relieved, Syncellus and appointed as Co-Ordinator, Mission for Evangelization and Pastoral Care at Central Gujarat entrusted to the Eparchy of Palai by the Eparchy of Shamshabad |

| | | |
|---|---|---|
| 26. | Koonammackal Thomas | Relieved, Director, Beth Aprem Nazrani Dayara, Kappumthala; SEERI, Kottayam & Residence at Vianney Priest Home, Muttuchira |
| 27. | Koonanickal Joseph | Vicar, Cholathadam |
| 28. | Kottarathil Emmanuel | Vicar, Mutholy |
| 29. | Kozhikott Alexander | Residence at Kozhikott House, Kadanad |
| 30. | Kulangara Philip | Vicar, Sleevapuram |
| 31. | Kumbulumoottil Sebastian | Vicar, Santhigiri |
| 32. | Kumminiyil Joseph | Vicar, Maryland |
| 33. | Madickagal James | Relieved, Asst. Director SMYM & Jesus Youth (additional) |
| 34. | Madukavil George | Vicar, Neeloor |
| 35. | Maleparampil Joseph | Relieved from additional office as Co-Ordinator, Mission for Evangelization and Pastoral Care at Central Gujarat entrusted to the Eparchy of Palai by the Eparchy of Shamshabad and are given the responsibilities as Syncellus of the Eparchy as Chairman, Engineering College Choondacherry, Regular Schools under the Corporate Agency, |

| | | |
|---|---|---|
| | | Alphonsian Pastoral Institute, Religious Women: FCC Palai and Bharananganam Provinces |
| 36. | Mampallikunnel Sebastian | Vicar, Nambiakulam |
| 37. | Mannoor Sebastian | Retired & Residence at Mar Aprem Priest Home, Pala |
| 38. | Maprakarott Sebastian | Vicar, Mevada & Teaching in Kurumannu |
| 39. | Mattam John | Vicar, Koothattukulam |
| 40. | Mattamundayil John | Relieved, Assistant Director, Santhwana Institute of Counselling and Guidance, Kizhathadiyoor, Pala (additional) |
| 41. | Menacherry Thomas | Vicar, Teekoy Forane |
| 42. | Meyickal Joseph | Asst. Rector, St. Alphonsa Shrine Church and Pilgrim Centre, Bharananganam |
| 43. | Mundackal Joseph | Vicar, Amparanirappel & Relieved, Asst. Manager, Mar sleeva Medicity, Cherpunkal; Administrator, Fathima Matha Hospital, Kozhuvanal |
| 44. | Naduviledam Paul | Manager, Sea View, Parathanam & Additional charge to assist Vicar, St. Mary's Church, Yenthayar on Saturdays, Sundays and the days of obligations. |

| | | |
|---|---|---|
| 45. | Narithookil Kuriakose | Vicar, Manathoor |
| 46. | Nellickatheruvil Jose | Procurator, Eparchy of Palai; Relieved, Asst. Manager, Mar sleeva Medicity, Cherpunkal & Director, Mar Aprem Priest Home, Palai |
| 47. | Njarakunnel G. Vargehese | Vicar, Ramapuram Forane |
| 48. | Njarakunnel George | Retired & appointed Chaplain, Marian Medical Centre, Arunapuram |
| 49. | Olayathil Thomas | Vicar, Varianikad |
| 50. | Palackaparampil Augustine | Vicar, Aruvithura Forane |
| 51. | Palliparampil George | Vicar, Ezhacherry |
| 52. | Pampara Joseph | Chaplain, FC Convent, Kalloorkalam |
| 53. | Panackakuzhiyil Thomas | Vicar, Kizhathadiyoor |
| 54. | Pandiamackal Joseph (Sr.) | Vicar, Vilakkumadom |
| 55. | Paraplackal Paul | Pastoral Ministry, Gujrat Mission in the Eparchy of Shamshabad |
| 56. | Parathotty Mathew | Vicar, Peringulam |
| 57. | Pariyappanal Johnson | Vicar, Alponsapuram |
| 58. | Paruthiparayil Thomas | Vicar, Mattakara |
| 59. | Pazheparampil Sebastian | Director, Viswasa Pariseelanakendram, Cherupushpa Mission League, Vocation Bureau, Legion of Mary, Ecumenism and Dialogue and Shalom Pastoral Centre |

| | | |
|---|---|---|
| 60. | Peedikamalayil Augustine | Vicar, Periappuram |
| 61. | Pezhumkattil Abraham | Vicar, Nelliani |
| *62.* | Poovathunkal Joseph (Sr.) | Vicar, Paika |
| 63. | Pulickaparambil Mathew | Vicar, Thirumarady |
| 64. | Pulinthanath Kuriakose | Vicar, Edadu |
| *65.* | Pullattu Thomas | Vicar, Thudanganad Forane |
| 66. | Puthoor Sebastian | Vicar, Kizhaparayar |
| 67. | Thadathil Kurian | State General Director, KCSL; Relieved, Vicar, Kakkomb & Residence at St. Thomas Press Building, Pala |
| 68. | Tharappel Jose (Jr.) | Vicar, Karoor |
| 69. | Tharappel Jose (Sr.) | Relieved, Asst. Manager of Constructions, Mar Sleeva Medicity, Cherpunkal, Pala |
| 70. | Thayil Thomas | Director, SMYM (KCYM); Assistant Director; Jesus Youth; Secretary, Pala Dooth; Spiritual Director, Mar Sleeva Clarist Adoration of Poor Clares of Perpetual Adoration, Pala; Director, Syriac Studies, Kummannoor and in charge of Liturgical Music (Funeral of Priests) |
| 71. | Theruvil George | Vicar, Vagamon & Asst. Director, Mount Nebo |
| 72. | Tholanickal Joseph | Procurator, Major Archiepiscopal Curia, Mount St. Thomas, Kakkanad |
| 73. | Thonikuzhiyil Sebastian | Vicar, Kothanalloor Forane |

| | | |
|---|---|---|
| 74. | Thottumkal Thomas | Vicar, Meenachil |
| 75. | Vadakkummukalayil Thomas | Retired & Residence at Vianney Priest Home, Muttuchira |
| 76. | Valiaveettil Thomas | Retired and appointed Spiritual Director, St. Alphonsa Shrine Church and the Pilgrim Centre, Bharananganam |
| 77. | Vallompurayidom Jose | Rector, St. Alphonsa Shrine Church and Pilgrim Centre, Bharananganam |
| 78. | Varickamackal Kurian | Vicar, Vedagiri |
| 79. | Vayalil Joseph | Vicar, Kulamavu |
| 80. | Vazhacharickal Thomas | Relieved, Vicar, Vagamon |
| 81. | Vedikunnel Thomas | Retired and appointed Director, Nursing College, Cherpunkal |
| 82. | Velamparambil Cyrus | Rector, Mar Aprem Seminary, Lalam, Pala |
| 83. | Vellaringatt Kurian | Retired and appointed Pastoral Assistant, Lalam New |
| 84. | Vellilamthadam Mani | Retired and appointed Chaplain, Devamatha Hospital, Koothattukulam |
| 85. | Vengalloor Mathew | Pastoral Ministry, Gujrat Mission in the Eparchy of Shamshabad |
| 86. | Vennaippillil James | Vicar, Anthiyalam |
| 87. | Vettukallel James | Vicar, Kalikavu |

**Assistant Vicars**

**Rev. Father**

| | | |
|---|---|---|
| 88. | Alencheril Joseph | Senior Asst. Vicar, Ramapuram and Teaching in Ramapuram College |
| 89. | Chamakalayil Sebastian | Asst. Vicar, Elanji |
| 90. | Edathinal Francis | Asst. Vicar, Ramapuram |
| 91. | Edettu John | Secretary to H.E Mar Joseph Kallarangatt |
| 92. | Ettackakunnel George | Asst. Vicar, Cherpunkal |
| 93. | Kaitholil Joseph | Asst. Vicar, Chemmalamattam |
| 94. | Kochupurackal Johnson CMI (St. Chavara Vice Province, Bhavanagar) | Asst. Vicar, Muttuchira |
| 95. | Koottarappallil John | Asst. Vicar, Poonjar |
| 96. | Kunnackatt Robert CRM | Relieved, Asst. Vicar, Yenthayar |
| 97. | Kurisummoottil Mathew (Jr.) | Asst. Vicar, Bharananganam |
| 98. | Kuruppasseriyil Joseph | Asst. Vicar, Moolamattam |
| 99. | Manalel Thomas CRM | Asst. Vicar, Kadaplamattam |
| 100. | Maniyangattu Joseph | Asst. Vicar, Cathedral |
| 101. | Mattel Francis | Asst. Vicar, Thudanganad |
| 102. | Pakkarampel John | Asst. Vicar, Lalam Old |
| 103. | Panachickal Karottu James | Asst. Vicar, Manvettam |
| 104. | Panthalanickal Christy | Asst. Vicar, Koothattukulam |
| 105. | Pendanam Sebastian | Asst. Vicar, Vadakara |
| 106. | Polachirakunnumpuram | Asst. Vicar, Neeloor & Teaching in Kadanad |
| 107. | Pympillil George | Asst. Vicar, Aruvithura |

| | | |
|---|---|---|
| 108. | Thakadiyel Abraham | Asst. Vicar, Bharananganam & Teaching in Monnilavu |
| 109. | Thottumkal Michael | Pastoral Ministry, Gujrat Mission in the Eparchy of Shamshabad |
| 110. | Thuruthipallil Mathew | Asst. Vicar, Cathedral, Pala |
| 111. | Vadakkekara John CMI (St. Chavara Vice Province, Bhavanagar) | Asst. Vicar, Paika |
| 112. | Valayampallil Mathew | Asst. Vicar, Mutholapuram |
| 113. | Vattappalam Devasiachan | Asst. Vicar, Kadanad & Teaching in Kadanad |

## Rearrangement of the Offices of Syncelli

**Proto Syncellus: Mar Jacob Muricken (Auxiliary Bishop)**

Parishes, Priests, Manager-Aided Colleges (St. Thomas College, Alphonsa College and St. Thomas College of Teacher Education) and Forane Monthly Recollections of Priests.

**Syncellus: Very Rev. Fr. Joseph Kuzhinjalil DCL**

Parishes, Priests, Priests'Homes, Palai Mission in the Eparchy of Adilabad, Gujarat Mission in the Eparchy of Shamshabad, St. Alphonsa Shrine Church and Pilgrim Centre, Mar Sleeva College of Nursing, Cherpunkal, Aided Colleges (St. George College Aruvithura & Deva Matha College Kuravilangad) & Unaided Colleges, Unaided Schools, Civil Service Centre & Allied Institutions, Religious Men & Women (except FCC) and Spiritual Director of Secular Institute of Mary Immaculate & St. Martha's Sisters, Family Aid Fund, Pala Caritas, AKCC, Vincent de Paul, Secular Franciscan Order (SFO), Public Relations Department (PRO) and Internet Evangelization.

**Syncellus: Very Rev. Fr. Abraham Kollithanathumalayil**

Mar Sleeva Medicity, Cherpunkal, Holy Ghost Mission Hospital, Muttuchira, St.Thomas Press, Deepanalam Society, Prayer Houses at Narianganam & Kadaplamattam, ADARRT, INFAM and Karshaka Bank.

**Syncellus: Very Rev. Fr. Joseph Maleparambil STD**

St. Joseph's College of Engineering & Technology, Choondacherry, Aided Schools under the Corporate Education Agency of Palai, Alphonsian Pastoral Institute, Arunapuram and Religious Women (FCC, Palai & Bharananganam Provinces).

**Syncellus: Very Rev. Fr. Sebastian Vethanath STD**

On Going Formation of Priests, Mount Nebo Eparchial Retreat Centre - Vagamon, Bible Convention, Mar Aprem Seminary - Pala, Seminarians on Regency, Shalom Pastoral Centre, Santhwana Institute of Counselling and Guidance, Kizhathadiyoor, PSWS, Woodind, Cherpumkal, Industrial Estate, Karoor, Golden Jubilee Cultural Museum, Estates - Sea View, Parathanam & Green Valley, Koothrapally.

## ബഹു.വൈദികരുടെ ശ്രദ്ധയ്ക്ക്

# വി. മൂറോൻ കൂദാശയും പ്രസ്ബിത്തേരിയവും

വി. മൂറോൻ കൂദാശ കർമ്മവും വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും ഏപ്രിൽ 11 വ്യാഴാഴ്ച 10 മണി മുതൽ 1 മണി വരെ പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

## സംഭാവനശേഖരണം

1. മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രത്തിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.
2. വിശപ്പിനും രോഗത്തിനുമെതിരെ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തി കിട്ടുന്ന തുക ഏപ്രിൽ 30-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.

വിവാഹത്തിന്റെ 25, 50-പത് ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ രൂപതാസംഗമം നടത്തുന്നതായി അവരുടെ പേരും അഡ്രസ്സും ബഹു. വികാരിയച്ചന്മാർ മാതൃവേദി ഭാരവാഹികളെ മാർച്ച് 15-ന് മുമ്പായി ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ**

ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരുടെ ശ്രദ്ധയ്ക്ക്

ക്രൈസ്തവ വിശ്വാസവും സഭാത്മകജീവിതവും വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ വചനത്തിന്റെ ആഴങ്ങൾ കണ്ടെത്തി, ദൈവപ്രമാണങ്ങൾക്കും സുവിശേഷ മൂല്യങ്ങൾക്കും അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തി, വിശ്വാസജീവിതത്തിൽ ആഴപ്പെടുക എന്നത് ഇടവക അജപാലന ശുശ്രൂഷയുടെ പരമപ്രധാനമായ കർത്തവ്യമാണ്. സഭയുടെ പ്രബോധനങ്ങളിലും പാരമ്പര്യങ്ങളിലും അടിയുറച്ച്, ദൈവവചനവും പരിശുദ്ധ കുർബാനയും കേന്ദ്രമാക്കി, ഇടവകജനത്തിന്റെ ആദ്ധ്യാത്മികത രൂപപ്പെടുത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി താഴെ പറയുന്ന ബഹുമാനപ്പെട്ട വൈദികരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ വൈദികരുടെ നേതൃത്വത്തിൽ ഇടവകകളിലെ വാർഷികധ്യാനവും ഇതര ദൈവവചന ശുശ്രൂഷകളും നടത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾക്ക് രൂപത ഇവാഞ്ചലൈസേഷൻ ഓഫീസിനെ സമീപിക്കാവുന്നതാണ്. ഒന്നോ രണ്ടോ വൈദികരുടെ നേതൃത്വത്തിലായിരിക്കും വാർഷിക ധ്യാനങ്ങൾ ക്രമീകരിക്കപ്പെടുന്നത്.

Msgr. Sebastian Vethanathu
Fr. Sebastian Adappacheril
Fr. Joseph Cheenothparambil
Fr. Francis Edathinal
Fr. Augustine Inchakuzhiyil
Fr. Mathew Kadalikattil
Fr. Joseph Kaduppil
Fr. John Kannanthanam
Fr. Thomas Karottukizhakkel
Fr. Mani Kozhuppankutty
Fr. Sebastian Kuttianickal
Fr. Joseph Kuttiankal
Fr. James Madickankal
Fr. Joseph Maniangattu
Fr. Thomas Mannoor

Fr. Joseph Maprakarottu
Fr. Kurian Mattam
Fr. John Mattamundayil
Fr. Andrews Mekattukunnel
Fr. Cherian Moolayil
Fr. Joseph Muthanattu
Fr. Joseph Mylapparampil
Fr. George Varghese Njarakunnel
Fr. Thomas Olayathil
Fr. Sheen Palackathadathil
Fr. Augustine Palackaparampil
Fr. Joseph Pampara
Fr. Joseph Pandiamackal (Jr.)
Fr. George Parampithadathil
Fr. Joseph Paravummel
Fr. George Parekunnel
Fr. Jacob Pezhathunkal
Fr. Mathew Punnathanathukunnel
Fr. Mathew Puthiyidom
Fr. Abraham Thakadiyel
Fr. Thomas Thayyil
Fr. Sebastian Thonikuzhy
Fr. Thomas Vadakkel
Fr. Kuriakose Vadakkethakadiyel
Fr. Joseph Vanchipurackal
Fr. Kuriakose Vattamukalel
Fr. Devasiachan Vattappalam
Fr. Thomas Vazhacharickal
Fr. Dominic Vechoor
Fr. Joseph Vilakunnel

Co-ordinator

**Fr. Vincent Moongamakkal**

Director, Evangalization, Shalom Pastoral Centre

9447661326

# മൈനർ സെമിനാരി പ്രവേശനം

ഇന്റർവ്യൂ: 2019 ഏപ്രിൽ 10

സമയം: 9:30 am - 12:00 pm

പ്രിയ ബഹു. അച്ചാ,

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ 2019 ഏപ്രിൽ 8-ാം തീയതിക്കുമുമ്പ് വെരി. റവ. ഫാ. റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, പോണാട്-കരൂർ പി. ഒ. 686 574, പാലാ എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരി പരീക്ഷായോഗ്യതയുള്ളവരോ ആയിരിക്കണം. സെമിനാരി പ്രവേശനത്തിന്റെ ഇന്റർവ്യൂ ഏപ്രിൽ 10-ാം തീയതി ബുധനാഴ്ച രാവിലെ 9:30 മുതൽ 12 മണിവരെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു.

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കന്മാരുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസ യോഗ്യത, SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണെങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ള വരുമായ യുവാക്കന്മാരെ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപതാ മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹി പ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാ മെത്രാൻ

---

NB: ബഹു. വികാരി അച്ചന്മാർ ഇക്കാര്യം മാർച്ച് 24 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്.

# ദൈവവിളി ക്യാമ്പ് 2019

സ്നേഹബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെ കുട്ടികൾക്കായി ഒരു ദൈവവിളി ക്യാമ്പ് ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുകയാണ്. SSLC/Plus Two എഴുതിയിരിക്കുന്നവരും (ഉപരിയോഗ്യതയുള്ളവരും) മൈനർ സെമിനാരിയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും സൽസ്വഭാവികളുമായ കുട്ടികളെ അതിലേക്ക് തെരഞ്ഞെടുത്തയക്കാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**തീയതി**

2019 ഏപ്രിൽ 08 തിങ്കൾ

09.30 am മുതൽ 10 ബുധൻ 1.00 pm വരെ

ക്യാമ്പിന്റെ ക്രമീകരണം സുഗമമാക്കാൻ പങ്കെടുക്കുന്ന വരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസം മുമ്പെങ്കിലും അറിയിച്ചാൽ ഉപകാരപ്രദമായിരുന്നു. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി പയുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29.02.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ വിവരം മാർച്ച് 24 -ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങ ളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതാണ്.

# അൾത്താരബാലന്മാരുടെ ക്യാമ്പ്

സ്നേഹബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാർക്കായുള്ള ക്യാമ്പ് നമ്മുടെ മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു. VII, VIII, IX ക്ലാസുകളിൽ പഠിക്കുന്ന, പൗരോഹിത്യത്തോടു താൽപ്പര്യമുള്ളവരും സൽസ്വഭാവികളുമായ കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. രണ്ടു ബാച്ചുകളായാണ് ക്യാമ്പ് നടത്തുന്നത്.

**ക്യാമ്പ് ഫീസ് 100 രൂപാ.**

**ഒന്നാം ബാച്ച്**
2019 ഏപ്രിൽ 29 തിങ്കൾ
9:30 am മുതൽ 30 ചൊവ്വാ 1:30 pm വരെ
***ഫൊറോനാകൾ:***
അരുവിത്തുറ, കുറവിലങ്ങാട്, തീക്കോയി, പൂഞ്ഞാർ, കോതനല്ലൂർ, ഭരണങ്ങാനം, കൂട്ടിക്കൽ, പ്രവിത്താനം

**രണ്ടാം ബാച്ച്**
2019 മെയ് 2 വ്യാഴം
9:30 am മുതൽ 3 വെള്ളി 1:30 pm വരെ
***ഫൊറോനാകൾ:***
പാലാ കത്തീഡ്രൽ, രാമപുരം, തുടങ്ങനാട്, ചേർപ്പുങ്കൽ, ഇലഞ്ഞി, മുട്ടുചിറ, മൂലമറ്റം, കടുത്തുരുത്തി, കടനാട്

ക്യാമ്പിന്റെ ക്രമീകരണം സുഗമമാക്കാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നുദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ. ഒരു ഇടവകയിൽനിന്നു പരമാവധി 4 പേരെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. കുട്ടികൾ ബഡ്ഷീറ്റും മറ്റ് അത്യാവശ്യ സാധനങ്ങളും കൊണ്ടുവരണമെന്നകാര്യം ഓർമ്മിപ്പിക്കുമല്ലോ. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

സ്നേഹാദരപൂർവ്വം,

**ഫാ. ജോസഫ് മുത്തനാട്ട്** (റെക്ടർ)

# GANG 2K19

GOD'S ANOINTED NEW GENERATION

2019 ഏപ്രിൽ - മെയ് മാസങ്ങളിൽ നമ്മുടെ ഇടവകകളിൽ കുട്ടികൾക്കായി ദൈവാനുഭവ-വ്യക്തിത്വവികസന ക്യാമ്പുകളും അൾത്താരബാലൻമാർക്ക് ഏകദിന പരിശീലന ക്ലാസും സംഘടിപ്പിക്കാൻ പാലാ രൂപത മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ ടീം സുസജ്ജമായ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## Camp Specialities....




For Booking
Please Contact:

Dn.Antony Vazhakalayil 8281620889
Bro.Jose Kuzhinjalil 9605269970
Bro.Mathew Kaniyampady(Regent) 9188372640

ലേഖനം

# മാധ്യമ വിശുദ്ധി

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

ലോകത്തിന് ധാർമ്മികവും ദാർശനികവുമായ ഗതിവേഗം സമ്മാനിക്കേണ്ടത് മാധ്യമങ്ങളാണ്. മാനവരാശിക്കാകമാനം ശ്വാശ്വതമായ പ്രചോദനമരുളുന്ന ആശയങ്ങളും ചിന്തകളും വാക്കുകളുമാണ് മാധ്യമങ്ങൾ നൽകേണ്ടത്. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ തത്ത്വങ്ങളിൽ അധിഷ്ഠിതമാണ് ജനാധിപത്യത്തിന്റെ ആണിക്കല്ല്. മാധ്യമങ്ങളാണ് ജനാധിപത്യത്തിന്റെ തത്ത്വങ്ങളെ ഉയർത്തിപ്പിടിക്കേണ്ട മൂല്യവാഹകർ. മാധ്യമങ്ങൾ ചിന്താസരണിയെ സ്വാധീനിക്കുന്നുവെന്നത് വസ്തുതയാണ്. ജനാധിപത്യത്തിന്റെ നാലാം നെടുംതൂണാണ് മാധ്യമങ്ങൾ എന്ന് പറയാറുണ്ട്. എന്നാൽ ഇന്ന് മാധ്യമങ്ങൾ മാധ്യമസ്ഥാപനങ്ങളായി മാറിയിരിക്കുന്നു. ചിന്തകനായ മാർക്ക് ട്വയിൻ ഒരിക്കൽ എഴുതി, 'ലോകത്തിൽ പലപ്പോഴും പലകാര്യങ്ങളും ശരിയായ സമയത്തും ശരിയായ സ്ഥലത്തും സംഭവിക്കുന്നില്ല. ഇത് തിരുത്തുക എന്നതാണ് പത്രപ്രവർത്തകരുടെയും ചരിത്രകാരന്മാരുടെയും ദൗത്യം' എന്ന്. മാധ്യമങ്ങൾ സാമൂഹിക പ്രതിഭാസങ്ങളാണ്. സമൂഹത്തിന്റെ നിലനിൽപ്പിന് ധാർമ്മികത തികച്ചും അത്യന്താപേക്ഷിത മാണെന്നതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് മാധ്യമങ്ങളുടെ ധാർമ്മികതയും.

**മാധ്യമങ്ങൾ നേത്രങ്ങളാണ്**

വൻകിട മാധ്യമങ്ങളെക്കാൾ ജനനന്മയെ മുറുകെപ്പിടിക്കുവാൻ കഴിവുള്ളത് ചെറുകിട മാധ്യമങ്ങൾക്കാണ്. ഒരു ലാഭേച്ഛയും കൂടാതെ ജനനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ അവയ്ക്ക് സാധിക്കും. പരസ്യത്തെ ആശ്രയിക്കാതെ പ്രവർത്തിക്കുന്ന മാധ്യമങ്ങളാണ് ഇന്നിന്റെ ആവശ്യം. മാധ്യമങ്ങൾ വടവൃക്ഷങ്ങളാകണം എന്നൊന്നും നാം ശഠിക്കേണ്ടതില്ല. മാധ്യമപ്രവർത്തനം അഥവാ മാധ്യമങ്ങൾ, ഭൂരിപക്ഷത്തിന്റെ കാര്യം മാത്രമല്ല. രാഷ്ടീയ തത്ത്വസംഹിതകളുടെ പ്രചരണവുമല്ല മാധ്യമ പ്രവർത്തനം. മാധ്യമപ്രവർത്തനം ഒരു ജീവിക്കുന്ന തത്ത്വശാസ്ത്ര

മാണ്. എല്ലാ ജനങ്ങളെയും ഒരുപോലെ കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന നേത്രങ്ങളാകണം മാധ്യമങ്ങൾ.

ന്യൂനപക്ഷത്തിന്റെയും ഭൂരിപക്ഷത്തിന്റെയും അവകാശങ്ങളെ മാധ്യമങ്ങൾ ഒരുപോലെ സംരക്ഷിക്കണം. സ്വേച്ഛാധിപത്യത്തിന്റെ അപകടസ്വഭാവത്തെ തക്കസമയത്ത് പുറത്തുകൊണ്ടുവരുവാനും മാധ്യമങ്ങൾക്ക് സാധിക്കണം. മാധ്യമങ്ങൾ ജനാധിപത്യപാലകർ മാത്രമല്ല ജനങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന പാലങ്ങളാവണം. ഒരു നല്ല മാധ്യമം എന്നാൽ രാഷ്ട്രം രാഷ്ട്രത്തോട് തന്നെ സംസാരിക്കുന്നതാണ്. (A Nation talking to Itself).

**മാധ്യമങ്ങൾ ഇന്ധനമാണ്**

മാനവരാശിയോളം തന്നെ പഴക്കമുള്ളതാണ് വാർത്താവിനിമയം. വൈദ്യവും, വിദ്യാഭ്യാസവും, കലാശിക്ഷണവും, മാധ്യമങ്ങളും വിൽപ്പനവസ്തുക്കളാകുന്നത് അപകടകരമായ സ്ഥിതിയാണ്. സാമൂഹികവും, രാഷ്ട്രീയവുമായ ഒട്ടനവധി മാറ്റങ്ങൾക്ക് നേതൃത്വം നൽകുകയും ഊർജ്ജം പകരുകയും ചെയ്യേണ്ടത് മാധ്യമങ്ങളാണ്. ആധുനിക ഇലക്ട്രോണിക് യുഗത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന മാർഷൽ മക്‌ലുഹാൻ ഒരിക്കൽ ഓർമ്മിപ്പിച്ചു, 'സമയം നിലച്ചു, സ്ഥലം അപ്രത്യക്ഷമായി, നാം വസിക്കുത് ആഗോളഗ്രാമത്തിലാണ്.' അറിവിന്റെ അനന്തമായ വാതായനമാണ് മാധ്യമങ്ങൾ. നമ്മെ രസിപ്പിക്കുന്ന, ചിന്തിപ്പിക്കുന്ന, പഠിപ്പിക്കുന്ന ശക്തമായ അറിവിന്റെ സ്രോതസ്സുകളാണ് മാധ്യമങ്ങൾ. മാധ്യമങ്ങൾ സാമൂഹിക മാറ്റത്തിന്റെ ഉപാധികളാണ്. വിദ്യാഭ്യാസത്തിലും വികസനത്തിലും പിന്നോക്കം നിൽക്കുന്ന ഒരു ജനതയുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനു രാസത്വരകമായി അഥവാ ഇന്ധനമായി വർത്തിക്കുകയാണ് മാധ്യമങ്ങളുടെ ധർമ്മം. ഇന്ത്യയിൽ ഏറ്റവും അധികം പ്രാദേശിക ഭാഷാ ചാനലുകൾ ഉള്ള സംസ്ഥാനം എന്ന നിലയിലും രാജ്യത്തെ ഏറ്റവും വലിയ മാധ്യമ - കേന്ദ്രീകൃത സമൂഹം എ നിലയിലും മലയാളികൾ മാധ്യമങ്ങളെ ശരിയായ രീതിയിൽ വിലയിരുത്തണം.

**മാധ്യമങ്ങൾ തിന്മയെ നിർഭയം എതിർക്കണം**

പ്രശസ്ത പത്രപ്രവർത്തകനായ ഹാരോൾഡ് ഇവാൻസ് എഴുതി: 'എനിക്കറിയാവുന്നിടത്തോളം പൂർണ്ണമായ നിഷ്പ

ക്ഷതയും വസ്തുനിഷ്ഠമായ അപഗ്രഥനവുമുള്ള പത്രം/മാധ്യമം വെറും സങ്കൽപ്പം മാത്രമാണ്. 'നിർഭയമായി മാധ്യമ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരുടെ കാലം കഴിഞ്ഞോ എന്ന് സംശയിക്കേണ്ടിരിക്കുന്നു. മഹാത്മാഗാന്ധി മാധ്യമധർമ്മത്തെ ക്കുറിച്ച് മൂന്നു കാര്യങ്ങൾ പറഞ്ഞു വച്ചിട്ടുണ്ട്. ഒന്ന്, ജനവികാരം മനസ്സിലാക്കി പ്രകടിതമാക്കുക. രണ്ട്, ഉത്കൃഷ്ടമായ മനോഭാവം ജനങ്ങളിൽ ഉണർത്തുക. മൂന്ന്, സമൂഹത്തിൽ നടമാടി ക്കൊണ്ടിരിക്കുന്ന തിന്മകളെ നിർഭയം പുറത്തുകൊണ്ടു വരിക. വായനക്കാരന്റെ, അഥവ കാഴ്ചക്കാരന്റെ, ശ്രോതാവിന്റെ നിലവാരം ഉയർത്തുകയാണ് മാധ്യമങ്ങൾ ചെയ്യേണ്ടത്. സത്യം, അക്രമ രാഹിത്യം, സത്യാഗ്രഹം എന്നിവയെക്കുറിച്ചുള്ള ആശയങ്ങൾ ജനങ്ങളിൽ എത്തിക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ മാധ്യമപ്രവർത്തനശൈലി. ഗാന്ധിജി പറയുന്നു 'ഞാൻ പത്രപ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് ആ പ്രസ്ഥാനത്തിനു വേണ്ടി മാത്രമല്ല. ജീവിതദൗത്യമെന്ന് ഞാൻ കരുതുന്നവയെ സഹായിക്കുവാൻ മാത്രമാണ്. അക്രമരാഹിത്യത്തിന്റെ അനുബ ന്ധമായ സത്യാഗ്രഹമെന്ന അതുല്യ ആയുധം ഏറ്റവും തീവ്രമായ സംയമനത്തോടെ എങ്ങനെ ഉപയോഗിക്കാമെന്ന് കാണിച്ചു കൊടുക്കുകയും ഉദാഹരണസഹിതം പരിശീലിപ്പിക്കുക യുമാണ് എന്റെ ദൗത്യം.' ഗാന്ധിജിയ്ക്ക് മാധ്യമപ്രവർത്തനം ഒരു തപസ്യ യായിരുന്നു. ഗാന്ധിജി വീണ്ടും ഓർമ്മിപ്പിക്കുന്നു: 'ദേഷ്യത്തിലോ, പക തീർക്കാനോ ഞാനെഴുതാറില്ലെന്നാണ് എന്റെ വിശ്വാസം, അലസമായി എഴുതാറുമില്ല, വെറുതെ വികാരങ്ങൾ ഉദ്ദീപിപ്പിക്കാനും ഞാനെഴുതുകയില്ല.' മാധ്യമപ്രവർത്തനത്തിന്റെ മാഗ്നാകാർ'യാണ് മഹാത്മാവിന്റെ ഈ വാക്കുകൾ.

**മാധ്യമങ്ങൾ ദേശീയതയുടെ കണ്ണാടി**

പത്രപ്രവർത്തകനായിരുന്ന കെ. രാമകൃഷ്ണപിള്ള ഒരിക്കൽ അഭിപ്രായപ്പെട്ടു: 'പത്രങ്ങൾക്ക് പ്രധാനമായും രണ്ട് കടമകളുണ്ട്. ഒന്നാമതായി ജനസാമാന്യത്തിന്റെ അഭിപ്രായത്തെ രൂപപ്പെടുത്തുക, രണ്ടാമത്, ജനത്തിന്റെ അഭിപ്രായത്തെ അനുവർത്തിക്കുക.' ദേശീയതയുടെ കണ്ണാടിയായി മാധ്യമങ്ങൾ മാറണം. ബഹുജന വിഭാഗങ്ങൾ നേരിടുന്ന ജീവൻ പ്രശ്നങ്ങൾക്ക്

പരിഹാരം കാണുകയും ജനാധിപത്യത്തിന്റെ മൂല്യങ്ങളെ വളർത്തുകയും ചെയ്യുന്ന സാംസ്കാരിക ഉപകരണങ്ങളായി മാധ്യമങ്ങൾ മാറണം. ആദായത്തിനും സ്വാധീനത്തിനുംവേണ്ടി വാർത്തകളെ തമസ്കരിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന ശൈലി മാധ്യമസംസ്കാരത്തിനു ചേർന്നതല്ല.

കേവലം ചില താത്പര്യങ്ങളുടെ സംരക്ഷണത്തിനും, പ്രചാരണത്തിനുംവേണ്ടി മാധ്യമങ്ങൾ നിലകൊള്ളുമ്പോൾ ഫാസിസ്റ്റ് തന്ത്രങ്ങളിലേയ്ക്ക് മാധ്യമപ്രവർത്തനം തരംതാഴുന്നു. ഹിറ്റ്ലറുടെ മാധ്യമ മന്ത്രിയായിരുന്ന ജോസഫ് ഗീബൽസ് പറഞ്ഞു 'വിപ്ലവം നടത്താൻ രണ്ട് വഴികളുണ്ട്. ഒന്ന്, തോക്കിന്റെ പിൻബലത്തോടെ ഭീഷണി മുഴക്കി വിപ്ലവം സൃഷ്ടിച്ച് പ്രതിപക്ഷത്തെ ഒതുക്കാം. അതാണ് ലളിതമായ മാർഗ്ഗം. രണ്ടാമത്തേത് മാനസിക വിപ്ലവമാണ്. മസ്തിഷ്കക്ഷാളനത്തിലൂടെ പ്രതിപക്ഷത്തെ ഉന്മൂലനം ചെയ്യുക.' ഇന്ന് മാധ്യമപ്രവർത്തനം ചിലപ്പോഴെങ്കിലും മസ്തിഷ്കക്ഷാളനമായി അധഃപതിച്ചിരിക്കുന്നു ഏത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട വസ്തുതയാണ്. സത്യവും നീതിയും മാധ്യമപ്രവർത്തനത്തിന്റെ മുഖമാകണം. പകവീട്ടലുകളും കച്ചവടവുമായി മാധ്യമപ്രവർത്തനം തരംതാഴരുത്. ഡേവിഡ് ഓറിന്റെ വാക്കുകൾ മാധ്യമപ്രവർത്തകർ മറക്കരുത്. 'യഥാർത്ഥ പത്രപ്രവർത്തകൻ എല്ലാ മേഖലയിലും പ്രശോഭിക്കുവനാകണം.'

**മാധ്യമ കുലീനത്വം**

സത്യമാണെന്ന ആത്മാർത്ഥയോടെ വ്യാജപ്രസ്താവനകൾ നടത്തിയും കൽപ്പിച്ച് കൂട്ടിപ്പറഞ്ഞും സൂചനകളിലൂടെ തെറ്റിദ്ധാരണകൾ പരത്തിയും സത്യത്തെ തമസ്കരിച്ചും വാർത്താവിതരണത്തിൽ പക്ഷപാതം കാണിച്ചും മാധ്യമപ്രവർത്തനത്തിന്റെ കുലീനതയെ തകർക്കുന്ന പ്രവണതകൾ ഇന്ന് കൂടിവരുന്നത് ആശങ്കാജനകമാണ്. മാധ്യമപ്രവർത്തനം ഒരു തൊഴിൽ മാത്രമല്ല സാമൂഹിക സേവനോപാധി കൂടിയാണെ യാഥാർത്ഥ്യം വിസ്മരിക്കപ്പെടരുത്. ആത്മാർത്ഥതയും, പ്രതിബദ്ധതയും ഉത്തരവാദിത്വബോധവുമുള്ള മാധ്യമപ്രവർത്തനത്തിന്റെ ഉന്നതമായ കുലീനത്വത്തിൽ നിശബ്ദസേവനം അനുഷ്ഠിക്കുന്ന മാധ്യമപ്രവർത്തകരാണ് ഇന്നിന്റെ ആവശ്യം.

ഉന്നതവിദ്യാഭ്യാസവും ഉറച്ചസാമൂഹ്യബോധവും നേടി പ്രലോഭനങ്ങളെയും സമ്മർദ്ദങ്ങളെയും അതിജീവിച്ച് സത്യത്തിന്റെ പക്ഷത്ത് സ്ഥാനം പിടിക്കുന്നവരാകണം മാധ്യമപ്രവർത്തകർ.

**മാധ്യമങ്ങൾ തിരുത്തൽ ശക്തികൾ**

മാധ്യമങ്ങളുടെ ശക്തവും ഫലപ്രദവുമായ ഇടപെടലുകളാണ് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നത്. മാധ്യമങ്ങൾ തിരുത്തൽ ശക്തികളാകേണ്ടവരാണ്, ഒരു രാജ്യത്തിന്റെ സംസ്കൃതിയെ കാത്തുസൂക്ഷിക്കേണ്ടതും ഉയർത്തിപ്പിടിക്കേണ്ടതും മാധ്യമങ്ങളാണ്. വാർത്തയുടെ സഹായത്തോടെ വിൽക്കപ്പെടുന്ന പരസ്യങ്ങളുടെ സമാഹാരമായി മാധ്യമങ്ങൾ മാറരുത്. പണവും അധികാരവും വ്യക്തിതാത്പര്യങ്ങളും മാധ്യമലോകത്തെ കീഴ്പ്പെടുത്തരുത്. ഭൂരിപക്ഷത്തിന് പ്രിയങ്കരമാകുന്നതു മാത്രം വിഷയമാക്കുന്നതും മാധ്യമധർമ്മത്തിനു നിരക്കുന്നതല്ല. ഈശ്വരനെ, സത്യത്തെ, ധർമ്മത്തെ സേവിക്കുന്നതിനു പകരം യജമാനന്മാരായി മറ്റു വ്യക്തികളെയും ആശയങ്ങളെയും പ്രസ്ഥാനങ്ങളെയും കാണുന്ന മാധ്യമങ്ങൾ ഇന്ന് നിരവധിയാണ്. സെൽസേഷണൽ ആയ നുണപ്രാചാരണങ്ങളുടെ വേദികളായി മാധ്യമങ്ങൾ അധഃപതിക്കരുത്. ബൗദ്ധിക കൊലപാതകങ്ങൾക്ക് മാധ്യമങ്ങൾ വേദിയാകുന്നത് ഖേദകരമത്രേ. ബില്ലി മൈൽഡർ എന്ന ചലച്ചിത്ര സംവിധായകൻ ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ 'ടെലിവിഷൻ എന്നത് ഇരുപത്തിഒന്ന് ഇഞ്ച് വലുപ്പമുള്ള ഒരു വ്യക്തിയായി' മാറിയിരിക്കുന്നു. ചെറു സ്ക്രീനിലൂടെ ലോകത്തെയും വ്യക്തികളെയും കാണുന്നതുകൊണ്ട് എല്ലാറ്റിനെയും ചെറുതായി കാണുന്ന, കാണിക്കുന്ന പ്രവണത ഇന്ന് മാധ്യമപ്രവർത്തനത്തിൽ വന്നുകൂടിയിട്ടുണ്ട്. വിശ്വാസ സത്യങ്ങളെയും മൂല്യങ്ങളെയും നേതാക്കന്മാരെയും പുച്ഛിക്കുകയും അവമതിക്കുകയും നിസ്സാരവത്കരിക്കുകയും ചെയ്യുന്ന പ്രവണത മൂല്യാധിഷ്ഠിത സമൂഹത്തിനു ഭൂഷണമല്ല. ധർമ്മത്തെയും ധാർമ്മികതയെയും തിരുത്തിയെഴുതുകയല്ല, സംരക്ഷിക്കുകയാണ് മാധ്യമധർമ്മം.

(ഈ ലേഖനം ഫെബ്രുവരി 20-ാം തീയതി ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.)

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Kavanadimalayil Mathew | March 8 |
| Keeramthadathil Joseph | 9 |
| Keeranchira Jose | 10 |
| Kizhake Aranjaniyil George | 11 |
| Kizhakearanjaniyil Mathew | 12 |
| Kizhakkekara Joseph | 13 |
| Kizhakkekollithanam Thomas | 14 |
| Kizhakkel Thomas | 15 |
| Kizhakkeparampil Michael | 16 |
| Kochayyankanal James | 17 |
| Kochodackal Thomas | 18 |
| Kochukaippettiyil Cyriac | 19 |
| Kochumuriyil Joseph | 20 |
| Kochuparampil Joseph | 21 |
| Kolath Augustine | 22 |
| Kolath Mathew | 23 |
| Kollamparambil Devasia | 24 |
| Kollamparampil Joseph | 25 |
| Kollithanathumalayil Abraham | 26 |
| Koonanickal Joseph | 27 |
| Koottiyaniyil Augustine | 28 |
| Koramkuzha Mathew | 29 |
| Kottarathil Emmanuel | 30 |
| Kottayil Joseph | 31 |
| Kottayil Kurian | April 1 |
| Kozhuppankutty Augustine | 2 |
| Kozhuppankutty Mani | 3 |
| Kudilil James | 4 |
| Kulangara Philip | 5 |
| Kumbukkal Thomas | 6 |
| Kumbulumkal Mathew | 7 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജോസഫ് പള്ളിക്കാപറമ്പിൽ
മാർ ഐറിനിയോസ് (മലങ്കര ബിഷപ്പ്)
ജോയി എബ്രഹാം (മുൻ എം.പി.)

**2. രോഗീവയോജനദിന പ്രാർത്ഥന**

എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും നടത്തിവരുന്ന സൗഖ്യാരാധനയ്ക്കും വി. കുർബാനയ്ക്കും ഫാ. ജോസ് മഠത്തിക്കുന്നേൽ കാർമ്മകത്വം വഹിച്ചു.

**3. വോളണ്ടിയേഴ്സ് മീറ്റിംഗ്**

തീർത്ഥാടനകേന്ദ്രത്തിലെ വോളന്റിയേഴ്സിന്റെ മീറ്റിംഗ് 19-ാം തീയതി വൈകുന്നേരം 5-ന് സമ്മേളിച്ചു. സ്ഥലം മാറി പോകുന്ന റെക്ടർ ബഹു. മാത്യു ചന്ദ്രൻകുന്നേൽ, അസി. റെക്ടർമാരായ ഫാ. കുര്യൻ വരിക്കമാക്കൽ, ഫാ. തോമസ് കിഴക്കേകൊല്ലിത്താനം എന്നിവർക്ക് ഹൃദ്യമായ യാത്രയയ്പ്പു നൽകി. യോഗത്തിൽ ഫാ. മാർട്ടിൻ കല്ലറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.

**4. യാത്രയയപ്പു സമ്മേളനം**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ മാനേജിംഗ് ബോഡിയുടെ നേതൃത്വത്തിൽ പുതിയ കർമ്മമണ്ഡലങ്ങളിലേക്ക് സ്ഥലം മാറുന്ന ബഹു. മാത്യു ചന്ദ്രൻകുന്നേലച്ചനും, കുര്യൻ വരിക്കമാക്കൽ അച്ചനും തോമസ് കിഴക്കേകൊല്ലിത്താനത്തിലച്ചനും യാത്രയയപ്പു നൽകി. യോഗത്തിന് മാർ ജോസഫ് കല്ല

റങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ മുഖ്യപ്രഭാഷണം നടത്തി. മുൻ എം.പി. ശ്രീ. ജോയി എബ്രാഹം, എം.എസ്.റ്റി. ജനറാൾ ഫാ. ആന്റണി പെരുമാനൂർ, കപ്പൂച്ചിൻ അസ്സീസി ആശ്രമം സുപ്പീരിയർ ഫാ. മാത്യു മുളങ്ങാശ്ശേരി, ഫാ. മൈക്കിൾ ഔസേപ്പുപറമ്പിൽ, എഫ്.സി.സി. ഭരണങ്ങാനം പ്രൊവിൻഷ്യൽ സി. ആനി കല്ലറങ്ങാട്ട്, ഡി.എസ്.റ്റി. സുപ്പീരിയർ ജനറൽ സി. ലിസാ ജോസ് എന്നിവർ ആശംസകളർപ്പിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ മറുപടി പ്രസംഗം നടത്തി. ഫാ. അബ്രാഹം കണിയാംപടിക്കൽ സ്വാഗതവും ഫാ. മാർട്ടിൻ കല്ലറയ്ക്കൽ നന്ദിയും ആശംസിച്ചു.

**5. സ്ഥലം മാറ്റം**

രണ്ടു വർഷക്കാലം വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ റെക്ടറായിരുന്ന ഫാ. മാത്യു ചന്ദ്രൻകുന്നേൽ ദീപികയുടെ മാനേജിംഗ് ഡയറക്ടറായി കോട്ടയത്തേയ്ക്ക് സ്ഥലം മാറി. നാലുവർഷക്കാലം അസി. റെക്ടറായിരുന്ന ഫാ. കുര്യൻ വരിക്കമാക്കൽ വേദഗിരി സെന്റ് മേരീസ് പള്ളിയുടെ വികാരിയായും രണ്ടരവർഷക്കാലം അസി. റെക്ടറായിരുന്നു ഫാ. തോമസ് കിഴക്കെകൊല്ലിത്താനം പുഴിക്കോൽ സെന്റ് ആന്റണീസ് പള്ളിയുടെ വികാരിയായും സ്ഥലം മാറി.

**6. ചാർജ്ജെടുത്തു**

വി. അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിന്റെ പുതിയ റെക്ടറായി ബഹു. ഫാ. ജോസ് വള്ളോംപുരയിടത്തിൽ 23.02.2019 ൽ ചാർജ്ജെടുത്തു. ഫാ. ജോസഫ് മേയ്ക്കൽ അസി. റക്ടറായും ഫാ. ജോസഫ് കിഴക്കേക്കര, ഫാ. തോമസ് വലിയവീട്ടിൽ എന്നിവർ സ്പിരിചൽ ഡയറക്ടർമാരെയും ചുമതലയേറ്റു.

**7. രാത്രിയാരാധന**

പാലാ ഇവാഞ്ചലൈസേഷൻ ടീമിന്റെ ആഭിമുഖ്യത്തിൽ മാസംതോറും നടത്തിവരുന്ന രാത്രിയാരാധാന 23.2.2019 ൽ വി. അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽവച്ച് നടത്തി. ചെങ്കര നിർമ്മൽ ഗ്രാം ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ബിനോയി മാരിപ്പാട്ട് വചനപ്രഘോഷണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**8. വൈദിക വിദ്യാർത്ഥികളെ ആദരിച്ചു.**

പാലാ രൂപതയിൽ അജപാലന ശുശ്രൂഷയിൽ സഹായിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മീറ്റിംഗ് വി. അൽഫോൻസാ സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടത്തി. മാർ ജോസഫ് കല്ലറങ്ങാട്ട് ശെമ്മാശന്മാർക്ക് ആശംസകളർപ്പിച്ച് ഉപഹാരങ്ങൾ നൽകി. മോൺ ജോസഫ് കുഴിഞ്ഞാലിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ – പുതിയ ഡയറക്ടർ**

ഫെബ്രുവരി 23-ാം തീയതി വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഡയറക്ടറായി ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ചാർജ്ജെടുത്തു. കഴിഞ്ഞ 6 വർഷക്കാലം വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഡയറക്ടറായിരുന്ന ഫാ. തോമസ് മേനാച്ചേരി തീക്കോയി ഫൊറോനപള്ളി വികാരിയായി നിയമിതനായി.

**2. യാത്രയയപ്പ് നൽകി**

കഴിഞ്ഞ 6 വർഷക്കാലം പാലാ രൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും, ചെറുപുഷ്പമിഷൻലീഗിന്റേയും ഡയറക്ടറായി സേവനമനുഷ്ഠിച്ച ശേഷം സ്ഥലം മാറുന്ന റവ.ഫാ. തോമസ് മേനാച്ചേരിക്ക് വിശ്വാസപരിശീലന കേന്ദ്രവും ചെറുപുഷ്പമിഷൻ ലീഗും സംയുക്തമായി ഫെബ്രുവരി 19-ാം തീയതി മാതൃഭവനിൽ വച്ച് യാത്രാമംഗളങ്ങൾ നേർന്നു.

**3. വാർഷിക പരീക്ഷാ മാർച്ച് 31-ന്**

ഈ വർഷത്തെ വാർഷിക പരീക്ഷ 2019 മാർച്ച് 31-ാം തീയതി ഞായറാഴ്ചയാണ് നടത്തപ്പെടുന്നത്. I മുതൽ VI വരെയുള്ള ക്ലാസുകൾക്ക് രാവിലെ 11 am മുതൽ 1 pm വരെയും VII മുതൽ IX വരെ ക്ലാസുകൾക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയാണ് പരീക്ഷാസമയം.

ചോദ്യക്കടലാസുകൾ മാർച്ച് 30-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 5 വരെ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വിതരണം ചെയ്യുന്നതാണ്.

**4. വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 6 വരെ**

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1 തിങ്കളാഴ്ച മുതൽ 6 ശനിയാഴ്ച വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെടുന്നു.

**5. കോളേജ് മതബോധന സ്കോളർഷിപ്പ് – മാർച്ച് 8-ന്**

പാലാ രൂപതയിലെ കോളേജ് തല വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ മാർച്ച് 8-ാം തീയതി രാവിലെ 10-ന് പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തുന്നതാണ്.

**6. മൂല്യനിർണ്ണയം**

X, XIIക്ലാസുകളിലെ വാർഷികപരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ഫെബ്രുവരി 10,17 തീയതികളിലായി മാതൃഭവനിൽ വച്ച് പൂർത്തിയാക്കി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ജൂബിലി ആഘോഷവും നവാഭിഷിക്തർക്കു സ്വാഗതവും.**

പാലാ മിഷൻ മേഖലയിൽ റീജൻസി പൂർത്തിയാക്കി, പഠനങ്ങൾക്കു ശേഷം മഹനീയ പൗരോഹിത്യാഭിഷേകം സ്വീകരിച്ച അഞ്ചു ബഹു. വൈദികർക്ക് പാലാ മിഷൻ കൂട്ടായ്മ ഹൃദ്യമായ സ്വീകരണം നൽകി. ബഹു. കുറുപ്പശ്ശേരിൽ, കൂറ്റാരപ്പള്ളിൽ, പനച്ചിക്കൽക്കരോട്ട്, കൈതോലിൽ, ഈറ്റക്കക്കുന്നേൽ എന്നീ വൈദികരെയാണ് ആദരിച്ചത്. ഫെബ്രു. 16-ന് വൈകുന്നേരം 6.00 മണിക്ക് നെന്നലയിൽ മദർ തെരേസാ ദൈവാലയത്തിൽ നവാഭിഷിക്തർ ആഘോഷമായ പരി.കുർബാനയർപ്പിച്ചു. പാലാ മിഷനിലെ എല്ലാ കേന്ദ്രങ്ങളിൽനിന്നുമുള്ള അംഗങ്ങളും പങ്കെടുത്ത പരി.ബലിക്കുശേഷം ഹോസ്റ്റൽ ഓഡിറ്റോറിയത്തിൽ അനുമോദന സമ്മേളനം നടന്നു. നവാഭിഷിക്തരെ ഷാൾ അണിയിച്ച് ആദരിക്കുകയും സമ്മാനങ്ങൾ നൽകി ബഹുമാനിക്കുകയും ചെയ്തു. സി. മറീന FDSHJ യും ഫാ.ജോസഫ് പര്യാത്തും ആശംസകളർപ്പിച്ചു. ബഹു. കോ ഓർഡിനേറ്റർ അച്ചൻ സമ്മാനങ്ങൾ കൈമാറി. വിവിധ ഹോസ്റ്റലുകളിൽ നിന്നുള്ള കുട്ടികളുടെ കലാപരിപാടികളും തുടർന്ന് സ്നേഹവിരുന്നും നടന്നു.

**2. ജൂബിലിയുടെ നിറവിൽ.**

ബഹു. സി. സെലീനായും (FDSHJ) സി. മേരിയും (LAR) നിത്യവ്രതവാഗ്ദാനത്തിന്റെ ജൂബിലിയിൽ. സി. മേരി LAR, മൈലാരം സന്യാസ ഭവനത്തിലെ സുപ്പീരിയർ ആണ്. സി. സെലീനാ FDSHJ, കൊത്തഗുഡം ഭവനത്തിലെ സുപ്പീരിയർ ആണ്. 16-ാം തിയതി നടന്ന പരി. ബലിയിലും അനുമോദന സമ്മേളനത്തിലും ഇരുവരെയും ആദരിക്കുകയും നന്ദി സൂചകമായി സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. പാലാ മിഷൻ ഇവരുടെ സ്തുത്യർഹമായ സേവനത്തിനു നന്ദി പറയുന്നു. ഒപ്പം ആശംസകളും നേരുന്നു.

**3. പാലാ മിഷൻ സഹായം സ്വീകരിച്ചു.**

പാലാ SH പ്രൊവിൻസിൽനിന്നും FCC അൽഫോൻസാ ജ്യോതി പ്രൊവിൻസിൽ നിന്നും രണ്ടു ലക്ഷം രൂപാ വീതം സ്വീകരിച്ചു. പാലാ വിശ്വാസ പരിശീലന കേന്ദ്രത്തിലേക്ക് പല ഇടവകകളും മിഷൻലീഗ്, സൺഡേ സ്കൂളുകളും ദാനമായി കൈമാറിയ തുകയായ 96000 രൂപയും സ്വീകരിച്ചു. കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദേവാലയം മിഷൻ ലീഗിന്റെ ദാനമായ 75000 രൂപയും ഇടവക കൂട്ടായ്മയുടെ ദാനമായ 105561 രൂപയും സ്വീകരിച്ചു. സഹായ സഹകരണങ്ങൾ ക്രമീകരിച്ചു നൽകുന്ന വികാരി ജനറൽ, പെരിയ ബഹു. ജോസഫ് കഴിഞ്ഞാലിൽ അച്ചനെ പാലാ മിഷൻ ഏറെ നന്ദിയോടെ സ്മരിക്കുന്നു. എല്ലാവർക്കും പാലാ മിഷന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**4. മന്നഗുഡം**

സെന്റ് മേരീസ് ദൈവാലയത്തിന്റെയും മഠത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ദൈവകാരുണ്യത്താൽ വേഗത്തിൽ പുരോഗമിക്കുന്നു.

**5. ആവടം – പുതിയ മിഷൻ കേന്ദ്രത്തിന്റെ ഉദ്ഘാടനവും ആശീർവാദവും മാർച്ച് 8 ന്.**

പാലാ മിഷന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന്റെ ഭാഗമായി പെരിയ ബഹു. കഴിഞ്ഞാലിൽ അച്ചന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് ഒരു പ്രധാന മിഷൻ കേന്ദ്രം കൂടി ആരംഭിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവും മാർ പ്രിൻസ് ആൻറണി പിതാവും സംയുക്തമായി മാർച്ച് 8 –ന് രാവിലെ 10.00 മണിക്ക് ഈ കേന്ദ്രത്തിന്റെ ആശീർവാദവും ഉദ്ഘാടനവും നിർവ്വഹിക്കുന്നു.

**6. വേമനപ്പള്ളിയിൽ പുതിയ മിഷൻ കേന്ദ്രവും ദൈവാലയവും.**

പാലാ മിഷന്റെ മറ്റൊരു മിഷൻ കേന്ദ്രത്തിനു കൂടി ആരംഭം കുറിക്കുന്നു. നമുക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന രണ്ടാമത്തെ മണ്ഡലത്തിൽ, വേമനപ്പള്ളി ഗ്രാമത്തിൽ ആദ്യ ദൈവാലയത്തിന് മാർച്ച് 7–ാം തിയതി, പെരിയ ബഹു.ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ, അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തറക്കല്ലിടുന്നതാണ്. നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ ഫലപ്രാപ്തി യിലെത്തട്ടെ, ദൈവസന്നിധിയിൽ സ്വീകാര്യമാകട്ടെ.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

ഗുജറാത്തിലെ അഹമ്മദാബാദ് -ബറോഡ മിഷൻ വളർന്നകൊണ്ടിരി ക്കുന്നു. 19 സെന്ററുകളും 14 വൈദികരും ഇവിടെ ശുശ്രൂഷ ചെയ്യാനും രൂപതാം ഗങ്ങളുമായി നാലു വൈദികരാണ് ഇവിടെ ശുശ്രൂഷ ചെയ്യുന്നത്.

**1. സെന്റ് അൽഫോൻസാ കുർബാന സെന്റർ**

ഫാ. ജോസഫ് മലേപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് പരി പാടികൾ നടത്തി. മാർ റാഫേൽ തട്ടിൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഇടവക യിലെ മുഴുവൻ കുടുംബകൂട്ടായ്മകളിലേയും അംഗങ്ങൾ ഒന്നിച്ചുകൂടി കരോൾ ഗാനങ്ങൾ ആലപിക്കുകയും ഇടവകയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വീടുകൾ കയറിയിറങ്ങി ക്രിസ്തുമസ് കരോൾ നടത്തി. ആഘോഷ മായ പരി. കുർബാനയും മധുരപലഹാരങ്ങളും വിതരണം ചെയ്തു.

**2. പ്രേഷിത ഞായർ ആചരണം**

ജനുവരി 20–ാം തീയതി ഞായറാഴ്ച പരി. കുർബാനയോടുകൂടി പ്രേഷി തഞായർ ആചരണം ആരംഭിച്ചു. മിഷനെ പ്രോത്സാഹിപ്പിക്കാനായി ഇടവകാം ഗങ്ങൾ സമാഹരിച്ച സാധനങ്ങൾ ലേലം ചെയ്തു. ഒപ്പം മാതൃസംഘം തയ്യാ റാക്കി കൊണ്ടുവന്ന വിവിധ ഭക്ഷണ സാധനങ്ങളും നൽകി മിഷൻ ഫണ്ട് സ്വരൂ പിച്ചു. ഒരു മിഷൻ അവബോധം എല്ലാവർക്കും നല്കാൻ ഇവ ഉപകരിച്ചു. ശേഖ രിച്ച മിഷൻ ഫണ്ട് മാർ റാഫേൽ തട്ടിൽ പിതാവിന് കൈമാറി.

**3. സ്പോർട്സ് ദിനം**

അഹമ്മദാബാദിലെ കത്തോലിക്കാ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യ ത്തിൽ സെന്റ് തോമസ് കുർബാന സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട

സ്പോർട്സ് (Sports Day) ദിനത്തിൽ വിവിധ മത്സരങ്ങൾക്കും എല്ലാ ഇടവക കളിൽനിന്നും ആളുകൾ പങ്കുചേർന്നു. വോളീബോൾ, ക്രിക്കറ്റ്, വടംവലി, ഓട്ടം മത്സരങ്ങളും നടത്തി. എല്ലാവർക്കും സന്തോഷകരമായ അനുഭവങ്ങളായിരുന്നു ഇത്.

ബാപ്പുനഗർ മദർമേരി ഇടവകയിൽ ക്രിസ്തുമസ് ആഘോഷമായി നടത്തി. കരോൾ ഗാനങ്ങൾ ആലപിച്ച് ഓരോ വീടും നടന്ന് സന്ദർശിക്കുകയും ഉണ്ണീയീശോയുടെ സമാധാനവും ശാന്തിയും പരസ്പരം ആശംസിച്ചു.

മണിനഗറിൽ പുതുതായി പണിപൂർത്തിയാക്കിയ ദേവാലയത്തിന്റെ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറയുടെ നാമത്തിലുള്ള ദേവാലയം വെഞ്ചരിച്ച് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. പുതിയ ദേവാലയം, മന്നിനഗർ, ബാപ്പു നഗർ ഇടവകയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

**3. ആനന്ദ്, കരംസന്ദ് ഇടവക**

ബഹു. സഖറിയാസ് തോട്ടുവേലിയച്ചന്റെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ക്രിസ്തുമസ് കരോൾ നടത്തുകയും ഇടവക പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

**4. പാലായിൽനിന്നുള്ള വൈദികർക്ക് സ്വാഗതം**

ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചന്റെ നേതൃത്വത്തിൽ ഫാ. ജോൺ ചാവേലിൽ, ഫാ. മാത്യു വെങ്ങാലൂർ, ഫാ. പാറപ്ലാക്കൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ എന്നീ അഞ്ച് വൈദികർ ഫെബ്രുവരി 24-ന് ഗുജറാത്ത് മിഷനിലേക്കു വരുന്നു. അവർക്ക് സ്വാഗതം.

# കെ.സി.എസ്.എൽ.

**കെ. സി. എസ്. എൽ രൂപതാവാർഷികം**

കെ.സി.എസ്.എൽ ന്റെ 2018-19 വർഷത്തെ രൂപതാവാർഷികം ഫെബ്രുവരി 1 ന് പാലാ കാർമ്മൽ പബ്ലിക് സ്കൂളിൽ വച്ച് ഉച്ചകഴിഞ്ഞ് 2 pm ന് ആരംഭിച്ചു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ സ്റ്റേറ്റ് ഡയറക്ടറും രൂപത ഡയറക്ടറുമായ ഫാ.കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു. സ്റ്റേറ്റ് ജനറൽ ഓർഗനൈസർ ശ്രീ. സിറിയക് നരിതൂക്കിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ ഓർഗനൈസർ ശ്രീ. സോജൻ കെ.ജെ സ്വാഗതം ആശംസിച്ചു. രൂപത പ്രസിഡന്റ് ശ്രീമതി സാലി കെ.ജെ റിപ്പോർട്ട് അവതരണം നടത്തി. കാർമ്മൽ സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ഷീലാ പോൾ, രൂപത സ്റ്റുഡന്റ്സ് ചെയർമാൻ ആൽബിൻ ജിജോ, ജനറൽ സെക്രട്ടറി ക്രിസ്റ്റി സണ്ണി തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. വൈസ് പ്രസിഡന്റ് ശ്രീമതി പ്രിറ്റി അഗസ്റ്റിൻ കൃതജ്ഞത അർപ്പിച്ചു. ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് അനിമേറ്റർ അവാർഡുകൾ, കലാസാഹിത്യോത്സവ ഓവറോൾ, സ്റ്റഡി സർക്കിൾ ഓവറോൾ, അദ്ധ്യാപകർക്കായി നടത്തിയ ലേഖനമത്സരത്തിന്റെ ക്യാഷ് പ്രൈസ് എന്നിവ

ബിഷപ് മാർ ജേക്കബ് മുരിക്കൻ പിതാവിൽനിന്നു വിജയികൾ ഏറ്റുവാങ്ങി. പാലാ കാർമ്മൽ, പാലാ സെന്റ് മേരീസ്, പാലാ മേരിമാതാ എന്നീ സ്കൂളുകളിലെ കുട്ടികളുടെ കലാപരിപാടികൾ ആഘോഷപരിപാടികൾക്ക് മോടികൂട്ടി. പതിനഞ്ചോളം സ്കൂളുകളിൽ നിന്നായി ആയിരത്തിൽപ്പരം കുട്ടികൾ പങ്കെടുത്തു.നാലുമണിയോടുകൂടി വാർഷികാഘോഷപരിപാടികൾ സമാപിച്ചു.

**കലാ – സാഹിത്യോത്സവ ഓവറോൾ നേടിയ സ്കൂളുകൾ**

**എച്ച്. എസ്. എസ്**

ഫസ്റ്റ് : സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
സെക്കന്റ് : സെന്റ് ആന്റണീസ് എച്ച്. എസ്. എസ്, പ്ലാശനാൽ
തേർഡ് : സെന്റ് ജോൺ എൻ. എച്ച്. എസ്. എസ്, കൊഴുവനാൽ

**എച്ച്. എസ്**

ഫസ്റ്റ് : സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
സെക്കന്റ് : സെന്റ് ആഗ്നസ് എച്ച്. എസ്, മുട്ടുചിറ
തേർഡ് : സെന്റ് മേരീസ് ജി. എച്ച്. എസ്, കുറവിലങ്ങാട്

**യു. പി**

ഫസ്റ്റ് : സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
സെക്കന്റ് : ലിറ്റിൽ ഫ്ളവർ എച്ച്. എസ്, ചെമ്മലമറ്റം
തേർഡ് : സെന്റ് മേരീസ് എച്ച്. എസ്. എസ്, തീക്കോയ്

**ബെസ്റ്റ് സ്കൂൾ അവാർഡ്**

എച്ച്. എസ്. എസ് : സെന്റ് ജോൺ എൻ. എച്ച്. എസ്. എസ്, കൊഴുവനാൽ
എച്ച്. എസ് : സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
യു. പി : ലിറ്റിൽ ഫ്ളവർ എച്ച്. എസ്, ചെമ്മലമറ്റം

**ബെസ്റ്റ് അനിമേറ്റർ അവാർഡ്**

എച്ച്. എസ്. എസ് : എയ്ഞ്ചൽ പൊന്നു ബേബി, സെന്റ് ജോസഫ്സ് എച്ച്. എസ്. എസ്, വിളക്കുമാടം
എച്ച്. എസ് : റ്റിന്റു തോമസ്, സെന്റ് തോമസ് എച്ച്. എസ്. എസ്, തുടങ്ങനാട്
യു. പി : ക്രിസ്സ് മരിയ ആന്റണി, സെന്റ് മേരീസ് എച്ച്.എസ്.എസ്, തീക്കോയി

**സ്റ്റഡി സർക്കിൾ – മത്സരവിജയികൾ**

ജനുവരി 26 ന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സ്റ്റഡി സർക്കിൾ മത്സരത്തിൽ വിജയികളായവരുടെ പേരുവിവരം:

**എച്ച്. എസ്. എസ്**

ഫസ്റ്റ് : സെന്റ് മേരീസ് എച്ച്. എസ്. എസ്, അറക്കുളം
സെക്കന്റ് : സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
തേർഡ് : സെന്റ് ജോൺ എൻ. എച്ച്. എസ്. എസ്, കൊഴുവനാൽ

**എച്ച്. എസ്.**

ഫസ്റ്റ് : സെന്റ് തോമസ് എച്ച്. എസ്., തുടങ്ങനാട്
സെക്കന്റ് : സെന്റ് ജോൺസ് എച്ച്. എസ്., കുറുമണ്ണ്
തേർഡ് : ഷന്താൾ ജ്യോതി പബ്ലിക് സ്കൂൾ, മുട്ടം

**യു. പി.**

ഫസ്റ്റ് : ലിറ്റിൽ ഫ്ളവർ എച്ച്. എസ്., ചെമ്മലമറ്റം
സെക്കന്റ് : സെന്റ് ജോൺസ് എച്ച്. എസ്., കുറുമണ്ണ്
തേർഡ് : ഷന്താൾ ജ്യോതി പബ്ലിക് സ്കൂൾ, മുട്ടം

**കെ. സി. എസ്. എൽ. ആന്തം – വിജയികൾ**

ജനുവരി 26 ന് പാലാ സെന്റ്മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന കെ.സി.എസ്.എൽ. ആന്തം മത്സരത്തിൽ വിജയികളായവരുടെ പേരുവിവരം:

**എച്ച്. എസ്. എസ്.**

ഫസ്റ്റ് : അലീന റോസ് തോമസ് & ടീം,
സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
സെക്കന്റ് : ജിന്റോ ജോസഫ് & ടീം
സെന്റ് ആന്റണീസ് എച്ച്. എസ്. എസ്, പ്ലാശനാൽ
തേർഡ് : ആൻസില്ല സെബാസ്റ്റ്യൻ & ടീം
ഹോളിക്രോസ് എച്ച്. എസ്. എസ്, ചേർപ്പുങ്കൽ

**എച്ച്. എസ്.**

ഫസ്റ്റ് : സോനാ റോസ് റോബി & ടീം
സെന്റ് ആഗ്നസ് ജി. എച്ച്. എസ്, മുട്ടുചിറ
സെക്കന്റ് : അക്സ ജെ. എസ് & ടീം
സെന്റ് പോൾസ് എച്ച്. എസ്. എസ്, വലിയകുമാരമംഗലം
തേർഡ് : അമൽ സിബി & ടീം
സെന്റ് തോമസ് എച്ച്. എസ്. എസ്, പാലാ

**യു. പി.**

ഫസ്റ്റ് : റോസ്മിൻ ജിൻസ് & ടീം
സെന്റ് മേരീസ് എച്ച്. എസ്. എസ്, തീക്കോയി
സെക്കന്റ് : അനീഷാമോൾ ഷാബു & ടീം
സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ
തേർഡ് : അൻസാ മരിയ ജോസ് & ടീം
മേരിമാതാ പബ്ലിക് സ്കൂൾ, പാലാ

**വചനമെഴുത്ത് മത്സരം**

ജനുവരി 26 ന് പാലാ സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് 'ജീവന്റെ വചസ്സുകൾ' വചനമെഴുത്ത് മത്സരം നടത്തി. മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

എച്ച്.എസ്.എസ്., എച്ച്.എസ് വിഭാഗങ്ങൾ ഒന്നിച്ചും, യു.പി, എൽ.പി. വിഭാഗങ്ങൾ ഒന്നിച്ചുമാണ് മത്സരം നടത്തിയത്.

**മത്സര വിജയികൾ**

**എച്ച്.എസ്.എസ് & എച്ച്.എസ്**

ഫസ്റ്റ് : സിയാ ജോസ്, സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ

സെക്കന്റ് : അഞ്ജന ജോഷ്വാ, സെന്റ് തോമസ് എച്ച്. എസ്. എസ്, പാലാ
തേർഡ് : ജ്യോതിസ് ബെന്നി, സെന്റ് പോൾസ് എച്ച്. എസ്. എസ് വലിയകുമാരമംഗലം

**യു.പി. & എൽ.പി**

ഫസ്റ്റ് : ദിയ മരിയ ബിജു, സെന്റ് ആന്റണീസ് എച്ച്. എസ്, വെള്ളികുളം
സെക്കന്റ് : ലിഡിയ സണ്ണി, സെന്റ് ജോസഫ് എച്ച്. എസ്, കുടക്കച്ചിറ
തേർഡ് : ആൻ മരിയ ബെന്നി, സെന്റ് മേരീസ് എൽ.പി.എസ്, തീക്കോയി

**നേതൃത്വ പരീശീലന - വ്യക്തിത്വ വികസന ക്യാമ്പ്**

കെ. സി. എസ്. എൽ ന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി നേതൃത്വ പരിശീലന-വ്യക്തിത്വ വികസന ക്യാമ്പ് ഏപ്രിൽ-മേയ് മാസങ്ങളിലായി നടത്തുന്നു. യു. പി. കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 27, 28, 29 തീയതികളിലും എച്ച്.എസ്.എസ്, എച്ച്.എസ് കുട്ടികൾക്കായുള്ള ക്യാമ്പ് മേയ് 8,9,10 തീയതികളിലുമായി പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് നടത്തുന്നു.

**സഭാതാരം പ്രഫ. കെ. റ്റി. സെബാസ്റ്റ്യന് ആദരാഞ്ജലി**

1964-1970 കാലഘട്ടത്തിൽ കെ.സി.എസ്.എൽ സ്റ്റേറ്റ് പ്രസിഡന്റായിരുന്ന സഭാതാരം പ്രഫ. കെ. റ്റി. സെബാസ്റ്റ്യന്റെ ദേഹവിയോഗത്തിൽ അനുശോചനം അറിയിക്കാനും പ്രാർത്ഥിക്കാനും ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ചങ്ങനാശേരിയിലുള്ള കുടുംബ വീട്ടിലെത്തി. ഒപ്പം സിമിത്തേരിയിൽ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുകയും ബൊക്കെ സമർപ്പിക്കുകയും ചെയ്തു. ശവസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കാൻ കഴിയാത്തതു മൂലമാണ് പിറ്റേദിവസം വീട്ടിലെത്തി പ്രാർത്ഥിച്ചത്. സ്റ്റേറ്റ് ജനറൽ ഓർഗനൈസർ സിറിയക് മാത്യു നരിതൂക്കിലും ഒപ്പമുണ്ടായിരുന്നു.

**കളരി വിതരണം**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കളരി മൂന്നാം ലക്കം ഫെബ്രുവരി അവസാന ആഴ്ചയിൽ വിതരണം ആരംഭിക്കും.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# എസ്.എം.വൈ.എം.

**1. യാത്രയയപ്പ് സമ്മേളനം**

രണ്ട് വർഷക്കാലം എസ്.എം.വൈ.എം. ന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ച് പടിയിറങ്ങുന്ന ബഹു. കുര്യാക്കോസ് കാപ്പിലിപറമ്പിലച്ചനും ആറു മാസക്കാലം അസി. ഡയറക്ടറായി സേവനമനുഷ്ഠിച്ച് ഇവിടെനിന്നും മാറുന്ന

ബഹു. ജെയിംസ് മടിക്കാങ്കലച്ചനും എസ്.എം.വൈ.എം. പാലാ രൂപതാസമിതി യാത്രയയപ്പ് നൽകി. ഫെബ്രുവരി 17-ാം തീയതി അൽഫോൻസാ കോളേജിൽ വച്ച് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ സി. ഷൈനി ഡി.എസ്.ടി. (ജോ. ഡയറക്ടർ), ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ (രൂപതാ പ്രസിഡന്റ്), ശ്രീ. ഡാനി പാറയിൽ (മുൻ പ്രസിഡന്റ്), ശ്രീ. ആൽവിൻ ഞായർകുളം (മുൻ പ്രസിഡന്റ്), ശ്രീ. സുരേഷ് മാത്യു (Y.A.T.P. കോർഡിനേറ്റർ) എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിവിധ മേഖലകളിൽനിന്നും എൺപതോളം യുവജനങ്ങൾ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. സി. ഷൈനി ഡി.എസ്.ടി., രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ എന്നിവരുടെ മേൽനോട്ടത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ സമ്മേളനത്തിന് നേതൃത്വം നൽകി.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ബഹു. കുര്യാക്കോസ് കാപ്പിലിപറമ്പിലച്ചന്റെയും ബഹു. ജെയിംസ് മടിക്കാങ്കലച്ചന്റെയും നേതൃത്വത്തിൽ ഈ വർഷത്തെ നാലാമത്തെ എക്സിക്യൂട്ടീവ് ഫെബ്രുവരി മാസം 17-ാം തീയതി പാലായിൽ വച്ച് നടന്നു. കഴിഞ്ഞ രണ്ട് വർഷം അച്ചന് നൽകിയ പിന്തുണയ്ക്ക് ബഹു. കാപ്പിലിപറമ്പിലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. വളരെ കുറഞ്ഞ കാലമാണെങ്കിലും യുവജനങ്ങളോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം അറിയിക്കുകയും ചെയ്തു.എസ്.എം.വൈ.എം. ന്റെ വരുംകാല പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംകളും ബഹു. ജെയിംസ് മടിക്കാങ്കലച്ചൻ നേർന്നു. ഈ കഴിഞ്ഞ നാളുകളിൽ കാപ്പിലിപറമ്പിലച്ചനും മടിക്കാങ്കലച്ചനും എസ്.എം.വൈ.എം. സംഘടനയ്ക്ക് നൽകിയ എല്ലാ പിന്തുണയ്ക്കും സ്നേഹത്തിനും രൂപതാ എക്സിക്യൂട്ടീവിന്റെ പേരിൽ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ നന്ദി അർപ്പിച്ചു.

**3. YATP ജനറൽ ക്വിസ്**

എസ്.എം.വൈ.എം. പാലാ രൂപത വൈ.എ.റ്റി.പി. 26-ാം ബാച്ച് സംഘടിപ്പിച്ച അഖില കേരള ജനറൽ ക്വിസ് നടത്തപ്പെട്ടു. പാലാ സെന്റ് തോമസ് കോളേജിൽവച്ച് നടത്തപ്പെട്ട ക്വിസ് മത്സരത്തിൽ 50 ടീമുകൾ പങ്കെടുത്തു. ഫാ. ജോയൽ ഇഞ്ചക്കുഴിയിൽ, ഫാ. ജിനു മുണ്ടുനടക്കൽ എന്നിവർ ക്വിസ് മത്സരത്തിന് മേൽനോട്ടം വഹിച്ചു. യുവജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ ക്വിസ് മത്സരത്തിന് YATP 26-ാം ബാച്ച് നേതൃത്വം നൽകി.

**4. ഐ.ഡി. കാർഡ് വിതരണം**

രൂപതയിലെ എസ്.എം.വൈ.എം. അംഗത്വമുള്ള എല്ലാ യുവജനങ്ങൾക്കും 'ഐ.ഡി.' കാർഡ് നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം കുറവിലങ്ങാട് യൂണിറ്റിൽ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ യൂണിറ്റ് പ്രസിഡന്റിന് ഐ.ഡി. കാർഡ് നൽകി ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം തന്നെ മണ്ണയ്ക്കനാട് യൂണിറ്റിലും ഐഡി കാർഡ് വിതരണം നടന്നു. ഫാ. ജെയിംസ് മടിക്കാങ്കലിന്റെ നേതൃത്വത്തിൽ പൂഞ്ഞാർ, പയ്യാനിത്തോട്ടം എന്നിവിടങ്ങളിൽ ഐഡി കാർഡ് വിതരണം നടന്നു. ഐഡി കാർഡിനോടൊപ്പം മേഖലയ്ക്കും യൂണിറ്റിനും നൽകാൻ നിശ്ചയിച്ച തുകയും നൽകി.

**5. ജവാന്മാരെ അനുസ്മരിച്ചു.**

കാശ്മീരിൽ വീരമൃത്യു വരിച്ച 40 ധീരജവാന്മാരെ എസ്.എം.വൈ.എം. പാലാ രൂപത അനുസ്മരിച്ചു. പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തിയ അനുസ്മരണത്തിൽ രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ യുവജനങ്ങൾക്ക് പ്രാർത്ഥന ചൊല്ലിക്കൊടുത്തു. ഫാ. ജെയിംസ് മടിക്കാങ്കൽ, സി. ഷൈനി, രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, രൂപതാ ഭാരവാഹികൾ എന്നിവരുടെ സാന്നിധ്യത്തിൽ അറുപതിൽപരം യുവജനങ്ങൾ ദീപം തെളിച്ച് പ്രാർത്ഥനയിൽ പങ്കെടുത്തു.

**6. മേഖല - യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം**

പൂഞ്ഞാർ മേഖല പ്രവർത്തനവർഷ ഉദ്ഘാടനം പയ്യാനിത്തോട്ടം യൂണിറ്റിൽവച്ച് നടത്തപ്പെട്ടു. രൂപതാ അസി. ഡയറക്ടർ ഫാ. ജെയിംസ് മടിക്കാങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ പങ്കെടുത്തു.

അരുവിത്തുറ മേഖല പ്രവർത്തനവർഷ ഉദ്ഘാടനം കളത്തൂക്കടവ് യൂണിറ്റിൽവച്ച് നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. ജോസഫ് അമ്പാട്ടുപടവിൽ നേതൃത്വം നൽകി. രൂപതാ ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പി.ജെ. പങ്കെടുത്തു.

മുട്ടുചിറ മേഖല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ നേതൃത്വം നൽകി. രൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ ജോയി പങ്കെടുത്തു.

കടുത്തുരുത്തി മേഖല പ്രവർത്തനവർഷ ഉദ്ഘാടനം തുരുത്തിപ്പള്ളി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ, യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് കുന്നപ്പള്ളി, രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, രൂപതാ ഡപ്യൂട്ടി പ്രസിഡന്റ് ബ്രൈറ്റ് ബിജു എന്നിവർ പങ്കെടുത്തു.

വാക്കാട് യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കടപ്ലാക്കൽ പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതാ ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പി.ജെ., ബ്രദർ ജോജി അട്ടാങ്ങാട്ടിൽ എന്നിവർ പങ്കെടുത്തു.

**7. യൂണിറ്റ് സന്ദർശനം നടത്തി**

കുറിച്ചിത്താനം യൂണിറ്റ് സംഘടിപ്പിച്ച ഭാരവാഹികളുടെ കൂട്ടായ്മയിൽ, ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, സി. ഷൈനി ഡി.എസ്.ടി., വൈസ് പ്രസിഡന്റ് റീതു, സെൻട്രൽ കൗൺസിലർ റിബിൻ അരഞ്ഞാണി എന്നിവർ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് അമ്പഴത്തുങ്കൽ പരിപാടികൾക്ക് നേതൃത്വം നൽകി.

വാലാച്ചിറ യൂണിറ്റിൽ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ സന്ദർശനം നടത്തി. യുവജനങ്ങൾക്ക് ക്ലാസ് നയിച്ചു. ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പി.ജെ., കൗൺസിലർ അഞ്ജു, ബ്രദർ ജോജി അട്ടാങ്ങാട്ടിൽ എന്നിവർ പങ്കെടുത്തു.

**8. പുതിയ രൂപത ഡയറക്ടർക്കു സ്വീകരണം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. സിറിൽ തയ്യിലിന് സ്വീകരണം നൽകി. പാലാ മെത്രാസനമന്ദിരത്തിൽനിന്ന് അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വത്തിൽ രൂപത ചാൻസിലർ വെരി റവ.ഫാ. ജോസ് കാക്കലിൽ, രൂപത പ്രൊക്യുറേറ്റർ വെരി റവ.ഫാ. ജോസ് വള്ളോംപുരയിടം, പാലാ കോർപ്പറേറ്റ് മാനേജർ വെരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, സീറോ-മലബാർ സഭ കാര്യാലയ പ്രൊക്യുറേറ്റർ വെരി റവ.ഫാ. ജോസഫ് തോലാനിക്കൽ എന്നിവരുടെ സംഘം ഷാലോം പാസ്റ്ററൽ സെന്ററിൽ അച്ചനെ കൊണ്ടുവന്നാക്കി. ഷാലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ വെരി റവ.ഫാ. തോമസ് മേനാച്ചേരിയുടെയും മറ്റ് ബഹു. വൈദികരുടെയും ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും പ്രത്യേകിച്ച് യുവതീയുവാക്കളുടെ നേതൃത്വത്തിൽ അഭി. പിതാവിനും ഫാ. സിറിൽ തയ്യിലിനും മറ്റ് വൈദികർക്കും സ്വീകരണം നൽകി. ജീസസ് യൂത്ത് പാലാ സോണിന്റെ (ഇവാഞ്ചലൈസേഷൻ) ഓഫീസിലേയ്ക്കും കടന്ന വന്ന അഭി. പിതാവ് അല്മായരുടെ പ്രത്യേകിച്ച് യുവാക്കളുടെ ഇടയിലുള്ള ശുശ്രൂഷകളെപ്പറ്റി ഊന്നിപ്പറഞ്ഞ് സന്ദേശം നൽകി.

**9. എക്സിക്യൂട്ടീവ് മീറ്റിംഗ്**

പുതിയ ഡയറക്ടറുടെ നേതൃത്വത്തിൽ അഞ്ചാമത് എക്സിക്യൂട്ടീവ് മീറ്റിംഗ് 24-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് എസ്.എം.വൈ.എം. ഓഫീസിൽ നടന്നു.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ രാത്രി ആരാധന ഫെബ്രു. 1 വെള്ളിയാഴ്ച അരുണാപുരം പള്ളിയിൽ നടന്നു. ഫാ. കുര്യൻ മറ്റം, ആൽവിൻ സ്കറിയ, അനിതാ ജോജി എന്നിവർ ശുശ്രൂഷകൾ നയിച്ചു. തോമസ് കുര്യനും അദ്ദേഹത്തിന്റെ മക്കളായ തോബിത്തും (4-ാം ക്ലാസ്) ജെറമിയയും (1-ാം ക്ലാസ്) ദൈവവചനം പങ്കുവച്ചു.

**2. വനിതാ സമ്മേളനം**

ജീസസ് യൂത്തിലുള്ള പെൺകുട്ടികളുടെ ഒരു ഏകദിന സമ്മേളനം ഫെബ്രു. 3 ഞായറാഴ്ച പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു.

ഫാ. കുര്യൻ മറ്റം സ്ത്രീശക്തീകരണത്തെക്കുറിച്ച് പ്രബോധനം നൽകി. എൽസാ ജാസ്മിൻ, ടെസ്സിൻ എന്നിവർ പങ്കുവയ്ക്കൽ നടത്തി.

**3. ക്രിസ്റ്റീൻ ധ്യാനം - തുടങ്ങനാട്**

തുടങ്ങനാട് സെന്റ് തോമസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ക്രിസ്റ്റീൻ നവീകരണധ്യാനം ഫെബ്രുവരി 4,5 തീയതികളിൽ സ്കൂൾ ഹാളിലും ദൈവാലയത്തിലും വച്ചു നടന്നു. ഫാ. കുര്യൻ മറ്റം, പ്രകാശ് മാത്യു, സുനിൽ ജോൺ, സുനു സാജു, നിഖിൽ, ജിയോ, ടോം എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**4. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച കൂട്ടായ്മ ഫെബ്രു. 9-ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം വചനപ്രഘോഷണം നടത്തി. ജാൻസി മൂന്നിലവ് കൗൺസിലിംഗ് ശുശ്രൂഷയുടെ വെളിച്ചത്തിൽ ഇന്നത്തെ യുവജനങ്ങളുടെ അവസ്ഥകളെക്കുറിച്ച് പങ്കുവയ്ക്കൽ നടത്തി. പ്രാർത്ഥനാശുശ്രൂഷയോടടെ കൂട്ടായ്മ സമാപിച്ചു.

**5. കുരിശുമല തീർത്ഥാടനം**

രാമപുരം മാർ ആഗസ്തീനോസ് കോളേജിലെ ജീസസ് യൂത്ത് പ്രവർത്തകർ ഫെബ്രു. 10-ന് വാഗമൺ കുരിശുമല ആശ്രമത്തിലേക്ക് ഒരു തീർത്ഥാടനം നടത്തി.

**6. 'വീത്താ നോവാ' എഞ്ചിനീയറിംഗ് കോളേജ്**

ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിലെ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ 'വീത്താ നോവാ' (Vita Nova- New Life) എന്ന പേരിൽ മൂന്നുദിവസത്തെ നവീകരണധ്യാനം ഫെബ്രുവരി 15,16,17 തീയതികളിൽ നടത്തി. ഫാ. ജോൺ പുതുവ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി, ബെന്നി പുളിക്കൽ, ഫാ. കുര്യൻ മറ്റം, അനിതാ ജോജി എന്നിവർ ക്ലാസുകൾ നയിച്ചു. പ്രാരംഭദിനത്തിൽ പ്രോഗ്രാമിന്റെ ഉദ്ഘാടനം മാനേജർ ഫാ. മാത്യു കോരംകുഴ നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ഡേവിഡ്, ഫാ. കുര്യൻ മറ്റം എന്നിവർ ആമുഖസന്ദേശം നല്കി.

**7. പരിശുദ്ധാത്മധ്യാനം - കടുത്തുരുത്തി**

പരിശുദ്ധാത്മാവിൽ കേന്ദ്രീകരിച്ചുള്ള നവീകരണധ്യാനം കടുത്തുരുത്തി എസ്.വി.ഡി. പ്രാർത്ഥനാ കേന്ദ്രത്തിൽ ഫെബ്രു. 15,16,17 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, നന്തു ജോൺ, ആന്റോ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**8. 'ഗ്രാസിയാ 2019' കാർമ്മൽ സ്കൂൾ പാലാ**

രാമപുരം മാർ ആഗസ്തീനോസ് കോളേജിലെ ജീസസ് യൂത്തിന്റെ മുഖ്യധാര സമ്മേളനം 'ഗ്രാസിയ - 2019' (Gracia 2019) എന്ന പേരിൽ പാലാ കാർമ്മൽ പബ്ളിക് സ്കൂളിൽ നടന്നു. സജി പന്നിയാർകുട്ടി മുഖ്യപ്രഭാഷണം നടത്തി.

**9. വല്യച്ചൻമല – തീർത്ഥാടനം**

അൽഫോൻസാ കോളേജിലെ ജീസസ് യൂത്ത് അംഗങ്ങൾ 'സിംഫോണിയാ – 2019' എന്ന പേരിൽ അരുവിത്തുറ വല്യച്ചൻ മലയിലേക്ക് ഒരു തീർത്ഥാടനം നടത്തി. മലയിൽവച്ച് പ്രാർത്ഥനാശുശ്രൂഷയും സ്നേഹവിരുന്നും നടത്തപ്പെട്ടു. അമൃത, അനിറ്റ, ആര്യ, എലിസബത്ത്, എൽസാ, ജാസ്മിൻ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**10. വിലയിരുത്തൽ സമ്മേളനം**

പാലാ സോണിലെ ജീസസ് യൂത്തിന്റെ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനായി ഫെബ്രു. 23–ന് അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വിവിധ മിനിസ്ട്രികളിൽപെട്ടവർ സമ്മേളിച്ചു. ഫാ. കുര്യൻ മറ്റം, ആൽവിൻ സ്കറിയ, പ്രണോയി ടോമി, എൽസാ ജോസ്മിൻ, ജോയിസി തോമസ്, സി. ജോൺസി എഫ്സി.സി. എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

6–02–2019 ബുധനാഴ്ച 9.30 മുതൽ 1 മണിവരെ കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിന്റെ പരിശീലനം ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സി. ജോസ്മേരി എഫ്.സി.സി. തോമസ് വടക്കേൽ തുടങ്ങിയവർ നേതൃത്വം നൽകി.

7–02–2019 വ്യാഴാഴ്ച 9.30 മുതൽ 12 മണിവരെ കുടുംബകൂട്ടായ്മ രൂപത കൗൺസിൽ ശാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. ജപമാലയ്ക്കുശേഷം സെക്രട്ടറി ശ്രീ. ജോണി സിറിയക് മുൻമാസത്തെ റിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. മുൻമാസത്തെ പ്രവർത്തനം വിലയിരുത്താൻ ഭാവി പ്രവർത്തനങ്ങളുടെ പ്ലാനിംഗ് തുടങ്ങിയവയിൽ എല്ലാവരും താല്പര്യപൂർവ്വം പങ്കെടുത്തു.

7–02–2019 വ്യാഴാഴ്ച 12 മുതൽ 1 മണിവരെ ശാലോം പാസ്റ്ററൽ സെന്ററിലെ ചാപ്പലിൽ വച്ച് കുടുംബകൂട്ടായ്മ പ്രവർത്തനങ്ങളുടെ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ബഹുമാനപ്പെട്ട മൂങ്ങാമാക്കലച്ചൻ നേതൃത്വം നൽകി. രൂപത കൗൺസിലംഗങ്ങൾ ഫൊറോന കോ-ഓർഡിനേറ്റേഴ്സ് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

10–02–2019 ഞായറാഴ്ച രാവിലെ 7 മണിക്ക് കുടുംബകൂട്ടായ്മ ഡയറക്ടർ ബഹുമാനപ്പെട്ട മൂങ്ങാമാക്കലച്ചൻ ഇടമറ്റം ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് കുടുംബകൂട്ടായ്മ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തുകൊണ്ട് ഭാരവാഹികളുടെ ദൗത്യത്തെക്കുറിച്ച് ഡയറക്ടറച്ചൻ സംസാരിച്ചു.

10-02-2019 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4.30 മുതൽ 6 മണി വരെ ഇടമറ്റം ഇടവകയിലെ 17 കുടുംബകൂട്ടായ്മകളിലും കുടുംബകൂട്ടായ്മയുടെ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് നടത്തി. കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ ? തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ് നടന്നു.

20-02-2019 ബുധനാഴ്ച 10-12.30 വരെ ശാലോം പാസ്റ്ററൽ സെന്ററിൽ കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടന്നു. ഡയറക്ടറച്ചൻ, സി. ജോസ്മേരി തോമസ് വടക്കേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ Calicut University യുടെ Christian Chair യുമായി അഫിലിയേറ്റ് ചെയ്തുള്ള Diploma in Counselling, Certificate in Counselling കോഴ്സുകൾ ആരംഭിച്ചു. ഡിപ്ലോമ കോഴ്സിന്റെ ദൈർഘ്യം ഒന്നരവർഷവും സർട്ടിഫിക്കറ്റ് കോഴ്സിന്റെ ദൈർഘ്യം ഒരു വർഷവുമായിരിക്കും. മാർച്ച് 2 ന് ഡിപ്ലോമ കോഴ്സും, മാർച്ച് 15 ന് സർട്ടിഫിക്കറ്റ് കോഴ്സും ഭരണങ്ങാനം അൽഫോൻസിയൻ സ്പരിച്ച്വൽ സെന്ററിൽ ആരംഭിക്കും.

**Diploma Course Date - 2019 & 2020**

| | | | |
|---|---|---|---|
| Mar. 2,3 | Apr. 6,7 | May 4.5 | June 1,2 |
| July 6,7 | Aug. 3,4 | Sep. 14,15 | Oct. 5,6 |
| Nov. 2,3 | Nov.30, | Dec.1 | |
| Jan. 4,5 | Feb. 8,9 | Mar. 7,8 | Apr. 4,5 |
| May 2,3 | June 6,7 | July 4,5 | Aug. 8,9 |

**Certificate Course Date - 2019 & 2020**

| | | | |
|---|---|---|---|
| Mar. 15,29 | Apr. 12,26 | May 10,24 | June 7,21 |
| July 12,26 | Aug. 9,23 | Sep. 6,27 | Oct. 11,25 |
| Nov. 8,22 | Dec.13,27 | Jan. 10,24 | Feb. 14,28 |

## B. വിവാഹ ഒരുക്ക കോഴ്സ്

### 1. സർട്ടിഫിക്കറ്റ്

ഫെബ്രുവരി 18-20 തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 120 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

മാർച്ച് 11-13, 25-27 തിയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. ഏപ്രിൽ 8-10, 22-24 തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ഫെബ്രുവരി മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് തടത്തിൽ ക്ലാസ്സെടുത്തു. 200 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. വാർഷികാഘോഷം - മണ്ണാറപ്പാറ**

മണ്ണാറപ്പാറ ഇടവകയിൽ മാതൃ-പിതൃവേദികളുടെ വാർഷികാഘോഷം നടത്തി. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ കുടുംബത്തെക്കുറിച്ച് ക്ലാസ്സെടുത്തു. മാതൃ- പിതൃവേദികളുടെ രൂപത, മേഖല ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നല്കി.

**2. ബോധവത്കരണക്ലാസ്സ് - ളാലം പാലാ**

മാതൃ-പിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ ളാലം സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിൽ വച്ച് സൈബർ ക്രൈം & ട്രാഫിക് ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. പ്രസ്തുത സെമിനാറിൽ ളാലം വികാരി റവ. ഫാ. ജോൺസൺ പൂള്ളീറ്റ് അദ്ധ്യക്ഷത വഹിക്കുകയും പാലാ ഡി. വൈ. എസ്. പി ശ്രീ. ഷാജിമോൻ ജോസഫ് ഉദ്ഘാടനം നിർവ്വഹിക്കുകയും പാലാ പോലീസ് സ്റ്റേഷൻ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ ശ്രീ. ബിനോയ് തോമസ് ക്ലാസ്സ് നയിക്കുകയും ചെയ്തു. മാതൃ- പിതൃവേദികളുടെ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നല്കി.

## D. പിതൃവേദി

**1. പ്രവർത്തനോദ്ഘാടനം**

പിതൃവേദിയുടെ 2019, 20 വർഷങ്ങളിലെ പ്രവർത്തനോദ്ഘാടനം മാർച്ച് 16 ന് നടത്തപ്പെടുന്നതാണ്.

**2. ഭാരവാഹികളുടെ ലിസ്റ്റ്**

പിതൃവേദിയുടെ 2019, 20 വർഷങ്ങളിലെ മേഖല, യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ സ്വീകരിച്ചുവരുന്നു.

## E. എ. മാതൃവേദി

**1. കടുത്തുരുത്തി**

കടത്തുരുത്തി സെന്റ് മേരീസ് ഫൊറോന പള്ളിയുടെ കീഴിലുള്ള യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. അഗസ്റ്റ്യൻ കണ്ടത്തികുടിലിൽ സ്വാഗതമർപ്പിക്കുകയും സി. കുസുമം എസ്.എച്ച്. ശ്രീമതി സബീന സക്കറിയാസ് ആശംസകളും ശ്രീമതി ലൗലി തോമസ് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. ശ്രീമതി മോണ്സി വർഗ്ഗീസ് മേഖല റിപ്പോർട്ട് അവതരിപ്പിച്ചു.

കടുത്തുരുത്തി മേഖലയിൽപെട്ട യൂണിറ്റുകളിലെ ഭാരവാഹികൾ ചർച്ചകളിൽ സജീവഭാഗഭാഗിത്വം വഹിച്ചു.

**2. യൂണിറ്റു ഭാരവാഹികളുടെ സംഗമം–പൂഞ്ഞാർ**

ഫെബ്രുവരി 2ന് പൂഞ്ഞാർ മേഖലയിൽ വച്ച് മേഖലയുടെ കീഴിലുള്ള യൂണിറ്റുഭാരവാഹികളുടെ സംഗമം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള പദ്ധതികളെപ്പറ്റി രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിലച്ചന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തു. റവ. ഫാ. അഗസ്റ്റ്യൻ തെരുവത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി. കുസുമം എസ്.എച്ച്, ശ്രീമതി ശാന്തമ്മ ജോസഫ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ശ്രീമതി മോളിക്കുട്ടി സ്വാഗതവും ശ്രീമതി ഷൈനി കൃതജ്ഞതയും രേഖപ്പെടുത്തി.

**3. ആദരിക്കൽ – കുറവിലങ്ങാട്**

ഫെബ്രുവരി 6ന് കുറവിലങ്ങാട് മേഖലയിൽ യൂണിറ്റുഭാരവാഹികളുടെ സംഗമം നടത്തുകയും ആർച്ച് പ്രീസ്റ്റായി ഉയർത്തപ്പെട്ട റവ. ഡോ. ജോസഫ് തടത്തിലച്ചനെ ആദരിക്കുകയും കുറവിലങ്ങാട്ടു മേഖലയിലെ നവവൈദികരെ ആദരിക്കുകയും ചെയ്തു. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിലച്ചൻ മാതൃവേദി ഭാരവാഹികളെ അഭിസംബോധനചെയ്തു സംസാരിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

**4. സമ്മേളനം – മൂലമറ്റം**

ഫെബ്രുവരി 9 ന് മൂലമറ്റം മേഖലയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഭാരവാഹികളെ സന്ദർശിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തി. വികാരി റവ. ഫാ. ജോർജ് മണ്ഡപത്തിൽ, അസി. വികാരി റവ. ഫാ. ജോസഫ് കീരാംതടത്തിൽ യോഗത്തിന് നേതൃത്വം നല്കി.

**5. രജതജൂബിലി – പാലാ**

മാതൃവേദി സ്ഥാപിതമായതിന്റെ രജതജൂബിലി ആഘോഷവും മാതൃസംഗമവും മാർച്ച് 1 ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9.30 ന് പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മുൻ ഡയറക്ടേഴ്സും വിശുദ്ധ കുർബാന അർപ്പിക്കുകയും വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പൊതുസമ്മേളനം പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നതുമാണ്. 25 വർഷത്തോടനുബന്ധിച്ച് 25 ജൂബിലി സ്വപ്നങ്ങൾ എന്ന കർമ്മപരിപാടിയും തദവസരത്തിൽ പ്രകാശനം ചെയ്യുന്നതുമാണ്.

## F. മാതൃവേദി

**ഹോംമിഷൻ**

**1. പൂവക്കുളം**

പൂവക്കുളത്ത് ഹോംമിഷൻ ആരംഭിക്കുന്നതിന്റെ ഒരുക്കമായി 10-ാം തീയതി ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ വിശുദ്ധ കുർബാന യർപ്പിച്ച് സന്ദേശം നല്കി. പൂവക്കുളം ഇടവകയിലെ ഹോംമിഷൻ ഫെബ്രുവരി 15 ന് അവസാനിച്ചു.

**2. വടകര**

505 കുടുംബങ്ങൾ ഉള്ള വടകര ഇടവകയിൽ മാർച്ച് 6 മുതൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

## G. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഫെബ്രുവരി മാസത്തെ മാഗസിൻ വിതരണം ചെയ്തു.

## I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**11. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ –– 9496571321

## J. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം ശാന്തിഗിരി, മൂഴൂർ, കത്തീഡ്രൽ, ളാലം പഴയപള്ളി, പ്രവിത്താനം, രാമപുരം, കുറുമണ്ണ്, ഇലഞ്ഞി എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **72,000** രൂപാ നൽകി.

**ഫാ. അബ്രഹാം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. 'ചർച്ച് ആക്ട്' ബില്ലിനെതിരെ കരിദിനം**

സംസ്ഥാന സർക്കാർ ക്രൈസ്തവ ദേവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും കടിഞ്ഞാണിടാനായി കൊണ്ടുവരുന്ന ചർച്ച് ആക്ടിനെതിരെ കത്തോലിക്കാ കോൺഗ്രസ് സമരരംഗത്ത്. സർക്കാർ നീക്കം എത്രയുംവേഗം അവസാനിപ്പിക്കണമെന്ന് അടിയന്തിര കത്തോലിക്കാ കോൺഗ്രസ് നേതൃയോഗം ആവശ്യപ്പെട്ടു. സഭാ സ്വത്തുക്കളുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം സുതാര്യമായിരിക്കെ പുതിയ നീക്കം സംശയാസ്പദമാണ്. എന്തെങ്കിലും തർക്കമുണ്ടായാൽ പരിഹരിക്കാൻ രാജ്യത്തിന്റെ സിവിൽ നിയമങ്ങളും കാനൻ നിയമവും ഉള്ളപ്പോൾ പുതിയ നിയമം കൊണ്ടുവരുന്നത് സഭാവിരുദ്ധരുടെയും നിരീശ്വരവാദികളുടെയും ഗൂഢാലോചനയുടെ ഭാഗമാണ്. ഇത് ഒരു കാരണവശാലും അംഗീകരിക്കില്ല എന്നും ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുമെന്നും രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നേതൃസമ്മേളനം പ്രസ്താവിച്ചു.

പ്രതിഷേധ സമരങ്ങളുടെ ഭാഗമായി മാർച്ച് 3 ഞായർ കരിദിനമായി ആചരിക്കും. അന്നേദിവസം കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റുകളുടെ നേതൃത്വത്തിൽ അതാത് ഇടവകകളിൽ പ്രതിഷേധ യോഗങ്ങളും വിശദീകരണവും സംഘടിപ്പിക്കും.

മാർച്ച് 6,7 തീയതികളിൽ കോട്ടയത്ത് വച്ച് നടക്കുന്ന നിയമപരിഷ്കാര കമ്മീഷന്റെ സിറ്റിംഗിൽ രൂപതയിൽനിന്ന് ഭാരവാഹികളും പ്രവർത്തകരും എത്തി വയോജനങ്ങൾ രേഖപ്പെടുത്തുകയും മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്യും.

മാർച്ച് 8,9 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേരുന്ന നേതൃസമ്മേളനത്തിൽ രൂപതാഭാരവാഹികളുൾപ്പെടെയുള്ളവർ പങ്കെടുത്ത് പ്രതിഷേധം രേഖപ്പെടുത്തും.

മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 17 ഫൊറോനാ കേന്ദ്രങ്ങളിലും യൂണിറ്റുകളിലും ചർച്ച് ആക്ട് വിരുദ്ധ സെമിനാറുകളും ക്യാപെയിനുകളും നടത്തും.

**2. ഹരിതസമൃദ്ധം – കർഷകസംഗമം**

കത്തോലിക്ക കോൺഗ്രസ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കാർഷികമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 'കർഷകസംഗമം ഫെബ്രുവരി 10-ന് കോതനല്ലൂരിൽ വച്ച് സംഘടിപ്പിച്ചു. റബർ ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ സർക്കാർ തയ്യാറാകണമെന്നും തെരെഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ റബർ കർഷകർക്ക് വേണ്ടി എന്താണ് ചെയ്യാൻ പോകുന്നതെന്ന് വ്യക്തമാക്കണമെന്നും, റബർ കർഷകരോടുള്ള സ്നേഹം പ്രസംഗത്തിലല്ല, പ്രവർത്തിയിൽ തെളിയിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കർഷകസംഗമം ഉദ്ഘാടനം ചെയ്തു.

കത്തോലിക്കാ കോൺഗ്രസ് ആരംഭിക്കാൻ പോകുന്ന 'ഹരിതസമൃദ്ധം' 2019 എന്ന കർഷക പുനരുദ്ധാരണ പ്രോജക്ടിനെക്കുറിച്ച് ഗ്ലോബൽ സെക്രട്ടറി

ഡോ. ജോസുകുട്ടി ഒഴുകയിൽ സെമിനാർ നയിച്ചു.

**3. അടുക്കളത്തോട്ടമത്സരം**

കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സരത്തിൽ വിജയികളായവർക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിനും കുടുംബ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് മത്സരം സംഘടിപ്പിച്ചത്. 500-ൽപരം കുടുംബങ്ങൾ മത്സരത്തിൽ പങ്കെടുത്തു. ജോഷി കണ്ണീറ്റുമ്യാലിൽ, സെബാസ്റ്റ്യൻ മുതുകുളം, രശ്മി ഇടത്തിനാൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**4. യൂണിറ്റ് സന്ദർശനങ്ങൾ**

രൂപതാ, ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ ഇടവക യൂണിറ്റുകൾ സന്ദർശിക്കുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് യൂണിറ്റ് സന്ദർശനങ്ങൾ നടത്തുന്നത്.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. സോൺ വാർഷികങ്ങളും വനിതാദിനാഘോഷവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വിവിധ സോണുകളുടെ വാർഷികവും അന്താരാഷ്ട്ര വനിതാദിനാചരണപരിപാടികളും മാർച്ച് 1 മുതൽ 30 വരെയുള്ള തീയതികളിൽ സോൺതലത്തിൽ നടക്കും. ബസ്റ്റ് സ്വാശ്രയസംഘം, എസ്.എച്ച്.ജി., അവാർഡ്ദാനം, അടുക്കളത്തോട്ടം മത്സരവിജയികളെ ആദരിക്കൽ, വിവിധ കലാമത്സരങ്ങൾ എന്നിവ സോൺ വാർഷികത്തിന്റെ ഭാഗമായി നടക്കും. സോൺ വാർഷികത്തിന്റെ തീയതികളും നടക്കുന്ന സ്ഥലവും ചുവടെ വിവരിക്കുന്നു.

| | സോൺ | തീയതി | സ്ഥലം |
|---|---|---|---|
| 1. | കോതനല്ലൂർ | 6-3-2019 | കോതനല്ലൂർ |
| 2. | മുട്ടുചിറ | 7-3-2019 | മുട്ടുചിറ |
| 3. | പാലാ | 8-3-2019 | ഷാലോം |
| 4. | കൂട്ടിക്കൽ | 9-3-2019 | കൂട്ടിക്കൽ |
| 5. | ചേർപ്പുങ്കൽ | 9-3-2019 | ചേർപ്പുങ്കൽ |
| 6. | കുറവിലങ്ങാട് | 11-3-2019 | കുറവിലങ്ങാട് |
| 7. | രാമപുരം | 13-3-2019 | രാമപുരം |
| 8. | കടനാട് | 14-3-2019 | കടനാട് |
| 9. | പ്രവിത്താനം | 20-3-2019 | പ്രവിത്താനം |
| 10. | അരുവിത്തുറ | 20-3-2019 | അരുവിത്തുറ |
| 11. | തീക്കോയി | 23-3-2019 | തീക്കോയി |
| 12. | ഭരണങ്ങാനം | 23-3-2019 | ഭരണങ്ങാനം |

| | | | |
|---|---|---|---|
| 13. | മൂലമറ്റം | 23-3-2019 | മൂലമറ്റം |
| 14. | പൂഞ്ഞാർ | 21-3-2019 | പൂഞ്ഞാർ |
| 15. | കടുത്തുരുത്തി | 5-3-2019 | കടുത്തുരുത്തി |
| 16. | ഇലഞ്ഞി | 13-3-2019 | ഇലഞ്ഞി |
| 17. | തുടങ്ങനാട് | 30-3-2019 | മുട്ടം |

**2. കുടുംബോദ്ധാരണപദ്ധതി പുതിയ അപേക്ഷകൾ ക്ഷണിക്കുന്നു.**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നു. ഭരണങ്ങാനം, പൂഞ്ഞാർ, മുട്ടം, ഞീഴൂർ, പിറവം, കുറവിലങ്ങാട്, കടപ്ലാമറ്റം, മുത്തോലി തുടങ്ങിയ പഞ്ചായത്തുകൾ, പാലാ മുനിസിപ്പാലിറ്റി എന്നീ സ്ഥലങ്ങളിലെ കുടുംബങ്ങൾക്ക് അപേക്ഷിക്കാം.

**3. മുട്ടക്കോഴി വിതരണം നടത്തി.**

അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് ബി.വി. 380 എന്ന ഇനത്തിൽപെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**4. വിധവകൾക്ക് സൗജന്യ സ്വയം തൊഴിൽ പരിശീലനം നൽകി.**

പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വിധവകളായ 40 വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം സൗജന്യമായി നൽകി. സോപ്പ്, സോപ്പുപൊടി, ലോഷൻ, ഹാൻഡ് വാഷ്, തുള്ളിനീലം, ഹാർപ്പിക് തുടങ്ങിയ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി.

**5. ഭിന്നശേഷിക്കാർക്ക് ധനസഹായം നൽകിവരുന്നു.**

ഭിന്നശേഷിയുള്ള കുട്ടികൾക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കിവരുന്ന എസ്.എൽ.എഫ്. പദ്ധതി ധനസഹായ വിതരണം ആരംഭിച്ചു. ചികിത്സ, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കാണ് ധനസഹായം നൽകുക.

**6. സോളാർ ലാന്റേൺ വിതരണം**

ഗുണമേന്മയുള്ള എൽ.ഇ.ഡി. സോളാർ ലാന്റേണുകൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഓഫീസിൽനിന്ന് വിതരണം ചെയ്തുവരുന്നു.

**7. പ്രളയ ദുരിതാശ്വാസ സഹായം**

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, കാറ്റ് എന്നിവ മൂലം വീട്, കക്കൂസ്, എന്നിവയ്ക്ക് തകരാറുകൾ സംഭവിച്ച മൂലമറ്റം, തീക്കോയി, പൂഞ്ഞാർ സോണുകളിലെ കുടുംബാംഗങ്ങൾക്ക് വീട്, കക്കൂസ് എന്നിവ മെയിന്റനൻസ് ചെയ്യുന്നതിനും വരുമാന വർദ്ധക പദ്ധതികൾ സംഘടിപ്പിക്കുന്നതിനും കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ പി.എസ്.ഡബ്ല്യു.എസ്. സഹായം നൽകുന്നു.

**8. സിന്റ്റ വാട്ടർ ടാങ്കുകൾ വിതരണം ചെയ്തു.**

വേനൽക്കാല ജലസംഭരണപദ്ധതിയുടെ ഭാഗമായി സിന്റ്റ വാട്ടർടാങ്കുകൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്തു.

**9. ക്ഷീരസമൃദ്ധി**

'ക്ഷീരസമൃദ്ധി' പദ്ധതിപ്രകാരം സ്വയംസഹായസംഘങ്ങൾക്ക് പശുവളർത്തൽ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കുറഞ്ഞ പലിശനിരക്കിൽ ബാങ്ക് ലിങ്കേജ് പദ്ധതിപ്രകാരം ഒരു ലക്ഷം രൂപാ വരെ വായ്പകൾ അനുവദിക്കുന്നു.

**10. ആടുവർദ്ധനി**

ആടുവളർത്തൽ പദ്ധതി പുതിയതായി ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനുമായി ബാങ്ക് ലിങ്കേജ് പദ്ധതിപ്രകാരം അൻപതിനായിരം രൂപാവരെ കുറഞ്ഞപലിശനിരക്കിൽ വായ്പകൾ അനുവദിക്കുന്നു. അപേക്ഷ നൽകേണ്ട അവസാനതീയതി ഏപ്രിൽ 10.

**10. സാമൂഹ്യ സുരക്ഷാ പദ്ധതികൾ സെമിനാർ നടത്തി.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡുമായു സഹകരിച്ചവ് സാമൂഹ്യസുരക്ഷാ പദ്ധതികളെക്കുറിച്ച് സെമിനാറുകൾ 39 സ്ഥലങ്ങളിൽ വച്ച് നടത്തി. കേന്ദ്ര സർക്കാരിന്റെ അടൽ പെൻഷൻ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമായോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന തുടങ്ങിയ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണവും പദ്ധതി രജിസ്ട്രേഷനും അതാതു സ്ഥലങ്ങളിൽ വച്ച് നടത്തി.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. രൂപതാ കമ്മറ്റി**

2019 ജനുവരി 27-ാം തീയതി ഞായറാഴ്ച 10.30 ന് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് യോഗത്തിന് സ്വാഗതം പറയുകയും സെക്രട്ടറി ജോണി പരമല റിപ്പോർട്ടവതരിപ്പിക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിൽ സന്ദേശം നൽകി.

**2. രൂപതാ കൗൺസിൽ**

2019 ജനുവരി 27-ാം തീയതി ഞായറാഴ്ച 2.p.m ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കൗൺസിൽ നടത്തപ്പെട്ടു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല യോഗത്തിന് സ്വാഗതം പറയുകയും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്നു നടന്ന ചർച്ചയിൽ 2019 ഫെബ്രുവരി 5-ാം തീയതി നടത്തുന്ന സെക്രട്ടറിയേറ്റ് ധർണ സംസ്ഥാന യുവജന സെമിനാർ, സംസ്ഥാന വനിതാ സെമിനാർ എന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**3. DCMS സെക്രട്ടറിയേറ്റ് ധർണ**

2019 ഫെബ്രുവരി 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ ഡി.സി. എം.എസ്. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ നടത്തിയ ധർണയിൽ പാലാ രൂപതയിൽനിന്നും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറം, രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല, വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ്, രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, യൂണിറ്റുകളിൽനിന്നുള്ള രൂപതാ കൗൺസിലംഗങ്ങളും പങ്കെടുത്തു.

**4. കുടുംബസംഗമം - കുടയത്തൂർ**

2019 ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച 2.p.m ന് കുടയത്തൂർ സെന്റ് അഗസ്റ്റിൻസ് ചർച്ച് പാരീഷ് ഹാളിൽവച്ച് ബഹു. വികാരി റവ. ഫാ. ബ്രാഹ്മണവേലിൽ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. എൻ.ഡി. ജോർജ് സ്വാഗതം ആശംസിക്കുകയും ഫൊറോനാ വികാരി റവ. ഫാ. മണ്ഡപത്തിൽ ജോർജ് യോഗം ഉദ്ഘാടനം ചെയ്യുകയും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല, ശ്രീ. പി.ഒ. പീറ്റർ എന്നിവർ ആശംസയർപ്പിച്ചു. തുടർന്ന് രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ DCMS സംഘടന ഇന്നിന്റെ പ്രസക്തി എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**5. ദ്വിദിന നേതൃത്വ പഠന പരിശീലന ക്യാമ്പ്**

ഡി.സി.എം.എസ്. സംസ്ഥാന കൗൺസിൽ അംഗങ്ങളെയും രൂപതാ കമ്മിറ്റിയംഗങ്ങളെയും പങ്കെടുപ്പിച്ച് 2019 മാർച്ച് 2, 3 തീയതികളിൽ കോട്ടയം വിമലഗിരി ഓഡിറ്റോറിയത്തിൽ വച്ച് ക്യമ്പ് നടത്തുന്നു. ദേശീയ ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ, പരിവർത്തിത ക്രൈസ്തവ കോർപറേഷൻ ചെയർമാൻ ശ്രീ. പി.ജെ. വർഗ്ഗീസ് എന്നിവർക്ക് സ്വീകരണം നൽകും.

**6. വനിത സെമിനാർ**

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8-ന് ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ വനിതാ സെമിനാർ നടത്തുന്നു. 2019 മാർച്ച് 8-ാം തീയതി രാവിലെ 9.30 ന് കാഞ്ഞിരപ്പിള്ളി രൂപതയിലെ പൊടിമറ്റം നിർമ്മല റീട്രസ്റ്റ് സെന്ററിൽ സെമിനാർ ആരംഭിക്കും. സെമിനാറിൽ പങ്കെടുക്കുവാൻ എത്തുന്ന വനിതകൾ മാർച്ച് 8-ന് രാവിലെ 9 മണിക്ക് കാഞ്ഞിരപ്പിള്ളി സെന്റ് ഡൊമിനിക് കോളേജിനു മുന്നിൽ എത്തിച്ചേരേണ്ടതാണ്.

**7. സിവിൽ സർവ്വീസ് കോച്ചിംഗ് പേരന്റ്സ് മീറ്റ്**

2019 ജനുവരി 20-ാം തീയതി ഞായറാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പേരന്റ് മീറ്റിംഗ് നടത്തപ്പെട്ടു. ശ്രീ. ജോയി കുന്നത്തുപറമ്പിൽ സ്വാഗതം പറയുകയും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. രൂപതാ സെക്രട്ടറി ജോണി പരമല, ജോയിന്റ്

സെക്രട്ടറി ബിജി സാലസ്, വൈസ് പ്രസിഡന്റ് സെലിൻ ജോസഫ്, രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മണ്ണയ്ക്കനാട് ഒ എൽ സി ബധിരവിദ്യാലയം സ്കൂൾ വാർഷികം**

മണ്ണയ്ക്കനാട് ഒ എൽ സി ബധിരവിദ്യാലയത്തിന്റെ സ്കൂൾ വാർഷികവും ജൂബിലിയാരംഭവും മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസമ്മ സാബു ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ ലോഗോ പ്രകാശനം ചെയ്തു. മണ്ണയ്ക്കനാട് പള്ളി വികാരി ഫാ. തോമസ് കിഴക്കേൽ, ഫാ. ബിജു മൂലക്കര, സ്കൂൾ മാനേജർ സി. എലിസ ജേക്കബ്, സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ റിൻസി മാത്യു, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്യാമള മോഹനൻ, സിൽവി ജെയ്സൺ, പി.ടി.എ. പ്രസിഡന്റ് മനോജ് ജോസഫ് വല്ലൂർ തുടങ്ങിയവർ പ്രസംഗിച്ചു.

**2. കെയർഹോംസ് യോഗം**

കെയർഹോംസ് യോഗം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തി. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ജീവകാരുണ്യ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. പുതിയ കെയർഹോംസ് അംഗങ്ങളെ പരിചയപ്പെടുത്തി.

**3. സംസ്ഥാന സ്പെഷ്യൽ സ്കൂൾ മഹോത്സവം തൃക്കാക്കരയിൽ**

മാനസിക, ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം 'ചിലമ്പൊലി 2019' തൃക്കാക്കര ഭാരതമാതാ കോളേജിൽ വച്ച് നടത്തി. 204 സ്പെഷ്യൽ സ്കൂളുകൾ നിന്നായി മൂവായിരത്തോളം പാലാ പ്രതിഭയെ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു. എറണാകുളം കലക്ടർ മുഹമ്മദ് സഫീറും കലോത്സവം ഉദ്ഘാടനം ചെയ്തു. എക്സി വൈസ് ചെയർപേഴ്സൺ, സുശീല കുര്യാച്ചൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പാലാ രൂപതയിലെ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

**4. കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ബാലഭവൻ എക്സിക്യൂട്ടീവ് യോഗം**

കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ബാലഭവന്റെ എക്സിക്യൂട്ടീവ് യോഗം കുമ്മണ്ണൂർ ബാലഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സ്ഥാപന ഡയറക്ടർ റവ.ഫാ. ഫിലിപ്പ് ഞരളക്കാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വരവുചെലവ് കണക്കുകൾ, റിപ്പോർട്ട് എന്നിവ യോഗത്തിൽ അവതരിപ്പിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. പഠനയാത്ര**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പഠനയാത്ര സംഘടിപ്പിച്ചു. വടുതല ഡോൺ ബോസ്കോ പ്രസ്, കാക്കനാട്ടെ ഇൻഫോ പാർക്ക്, കളമശ്ശേരിയിലെ ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു.

**2. സംസ്ഥാന വാർഷിക ജനറൽ അസംബ്ളി**

കേരള ലേബർ മൂവ്മെന്റിന്റെ സംസ്ഥാന വാർഷിക ജനറൽ അസംബ്ലി എറണാകുളം കച്ചേരിപ്പടി ആശീർഭവനിൽ വച്ച് നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ബാബു തണ്ണിക്കോട്ട് പതാക ഉയർത്തി. ഫാ. ജോർജ് നിരപ്പുകാലായിൽ ആമുഖസന്ദേശം നല്കി. സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ശ്രീ. കെ.വി.തോമസ് എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ അസംബ്ളിയിൽ വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവരവതരിപ്പിച്ചു. പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. പരിപാടിയിൽ ഫാ. സ്കറിയ വേകത്താനം സംബന്ധിച്ചു.

**3. പ്രതിനിധി സമ്മേളനം**

ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വിവിധ കോൺഗ്രിഗേഷനിലെ സോഷ്യൽ വർക്കേഴ്സ് പ്രതിനിധികളുടെ യോഗം പാലാ ഷാലോമിൽ വച്ച് നടത്തി. ഫാ. സ്കറിയ വേകത്താനം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ സംസ്ഥാന സെക്രട്ടറി തോമസ് മാത്യു ചെമ്പകത്തിനാൽ സെമിനാർ നയിച്ചു.

**4. തൊഴിലുറപ്പ് പദ്ധതിയിൽ റിസോഴ്സ് പേഴ്സൺമാർ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഓഡിറ്റിങ്ങിനായി മൂവായിരത്തോളം റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുന്നു. ഒരു ബ്ലോക്കിന് ഒന്ന് എന്ന ക്രമത്തിൽ 98 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെയും 2823 വില്ലേജ് റിസോഴ്സ് പേഴ്സൺമാരെയുമാണ് തിരഞ്ഞെടുക്കുക.

**വില്ലേജ് റിസോഴ്സ് പേഴ്സൺ**

പ്ലസ്ടു/തത്തുല്യം, ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരും തൊഴിലുറപ്പു തൊഴിലാളിയും അവരുടെ മക്കൾ എന്നിവർക്കും പരിഗണന ലഭിക്കും. 45 പ്രായം 15 നും 30 വയസ്സിനു താഴെ.

**ബ്ലോക്ക് റിസോഴ്സ് പേഴ്സൺ**

ബിരുദം/ബിരുദാനന്തരബിരുദം/സോഷ്യൽ ഓഡിറ്റിൽ പങ്കെടുത്തുംസംഘടിപ്പിച്ചുമുള്ള പരിചയം. പ്രായം 55 വയസിൽ താഴെയായിരിക്കണം. അവസാനതീയതി മാർച്ച് 6. www.socialaudit.kerala.gov.in.

**5. നെഹ്റുയുവകേന്ദ്രത്തിൽ 12000 യൂത്ത് വോളണ്ടിയർ**

കേന്ദ്രസർക്കാരിനു കീഴിലുള്ള നെഹ്റുയുവകേന്ദ്ര നാഷണൽ യൂത്ത് കോറിൽ 120000 യൂത്ത് വോളണ്ടിയർമാരെ തിരഞ്ഞെടുക്കുന്നു. പത്താംക്ലാസ്

വിജയം, ഉയർന്ന വിദ്യാഭ്യാസയോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവർക്ക് മുൻഗണന. അവസാന തീയതി മാർച്ച് 3. www.nyks.inc.in

**6. തമിഴ്നാട്ടിൽ നേഴ്സ് – 23453 ഒഴിവുകൾ**

തമിഴ്നാട് സർക്കാരിനു കീഴിലുള്ള മെഡിക്കൽ സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് നേഴ്സുമാരുടെ 2345 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായം 18 നും 32 നും ഇടയിൽ. ഓൺലൈൻ അപേക്ഷ നല്കുക. www.mrb.tn.gov.in.

**7. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ**

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ 33 കൗൺസിൽ കേരളം അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ) ഡയറക്ടർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത ബി.എസ്.സി. (അഗ്രികൾച്ചർ/ഹോട്ടികൾച്ചർ) പ്രായം 40 അപേക്ഷാഫോറത്തിന്റെ മാതൃക. www.vfpck.org ൽ ലഭിക്കും.

**8. ബി.എസ്.എൻ.എല്ലിൽ 198 ഒഴിവ്**

രാജ്യത്തെ ബി.എസ്.എൻ.എല്ലിൽ ജൂനിയർ ടെലികോം ഓഫീസിൽ തസ്തികയിലേക്ക് സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ ഗ്രാജുവേറ്റ് എഞ്ചിനീയർമാരെ തിരഞ്ഞെടുക്കുന്നു. അപേക്ഷകൾ www.bsnl.co.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**9. ഇന്ത്യൻ കോസ്റ്റുഗാർഡ്**

ഇന്ത്യൻ കോസ്റ്റു ഗാർഡ് മൾട്ടി ടാസ്കിംഗ് സ്റ്റാഫുകളുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ്/ തത്തുല്യം പാസായവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18–30 വിശദവിവരങ്ങൾക്ക് www.joinindia coastguard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**10. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ 4103 ഒഴിവ്**

ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ 4103 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂണിയർ എഞ്ചിനീയർ (സിവിൽ/ഇലക്ട്രിക്കൽ/മെക്കാനിക്കൽ), അസിസ്റ്റന്റ് ഗ്രേഡ് II (ഹിന്ദി) സ്റ്റെനോഗ്രേഡ് II, ടൈപ്പിസ്റ്റ് (ഹിന്ദി), അസിസ്റ്റന്റ് ഗ്രേഡ് III (ജനറൽ അക്കൗണ്ടന്റ്/ടെക്നിക്കൽ/ഡിപ്പോ) എന്നീ തസ്തികയിലാണ് ഒഴിവ്. അപേക്ഷ www.bsnl.co.in എന്ന വെബ്സൈറ്റിൽ മാർച്ച് 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

## അഡാർട്ട്

**1. ബോധവത്കരണ ക്ലാസുകൾ**

മുണ്ടാങ്കൽ (ഫെബ്രു. 1), RRTC - South - II, ചങ്ങാനാശ്ശേരി (ഫെബ്രുവരി 4), നീറന്താനം (ഫെബ്രു. 10), ഗവ. എച്ച്.എസ്.എസ്., മീനടം (ഫെബ്രു. 12), സെന്റ് ആൻസ് എൽ.പി.എസ്. കുര്യനാട് (ഫെബ്രു. 16), വൈപ്പിൻ (ഫെബ്രു. 17), രാമപുരം (ഫെബ്രു. 17), കുന്നന്താനം, ചങ്ങനാശ്ശേരി (ഫെബ്രു. 22), RRTC - South - II, ചങ്ങനാശ്ശേരി (ഫെബ്രു. 26).

**2. നവദർശൻ ക്യാമ്പ്**

ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്.എസിലെ 8,9 ക്ലാസുകളിലെ കുട്ടികൾക്കായി ഫെബ്രുവരി 6,7 തീയതികളിൽ അഡാർട്ടിൽ വച്ച് ക്യാമ്പ് നടത്തി. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. മാത്യു പുതിയിടത്ത് സ്വാഗതവും ഷാജി കച്ചിറമറ്റം കൃതജ്ഞതയും പറഞ്ഞു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകളും കുട്ടികൾക്ക് കൗൺസിലിംഗും നടത്തി. 29 കുട്ടികൾ പങ്കെടുത്തു.

**വേളാങ്കണ്ണി തീർത്ഥയാത്ര**

ഫെബ്രുവരി 15-17 തീയതികളിൽ എ.എ, അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങൾക്കുവേണ്ടി അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ വേളാങ്കണ്ണിയിലേക്കു തീർത്ഥയാത്ര നടത്തി. 50 പേര് തീർത്ഥയാത്രയിൽ പങ്കെടുത്തു.

**ജയിൽ മിനിസ്ട്രി**

പാലാ സബ് ജയിലിൽ ഫെബ്രു. 9 ശനിയാഴ്ച പ്രാർത്ഥനാകൂട്ടായ്മ നടത്തി. ഫാ. മാത്യു പുതിയിടത്ത് നേതൃത്വം വഹിച്ചു. മുത്തോലി ജി.എച്ച്.എസിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ഫെബ്രു. 23-ാം തീയതി ശനിയാഴ്ച ഇടുക്കി ജില്ലാ ജയിലിൽ (മുട്ടം) ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാകൂട്ടായ്മ നടത്തി.

**സാരഥി**

വിവിധ യൂണിറ്റുകളിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2018 ന്റെ സമ്മാനങ്ങൾ ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് വിതരണം ചെയ്തു. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ ലോഗോസ് ഫാമിലി 2018 ബൈബിൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയും അന്നേദിവസം വിതരണം ചെയ്തു. (സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയും വേഗം കൈപ്പറ്റേണ്ടതാണ്).

**ലോഗോസ് ക്വിസ് പഠനസഹായി 2019**

ലോഗോസ് ക്വിസ് പഠനത്തിനായുള്ള സഹായി തയ്യാറായി. കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റ് സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ ബൈബിൾ കോഴ്സിന്റെ ഫെബ്രുവരി മാസത്തെ ക്ലാസുകൾ 9-ാം തീയതി നടന്നു. അടുത്ത ക്ലാസുകൾ മാർച്ച് 9-ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

**വിശുദ്ധനാട് തീർത്ഥാടനം**

രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിശുദ്ധനാട് തീർത്ഥാടനം 2019 മെയ് 15-ന് ആരംഭിച്ച് 27-ന് തിരിച്ചെത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**കെറിയാന**

ഒരു വർഷംകൊണ്ട് ബൈബിൾ വായിച്ചുതീർക്കുവാൻ സഹായിക്കുന്ന 'കൊറിയാന' യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന**

ഫെബ്രുവരി മാസം 8,15,22 തീയതികളിൽ രാവിലെ 9 മണി മുതൽ 3 മണി വരെ പാലാ കത്തീഡ്രലിൽ വച്ച് ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. സണ്ണി വടക്കേയറ്റം എസ്.എഫ്.ഐ.സി. റവ.ഫാ. ജീന മച്ചുക്കുഴിയിൽ സി.എം.ഐ., ഫാ. മാത്യു ഈവാലിൽ വി.സി., ഫാ. വിൻസെന്റ് മൂങ്ങമാക്കൽ, ബ്രദർ മാത്തുകുട്ടി താന്നിയ്ക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി.

**2. സെൽ പ്രാർത്ഥന ശാലോമിൽ**

ഈ മാസം 4,11,25 തീയതികളിൽ ഷലോമിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 വരെ സെൽ പ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, ജയിംസ് മാറാട്ടുകുളം തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷലോമിൽ**

ഈ മാസം 4,5,6,7,11,14,16,19,20,21,25,26,27 തീയതികളിൽ ഷലോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ മാദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റികിന്റെയും പ്രവർത്തനങ്ങൾക്കുവേണ്ടിയും വഹിച്ച് പ്രാർത്ഥിച്ചു. ബ്രദർ ജോസഫ് കുന്നപ്പള്ളി, ചാക്കോ വെട്ടിമാട്ടേൽ, അഗസ്റ്റിൻ ചെരിപുറം, ജോസുകുട്ടി മങ്കലായിൽ, മേരിക്കുട്ടി പാറയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുവാൻ ഈ മാസം 20-ാം തീയതി ബുധനാഴ്ച ഷലോമിൽ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽകൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ വിലയിരുത്തുകയും അടുത്തമാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ ജോസഫ് കളപ്പുരയ്ക്കൽ വചനം

പങ്കുവച്ചു. ബ്രദർ ജോയി നെല്ലിക്കുന്നേൽ, സി. സോണിയ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും ഫെബ്രുവരി 2-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഫാ. ജോസഫ് പരവുമ്മേൽ വചന ശുശ്രൂഷ നയിച്ചു. സോൺ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും ഭരണങ്ങാനം സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**2. സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതി മീറ്റിംഗ് ഫെബ്രുവരി 5-ാം തീയതി ചൊവ്വാഴ്ച 2 മണി മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു. സോണൽ സേവനസമിതിയുടെ പുതിയ കോ-ഓഡിനേറ്ററായി ശ്രീ. സണ്ണി പള്ളിവാതുക്കൽ (മുട്ടുചിറ), സെക്രട്ടറിയായി ശ്രീ. ജോൺസൺ തടത്തിൽ (രാമപുരം) എന്നിവരെ തെരഞ്ഞെടുത്തു.

**3. വചനദീപ്തി തുടർധ്യാനം**

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം ഫെബ്രുവരി 8-ാം തീയതി വെള്ളിയാഴ്ച നടത്തി. ഫാ. മാത്യു ഇയ്യാലിൽ വി.സി., വിൻസെൻഷ്യൻ സെമിനാരി ചെത്തിമറ്റം വചനശുശ്രൂഷ നയിച്ചു.

**4. KCCRST സന്ദർശനം**

KCCRST ചെയർമാൻ ഫാ. വർഗീസ് മുണ്ടയ്ക്കലും സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ താന്നിയ്ക്കലും ടീമും സോൺ സന്ദർശിച്ചു. ഫെബ്രുവരി 20-ാം തീയതി 10 മണി മുതൽ 1 മണി വരെ നടന്ന കൂട്ടായ്മയിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സേവനസമിതി അംഗങ്ങൾ, 18 സബ്സോൺ സേവനസമിതി അംഗങ്ങൾ, കെ.എ.സി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**5. വചനപ്രഘോഷകരുടെ കൂട്ടായ്മ**

നോമ്പുകാലത്ത് ഇടവക ദൈവാലയങ്ങളിൽ വചനശുശ്രൂഷയും ആരാധനയും നടത്തുന്നതിലേക്കായി ശുശ്രൂഷകരുടെ കൂട്ടായ്മ 20-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ 2 മണി മുതൽ നടന്നു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി.

**6. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ

വച്ച് നടന്നുവരുന്ന രാത്രി ആരാധന ഫെബ്രുവരി 23-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. ഫാ. ബിനോയി മാരിപ്പാട്ട് (ഡയറക്ടർ, നിർമ്മൽ ഗ്രാം ധ്യാനകേന്ദ്രം ചെങ്കര) വചനശുശ്രൂഷ നയിച്ചു. ഫാ. ജോസ് വള്ളോംപുരയിടം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ജനുവരി ഇരുപത്തിയാറാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. ഫെബ്രുവരി മൂന്നാം തീയതിമുതൽ ഒൻപതാം തീയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap, ഫാ. ജോൺ T. M. OFM cap, ഫാ. ചെറിയാൻ മൂലയിൽ, ഫാ. കുര്യാക്കോസ് വട്ടമുകളേൽ, ഫാ. ആന്റണി വാഴയിൽ, ഫാ. ജോസഫ് തെരുവിൽ, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനം മാർച്ച് പത്ത് മുതൽ പതിനാറ് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. വാർഷികസമ്മേളനം**

അല്മായ സഭ പാലാ രൂപത വാർഷിക സമ്മേളനം മാർച്ച് 23-ാം തീയതി ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കും. മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്യും. രൂപത പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷത വഹിക്കും. ഫാ. മൈക്കിൾ പറുശ്ശേരി OFM Cap., ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap., ഫാ. തോമസ് തലക്കുളം OFM Cap., റ്റോമി കളപ്പുര, റ്റിസി രാജു കടലംകോട്ട് തുടങ്ങിയവർ പ്രസംഗിക്കും. വിവാഹ, ജീവകാരുണ്യസഹായങ്ങളുടെ വിതരണം, സമ്മാനദാനം എന്നിവയും നടക്കും.

മാർച്ച് 9-ാം തീയതി രൂപത എക്സിക്യൂട്ടീവ് യോഗം നടക്കും. അല്മായ സഭ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തും. വിവാഹധനസഹായം, ജീവകാരുണ്യസഹായം എന്നിവയുടെ കമ്മറ്റിയും നടക്കും.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഇളംന്തോട്ടം യൂണിറ്റ് സന്ദർശിച്ചു**

ഡി.എഫ്.സി പാലാ രൂപത നേതൃസമിതി ഇളംന്തോട്ടം യൂണിറ്റ് സന്ദർശിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ, ഫാ. സ്കറിയ വേകത്താനം, ജോസ് എമ്പ്രയിൽ, ജോഷി കിഴക്കേക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**2. കവീക്കുന്ന് യൂണിറ്റ് സന്ദർശിച്ചു**

കവീക്കുന്ന് ഇടവകയിലെ ഡി.എഫ്.സി നേതൃസമിതിയുമായി കൂടിക്കാഴ്ച നടത്തി. വികാരി ഫാ. മാത്യു പന്തലാനി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം കർമ്മപദ്ധതികൾ വിശദീകരിച്ചു.

**3. പ്രവിത്താനം യൂണിറ്റിൽ സന്ദർശനം നടത്തി**

പ്രവിത്താനം ഫൊറോനാ പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ജോയി ഓരതതുംപറത്ത്, സെബാസ്റ്റ്യൻ കുറ്റിക്കാട്ട് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**4. നരിയങ്ങാനം യൂണിറ്റ് സന്ദർശിച്ചു**

നരിയങ്ങാനം യൂണിറ്റ് വികാരി ഫാ. സ്കറിയ മൊളോപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സ്കറിയ വേകത്താനം ചർച്ച നയിച്ചു. പുതിയ ഡിഎഫ്സി പുരുഷ വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**5. കടനാട് യൂണിറ്റിൽ സന്ദർശനം നടത്തി.**

കടനാട് ഫൊറോനാപള്ളി വികാരി റവ.ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**6. ജിയോവാലി യൂണിറ്റിൽ സന്ദർശനം നടത്തി**

ജിയോവാലി യൂണിറ്റ് പ്രസിഡന്റ് പ്രദീപ് ഔസേപറമ്പിൽ അധ്യക്ഷത വഹിച്ച് മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ഫാ. ജോർജ് അമ്പഴത്തിനാൽ, ജെയ്സി സണ്ണി പനത്താനത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**7. പാദുവ യൂണിറ്റ് സന്ദർശിച്ചു**

പാദുവപള്ളി വികാരി ഫാ. ജോസഫ് വെട്ടത്തേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, യൂണിറ്റ് പ്രസിഡന്റ് കെ.വി. മാത്യു കൂർക്കമറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**8. അൽഫോൻസാഗിരി യൂണിറ്റ് സന്ദർശിച്ചു**

ഡിഎഫ്സി പാലാ രൂപതനേതൃസമിതി അൽഫോൻസാഗിരി യൂണിറ്റ് സന്ദർശിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ ചെറുകരകുന്നേൽ, ഫാ. സ്കറിയ വേക ത്താനം, ജെയ്മോൻ വാക്കയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**9. മറ്റക്കര യൂണിറ്റിൽ സന്ദർശനം നടത്തി**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് ബെന്നി വടക്കേടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, വികാരി ഫാ. ജോസ് കുമ്മിണിയിൽ തെയ്യാമ്മ തോമസ് പാറയ്ക്കൽ തുടങ്ങിയവർ പ്രവർത്തന പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു.

**10. മഞ്ഞാമറ്റം യൂണിറ്റ് സന്ദർശിച്ചു**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് ജെയ്മോൻ കടിയനാട്ട് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. മാത്യു അറയ്ക്കപറമ്പിൽ, ഫാ. സ്കറിയ വേക ത്താനം, സോളി കണിപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**11. അരുവിത്തുറയിൽ ഡ്രീംലൈൻ പ്രൊജക്ട്**

ഇടവകയിൽ ദീപിക പത്രപ്രചാരണം നടത്തി. വികാരി റവ.ഫാ. തോമസ് വെടിക്കുന്നേൽ, ഫാ. സ്കറിയ വേകത്താനം, ഫാ. അബ്രഹാം തകടിയേൽ, ഫാ. ജോസഫ് അമ്പാട്ടുപടവിൽ, ഡിഎഫ്സി ഭാരവാഹികൾ തുടങ്ങിയവർ പരിപാടി കൾക്ക് നേതൃത്വം നല്കി.

**12. ദീപിക പത്രപ്രചാരണം**

പാലാ രൂപതയിലെ കോർപ്പറേറ്റ് സ്കൂളിലെ പ്രധാനാധ്യാപകരുടെ യോഗം ഭരണങ്ങാനത്ത് വച്ച് നടത്തി. യോഗത്തിൽ ഡിഎഫ്സി രൂപതാ കോർഡി നേറ്റർ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**13. ദീപിക എക്സലൻസ് അവാർഡ്ദാന സമ്മേളനം**

കർഷകൻ മാസികയുടെ 25-ാം വാർഷികാഘോഷ സമാപനത്തിന്റെ ഉദ്ഘാടനവും ദീപിക എക്സലൻസ് അവാർഡ് ദാനവും കുമരകം ബാക്ക് വാട്ടർ റിപ്പിൾസ് റിസോർട്ടിൽ വച്ച് നടത്തി. രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറ ക്ടർ റവ.ഡോ. മാണി പുതിയിടം അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ഉമ്മൻചാണ്ടി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ദീപിക ചീഫ് എഡിറ്റർ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ആമുഖ പ്രസംഗം നടത്തി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. സമ്മേളനാന്തരം വിവിധ അവാർഡുകൾ സമ്മാനിച്ചു.

**14. ഡിഎഫ്സി പാലാ രൂപത എക്സിക്യൂട്ടീവ് യോഗം**

ഡിഎഫ്സി പാലാ രൂപത എക്സിക്യൂട്ടീവ് യോഗം പാലാ ഷാലോ മിൽ വച്ച് നടത്തി. പ്രസിഡന്റ് ഡോ.സണ്ണി പി. സക്കറിയ യോഗത്തിൽ അധ്യ ക്ഷത വഹിച്ചു. ഡിഎഫ്സിയുടെ കർമ്മപദ്ധതികൾ കോർഡിനേറ്റർ ഫാ.സ്ക റിയ വേകത്തനം വിശദീകരിച്ചു.

**15. ഡിഎഫ്സി പാലാ രൂപത നേതൃസംഗമം**

ഡിഎഫ്സി പാലാ രൂപത പ്രസിഡന്റ് ഡോ.സണ്ണി വി. സക്കറിയ നേതൃയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ജെയ്സി സണ്ണി പനന്താനത്ത്, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**16. അഭിനന്ദിച്ചു**

രാമപുരം ഇടവകാംഗവും ദീപിക പ്രസ് ക്ലബിന്റെ ട്രഷററുമായ തൈരംചേരിൽ ബേബിയുടെ മകൻ ഡീക്കൻ സ്റ്റെഫിൻ രാമപുരം പള്ളിയിൽവച്ച് നവപൂജാർപ്പണം നടത്തി. ചെമ്മലമറ്റം ഇടവകാംഗവും യൂണിറ്റ് പ്രസിഡന്റുമായ ആലീസ് പാറയടിയുടെ മകൻ റ്റോജസ്, സിഎസ്ടി ചെമ്മലമറ്റം പള്ളിയിൽവച്ച് നവപുരോഹിതനായി. നവവൈദീകർക്ക് ഡിഎഫ്സി പാലാ രൂപതയുടെ അഭിനന്ദനങ്ങൾ.

**17. തൊടുപുഴ കാർഷികമേള സന്ദർശിച്ചു**

തൊടുപുഴയിൽ വച്ച് നടന്ന കാർഷികമേള പാലാ രൂപതയിലെ ഡിഎഫ്സി നേതൃസമിതി അംഗങ്ങൾ സന്ദർശിച്ചു.

**18. മറ്റത്തിപ്പാറയിൽ കണ്ണ് പരിശോധനാക്യാമ്പ്**

ഡി.എഫ്.സി. മറ്റത്തിപ്പാറ പൈക ലയൺസ് ക്ലബ് കണ്ണാശുപത്രിയുമായി സഹകരിച്ച് മറ്റത്തിപ്പാറ സ്കൂൾ ഹാളിൽ വച്ച് കണ്ണ് പരിശോധന ക്യാമ്പ് നടത്തി. വികാരി ഫാ. മാർട്ടിൻ പന്തിരുവേലിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

**19. രാമപുരം പള്ളി കൂദാശ സപ്ലിമെന്റ്**

രാമപുരം പള്ളി കൂദാശയോടനുബന്ധിച്ച് ഡി.എഫ്.സി.യുടെ നേതൃത്വത്തിൽ ആറു പേജ് സപ്ലിമെന്റ് പ്രസിദ്ധീകരിച്ചു.

**20. ഡി.എഫ്.സി. സംസ്ഥാന ഭാരവാഹികളുടെ യോഗം**

ഡി.എഫ്.സി. സംസ്ഥാന ഭാരവാഹികളുടെ യോഗം കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. റവ.ഡോ. മാണി പുതിയിടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. റോയി കണ്ണഞ്ചിറ, ഫാ. ബോബി മണ്ണംപ്ലാക്കൽ, ഫാ. ജിനോ പുന്നമറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**21. കരിയർ ഗൈഡൻസ് ക്യാമ്പ്**

പാദുവ ഇടവകയിലെ യുവജനങ്ങളെ പങ്കെടുപ്പിച്ച് കരിയർ ഗൈഡൻസ് സെമിനാർ നടത്തി. വികാരി ഫാ. ജോസ് വെട്ടത്തേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. ജോസ് ചേന്നാട്ട് ക്ലാസ് നയിച്ചു.

**22. പഠനയാത്ര**

ഡി.എഫ്.സി.യുടെ നേതൃത്വത്തിൽ ഡോൺ ബോസ്കോ പ്രസ്, ഇൻഫോ പാർക്ക്, ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു.

**23. പ്രതിനിധിയോഗം**

ഡി.എഫ്.സി. പാലാ രൂപതാ പ്രതിനിധിയോഗം പാലാ ഷാലോമിൽ വച്ച് നടത്തി. രൂപത പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ അധ്യക്ഷത വഹിച്ച

യോഗത്തിൽ മാത്യു കൊല്ലമലകരോട്ട്, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, സാലിമ്മ അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**24. വടകര പള്ളിയിൽ ഡ്രീംലൈൻ പ്രോജക്ട്**

ദീപിക പത്രപ്രചാരണപരിപാടി നടത്തി. വികാരി ഫാ. ജോസഫ് മുളഞ്ഞനാൽ, ഫാ. ജോ പുന്നമറ്റത്തിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**25. ദീപിക 132-ാം വാർഷികവും അച്ചടിസമുച്ചയ ഉദ്ഘാടനവും**

ദീപികയുടെ കോട്ടയത്തെ പുതിയ അച്ചടി സമുച്ചയത്തിന്റെ ഉദ്ഘാടനവും ദീപികയുടെ 132-ാം വാർഷികവും രാജ്യസഭാ മുൻ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു. ഡോ. ഫ്രാൻസിസ് ക്ലീറ്റസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മോൺ. മാണി പുതിയിടം, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, കെ.എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സാജൻ വർഗീസ്, മാത്യൂസ് വർഗീസ്, സണ്ണി പാമ്പാടി, ഡോ. പി.ആർ. സോന, ഫാ. റെജി മനക്കലോട്ട്, ജോസഫ് ചാവറ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ പുരസ്കാര ജേതാക്കളെ ചടങ്ങിൽ ആദരിച്ചു. പാലാ രൂപതയിൽനിന്ന് 366 പേർ മീറ്റിംഗിൽ പങ്കെടുത്തു.

**26. ഡി.എഫ്.സി. സാഹിത്യവേദി**

ഡി.എഫ്.സി. സാഹിത്യവേദി യോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ചെയർമാൻ ജോയി മുത്തോലി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

***27. ഡി.എഫ്.സി. സാഹിത്യമത്സരം 2019 ഏപ്രിൽ***

*ഡി.എഫ്.സി. സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ കഥ, കവിത, ലേഖനമത്സരം നടത്തുന്നു. 15 നും 25 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കുവേണ്ടിയാണ് മത്സരം.*

*എ. കഥ - ഇതിവൃത്തം ഏതുമാകാം. മൂല്യാധിഷ്ഠിതമായിരിക്കണം. 8 പേജിൽ കവിയരുത്.*

*ബി. കവിത - വിഷയം : പ്രകൃതി സംരക്ഷണം (20 വരിയിൽ കവിയരുത്)*

*സി. ലേഖനം - വിഷയം : ഇന്നിന്റെ മാധ്യമസംസ്കാരം (ഫുൾസ്കാപ്പ് 8 പേജിൽ കവിയരുത്.*

*സാഹിത്യകൃതികൾ ഏപ്രിൽ 15-നു മുമ്പ് ഡി.എഫ്.സി. പാലാ രൂപത ഓഫീസിൽ ഏല്പിക്കുക.*

(ഈ വിവരം പള്ളിയിൽ അറിയിക്കുക).

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# ഇൻഫാം

**റബർ നയം പ്രതിസന്ധിക്ക് പരിഹാരമല്ല**

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച റബർനയം റബർ മേഖലയിലെ പ്രതിസന്ധിക്ക് ഒട്ടും പരിഹാരമല്ലെന്ന് ഇൻഫാം പാലാ രൂപതാ സമിതി. റബർ കൃഷിയുടെ ഭൂരിഭാഗവും കേരളത്തിലാണ് നടക്കുന്നത്. ഇവിടുത്തെ റബർ കർഷകരെ ശ്രദ്ധിക്കാതെ ത്രിപുരയെമാത്രം രക്ഷിക്കാനാണ് കേന്ദ്രസർക്കാർ തുനിയുന്നത്. റബർ ഉൽപ്പന്നങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഇവിടെയുള്ള ചെറുകിട റബർ ഉൽപ്പന്നമേഖല ആകെ തകർന്നടിയുകയാണ്. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ ഫാ. തോമസ് തയ്യിൽ, പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ, ജോയി വയലിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ചർച്ച് ആക്ട് ബിൽ നടപ്പിലാക്കുന്നതിൽനിന്നും സർക്കാർ പിൻ മാറണമെന്ന് ഇൻഫാം പാലാ രൂപതാസമിതി ആവശ്യപ്പെട്ടു. ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്ന ഇൻഫാം എക്സിക്യൂട്ടീവ് കമ്മറ്റി മതന്യൂനപക്ഷങ്ങളുടെ മേലുള്ള കടന്നുകയറ്റത്തെ ചെറുക്കുമെന്ന് പ്രമേയം പാസാക്കി യോഗത്തിൽ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് തയ്യിൽ, പ്രമേയം അവതരിപ്പിച്ചു. പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ, ബെന്നി തുളുവനാനിക്കൽ, ജെയിംസ് താന്നിക്കൽ തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)




# ആദരാഞ്ജലികൾ



## ഫാ. മാത്യു വള്ളോപ്പള്ളിൽ

കീഴൂർ ഇടവകയിൽ വള്ളോപ്പള്ളിൽ തറവാട്ടിൽ ജോസഫ്-ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1952 ജൂൺ 15-ന് ബഹുമാനപ്പെട്ട മാത്യു അച്ചൻ ഭൂജാതനായി. മൂന്ന് സഹോദരന്മാരും ഒരു സഹോദരിയുമാണ് അച്ചനുള്ളത്. ജനിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ ഫാ. മാത്യു വെൻദ്ര വിനു എസ്..ജെ. യിൽനിന്നും മാമ്മോദീസ സ്വീകരിച്ച അദ്ദേഹം തൈലാഭിഷേകം സ്വീകരിച്ചത് സ്വന്തം ഇടവകയിൽ വച്ച് 1966 മെയ് 19-ന് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നാണ്.

പൂഴിക്കോൽ സെന്റ് ലൂക്ക്സ് എൽ.പി.എസ്., സെന്റ് മർത്താസ് യു.പി. എസ്. കടുത്തുരുത്തി, സെന്റ് മൈക്കിൾസ് എച്ച്.എസ്., സെന്റ് തോമസ് കോളേജ് പാലാ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തിയ അച്ചൻ തന്റെ ജീവിതദൗത്യം തിരിച്ചറിഞ്ഞ് 1969 ൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേരുകയും, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തന്റെ വൈദിക പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 1979 ഡിസംബർ 31-ന് കീഴൂർ ഇടവക പള്ളിയിൽ വച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്നും ഡീക്കൻ മാത്യു, പൗരോഹിത്യം സ്വീകരിച്ചു. കോതനല്ലൂർ പള്ളിയിൽ സഹവികാരിയായി തന്റെ പൗരോഹിത്യ യാത്ര തുടങ്ങിയ അച്ചൻ അതിനുശേഷം രാമപുരം പള്ളിയിലും പ്രസ്തുത സേവനത്തിന് നിയമിതനായി.

1983 ഡിസംബർ 12-ന് കൈപ്പള്ളി ഇടവകയിലേക്കാണ് അച്ചനെ ആദ്യം വികാരിയായി നിയമിച്ചത്. അവിടെ അഞ്ച് വർഷം ശുശ്രൂഷചെയ്തശേഷം 1988 മുതൽ 1991 വരെ ചിറ്റാർ ഇടവകയിലും, 1991-96 കാലയളവിൽ പാളയത്തും 1996 മുതൽ 2001 വരെ തോടനാലും തുടർന്ന് കാക്കൊമ്പ് ഇടവകയിലും വികാരിക്കടുത്ത ശുശ്രൂഷ ചെയ്തു. ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് 2004 ൽ കുറച്ചു മാസങ്ങൾ തന്റെ ശുശ്രൂഷകളിൽനിന്നും താത്കാലികമായി വിട്ടു നിൽക്കേണ്ടി വന്ന അച്ചൻ തന്റെ അസ്വസ്ഥതകൾ അതിജീവിച്ച് ജോസ്ഗിരി ഇടവകയുടെ വികാരി

യായി നിയമിതനായി. തുടർന്ന് പിഴക് (26.01.2008– 25.02.2011), പാദുവ (2011–13), മഞ്ഞാമറ്റം 2013–2016), മണിയംകുന്ന് (2016–17), പെരിയപ്പുറം എന്നീ ഇടവകക ളിലും സേവനം ചെയ്തു. പെരിയപ്പുറം ഇടവകയിൽ ശുശ്രൂഷ ചെയ്തു വരവെ ആകസ്മികമായി 2019 ജനുവരി 31–ാം തീയതി മാത്യു അച്ചൻ നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു.

ഫെബ്രുവരി 3–ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് മൃതസംസ്കാരശുശ്രൂഷ കൾ ഭവനത്തിൽ ആരംഭിച്ച് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മി കത്വത്തിൽ കീഴൂർ ഇടവക ദേവാലയത്തിൽ വച്ച് വി. കുർബാനയോടും പ്രാർത്ഥ നകളോടും കൂടി സമാപിച്ചു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. മാത്യു വള്ളോപ്പള്ളിൽ അച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ നമുക്ക് ശിരസ്സു നമിക്കാം. ബഹുമാന പ്പെട്ട അച്ചൻ തിരുസഭയ്ക്കും സമൂഹത്തിനും നൽകിയ ശുശ്രൂഷകൾക്ക് ദൈവ തിരുമുമ്പാകെ നന്ദി അർപ്പിക്കുകയും പിതാവായ ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.

എ.ഡി.സി.പി. അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട മാത്യു വള്ളോ പ്പള്ളിൽ അച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.



## സി. ദൊനീസി സി.എം.സി

പാലാ രൂപത കുറവിലങ്ങാട് ഇടവക വെള്ളാക്കൽ കുടുംബത്തിൽ ജോസഫ്–അന്ന എന്നീ മാതാപിതാക്കളുടെ 5 മക്കളിൽ ഇളയ സന്താനമായി 1935 ഏപ്രിൽ 24–ന് സി. ദൊനീസി ഭൂജാതയായി. മാമ്മോദീസായിൽ റോസ എന്ന പേരു നൽകപ്പെട്ടു. കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ അമ്മ 1957–ൽ കരൂർ മഠത്തിൽ അർത്ഥിനിയായി ചേർന്നു. നിത്യവ്രതാർപ്പണത്തിനു ശേഷം 1963 ൽ മുത്തോലി റ്റി.റ്റി.ഐ. ൽനിന്നും റ്റി.റ്റി.സി. പാസ്സായി. തുടർന്ന് മാതൃവി ദ്യാലായമായ കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് എൽ.പി. സ്കൂളിൽ 7 വർഷം അദ്ധ്യാപന ശുശ്രൂഷ നിർവഹിക്കാൻ അമ്മയ്ക്കു ഭാഗ്യം സിദ്ധിച്ചു. കൂടാതെ തുടങ്ങനാട്, വെള്ളികുളം, മല്ലികശ്ശേരി, മുണ്ടാങ്കൽ, ചേർപ്പുങ്കൽ, അയ്യ മ്പാറ, ഇലഞ്ഞി എന്നീ സ്കൂളുകളിൽ അദ്ധ്യാപനജോലി നിർവഹിച്ചശേഷം 1990 –ൽ സർവ്വീസിൽനിന്നും വിരമിച്ചു. 2009–ൽ വ്രതവാഗ്ദാനത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു സിദ്ധിച്ചു. അയ്യമ്പാറ, മംഗളഗിരി എന്നീ മഠങ്ങളിൽ സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ച അമ്മ അസി. സുപ്പീരിയർ, മെസ് മാനേജർ, കൗൺസിലർ എന്നീ നിലകളിലും സേവനം അനു ഷ്ഠിച്ചിട്ടുണ്ട്. 17 വർഷക്കാലം കുറവിലങ്ങാട്, ചേർപ്പുങ്കൽ, അയ്യമ്പാറ എന്നീ മഠങ്ങളോടു ചേർന്നുള്ള ബാലികാഭവനങ്ങളിലെ നിരാലംബരായ കുട്ടി കളോടൊത്ത് സന്തോഷപൂർവ്വം സേവനം ചെയ്യാൻ നല്ല ദൈവം അമ്മയെ അനു

വദിച്ചു. ഇളംതലമുറയ്ക്ക് എന്നും എപ്പോഴും മാതൃകയും പ്രചോദനവുമായിരുന്നു അമ്മയുടെ ജീവിതം. ആർദ്രമായ സ്നേഹവും വാത്സല്യവും നിറഞ്ഞ അമ്മ സഭയ്ക്കും ലോകത്തിനും വേണ്ടി മാധ്യസ്ഥം പ്രാർത്ഥിക്കാൻ ദിവ്യകാരുണ്യസന്നിധിയിൽ ഏറെ സമയം ചെലവഴിച്ചിരുന്നു. ആഴമായ പ്രാർത്ഥനാചൈതന്യം, ക്രമാനുഷ്ഠാനതല്പരത, സഹോദരസ്നേഹം, സഹനശീലം, സേവനമനോഭാവം എന്നിവ അമ്മയിൽ നിറഞ്ഞുനിന്നിരുന്ന ഗുണങ്ങളാണ്. സന്ന്യാസജീവിതം അതിന്റെ ആഴത്തിലും അർത്ഥത്തിലും ജീവിച്ച അമ്മ 83-ാം വയസ്സിൽ നിത്യത പൂകി.

മരണത്തിനു 2 ദിവസം മുമ്പു ക്ഷീണിതനായ അമ്മയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2019 ജനുവരി 14-ാം തീയതി തിങ്കളാഴ്ച അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ചു 3.30-ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. മൃതസംസ്കാരം ബുധൻ 2.30-ന് ബഹുമാനപ്പെട്ട മാത്യു കവളമ്മാക്കലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ നടന്ന സമൂഹബലിക്കുശേഷം മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച്ഡക്കൻ തീർത്ഥാടന ദേവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

## സി. ബെല്ലർമിൻ മേച്ചിറയ്ക്കൽ എഫ്.സി.സി.



പാലാ രൂപതയിൽ ഇലഞ്ഞി ഫൊറോനാ ഇടവകയിൽ പുരാതനമായ മേച്ചിറയ്ക്കൽ തറവാട്ടിൽ പരേതരായ മത്തായി-അന്നമ്മ ദമ്പതികളുടെ ഏഴുമക്കളിൽ 6-ാമത്തെ സന്താനമായി ത്രേസ്യാക്കുട്ടി 1926 ഒക്ടോബർ 23-ന് ഭൂജാതയായി. മാമ്മോദീസായിൽ ത്രേസ്യാ എന്ന പേരു നല്കപ്പെട്ടു. മുത്തോലപുരം, പിറവം, ഇലഞ്ഞി എന്നീ സ്കൂളുകളിലായി വിദ്യാഭ്യാസം പൂർത്തിയാക്കിയ ത്രേസ്യാക്കുട്ടി തന്റെ ഹൃദയത്തിൽ മുഴങ്ങിയ ദൈവസ്വരത്തിന് കാതോർക്കുകയും 1947 മെയ് 17-ന് മണിയംകുന്ന് ക്ലാരമഠത്തിൽ അർത്ഥിനിയായി ചേരുകയും ചെയ്തു. 1948 ഏപ്രിൽ 4-ന് സഭാവസ്ത്രവും 1954 മെയ് 28-ന് പ്രഥമവ്രതവാഗ്ദാനവും 1957 മെയ് 28-ന് നിത്യവ്രതവാഗ്ദാനവും ചെയ്തു.

1947 മുതൽ മണിയംകുന്ന് സെന്റ് ജോസഫ്സ് യു.പി. എസിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ചു. പഠിപ്പിക്കുവാൻ തുടങ്ങിയ കാലം മുതൽ ബെല്ലർമിനമ്മ കുട്ടികളെ പഠിപ്പിച്ചു ചൊല്ലിച്ചിരുന്ന പ്രാർത്ഥനയാണ് 'Oh my God All for Thee'. മണിയംകുന്ന്, പൂഞ്ഞാർ, പെരിങ്ങുളം, മഞ്ഞാമറ്റം, തീക്കോയി എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായും, മണിയംകുന്ന്, പൂഞ്ഞാർ എന്നീ സ്കൂളുകളിൽ ഹെഡ്മിസ്ട്രസായും സേവനം അനുഷ്ഠിച്ചു. 1965 ൽ സെന്റ് ആന്റണീസ് ഹൈസ്കൂളിലേയ്ക്ക് പ്രമോഷൻ ലഭിച്ചു. 1982-ൽ അവിടെ നിന്ന് വിരമിക്കുകയും ചെയ്തു.

അദ്ധ്യാപികവൃത്തിയിൽനിന്നും വിരമിച്ചശേഷം ബെല്ലർമിനമ്മ എഫ്.സി.സി. ജനറൽ കൗൺസിലർ, അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിന്റെ പ്രിൻസിപ്പൽ, പാലാ അൽഫോൻസാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ എന്നീ നിലകളിൽ അമ്മ സേവനം അനുഷ്ഠിച്ചു. കൂടാതെ സുപ്പീരിയർ, അസി. സുപ്പീരിയർ, മിസ്ട്രസ്, കൗൺസിലർ സ്റ്റഡി പ്രമോട്ടർ, സോഷ്യൽ വർക്കർ, ആനിമേറ്റർ, സൺഡേസ്കൂൾ അധ്യാപിക എന്നീ നിലകളിലും അമ്മ സേവനം കാഴ്ച വച്ചിട്ടുണ്ട്.

ഫ്രാൻസിസ്കൻസിന്റെ മുഖമുദ്രയായി ലാളിത്യവും സന്തോഷപ്രകൃതിയും അമ്മയിൽ വിളങ്ങിയിരുന്നു. എളിമയും വിനയവും അമ്മയുടെ അലങ്കാരമായിരുന്നു. വലിപ്പചെറുപ്പമില്ലാതെ എല്ലാവരോടും ആദരവോടുമുള്ള പെരുമാറ്റം. ഒരു ഉറുമ്പിനെ പോലും വേദനിപ്പിക്കാത്ത മൃദുലത, ഇങ്ങനെയുള്ള ഏറെ സൽഗുണങ്ങളുടെ ഉടമയായിരുന്നു ബ. ബെല്ലർമിനമ്മ. “ദൈവഹിതത്തിന് സമ്പൂർണ്ണമായി അടിയറ വയ്ക്കുക” ഇതായിരുന്നു അമ്മയുടെ ഡയറിയിൽ കുറച്ചുവച്ചിരുന്ന ആപ്തവാക്യം.

ഏതാണ്ട് 10 വർഷത്തോളം അമ്മ രോഗാവസ്ഥയിലായിരുന്നു. മറവി രോഗം ബാധിച്ചതിനെ തുടർന്ന് കണ്ണിന്റെ കാഴ്ച കുറഞ്ഞു. ആളുകളെ തിരിച്ചറിയാൻ സാധിച്ചില്ലെങ്കിലും സ്വരം തിരിച്ചറിയാനുള്ള കേൾവിശക്തിയുണ്ടായിരുന്നു. 2019 ഫെബ്രുവരി 5-ന് ക്ഷീണം വർദ്ധിച്ചതിനാൽ മണിയംകുന്ന് വികാരി റവ.ഫാ. സിറിയക് കൊച്ചുകൈപ്പെട്ടിയിലച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു. പിന്നീട് കൂടുതൽ പരിചരണത്തിനായി കോൾബെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ആവശ്യമായ ശുശ്രൂഷകൾ നല്കിയിട്ടും അമ്മയുടെ നിലഗുരുതരമായിരുന്നു. 11-2-2019 ലൂർദ്ദ്മാതാവിന്റെ തിരുനാൾ ദിനത്തിൽ അമ്മയുടെ ആത്മാവ് സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് പറന്നുയർന്നു.

12-2-2019 ചൊവ്വാഴ്ച 1.30ന് റവ. ഫാ. മാത്യു മേച്ചിറയ്ക്കൽ, റവ.ഫാ. സണ്ണി സി.എം.ഐ., റവ.ഫാ. പ്രശാന്ത് OFM Cap എന്നിവരർപ്പിച്ച ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപതാ വികാരി ജനറാൾ റവ.ഡോ. ജോസഫ് കൊല്ലംപറമ്പിൽ പള്ളിയിലെ സമാപനശുശ്രൂഷകൾക്ക് നേതൃത്വം നല്കി. വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മൃതദേഹം മണിയംകുന്ന് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത ദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം.



## റവ.സി.ഗ്രേഷ്യസ് മേരി പാറയിൽ എഫ്.സി.സി.

പാലാ രൂപതയിൽ പ്ലാശനാൽ ഇടവകയിൽ സമ്പന്നവും കുലീനവുമായ പാറയിൽ കുടുംബത്തിൽ ശ്രീ. ഇട്ടിയവിരാ ജോസഫ് മറിയാമ്മ ദമ്പതികളുടെ മൂന്നുമക്കളിൽ രണ്ടാമത്തെ സന്താനമായി 11-01-1935 ൽ സി. ഗ്രേഷ്യസ് മേരി ഭൂജാതയായി. 17-02-1935 ൽ മാമ്മോദീസാ സ്വീകരിച്ച് മറിയം എന്ന നാമം

സ്വീകരിച്ചു. കുഞ്ഞമ്മ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന സി. ഗ്രേഷ്യസ് മേരി പ്ലാശനാൽ സെന്റ് ആന്റണീസ് സ്കൂളിൽ പഠിച്ച് 1954 ൽ എസ്.എസ്.എൽ.സി. പാസ്സായി.

തുടർന്ന് നാഥന്റെ സ്വന്തമാകുവാൻ പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്ത് ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. കണ്ണാടിയുറുമ്പ് മഠത്തിൽവച്ച് നൊവിഷ്യേറ്റ് കഴിച്ച സി. ഗ്രേഷ്യസ് മേരി 25-05-1955 സഭാവസ്ത്രം സ്വീകരിച്ച് 27-05-1956 ൽ പ്രഥമവ്രതവാഗ്ദാനവും 27-05-1958 ൽ നിത്യവ്രതവാഗ്ദാനവും നടത്തി നാഥന് പൂർണ്ണമായി സമർപ്പിച്ചു. പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽനിന്ന് 1958 ൽ റ്റി.റ്റി.സി. പാസ്സായി. 1956 ൽ അധ്യാപനരംഗത്തേക്കു പ്രവേശിച്ച സി. ഗ്രേഷ്യസ് മേരി 1970 വരെ ഭരണങ്ങാനം സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി.എസ്. ൽ അധ്യാപികയായി. തുടർന്ന് കോതനല്ലൂർ, കൂട്ടിക്കൽ, പൂഞ്ഞാർ, പാളയം എന്നീ സ്കൂളുകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച് 1990 ൽ സർവ്വീസിൽനിന്നും വിരമിച്ചു. താൻ പഠിപ്പിച്ചിരുന്ന കുട്ടികൾക്ക് അറിവിന്റെ വെളിച്ചം പകരുന്നതോടൊപ്പം ദൈവസ്നേഹത്തെക്കുറിച്ചും പറഞ്ഞു കൊടുത്തിരുന്ന അമ്മയ്ക്ക് നല്ലൊരു ശിഷ്യസമ്പത്ത് തന്നെയുണ്ട്. താൻ ആയിരിക്കുന്ന ഇടവകയിലൊക്കെ നല്ലൊരു വിശ്വാസപരിശീലകയായി പ്രശോഭിക്കുവാൻ അമ്മയ്ക്ക് സാധിച്ചിട്ടുണ്ട്. മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരായി കരുതിയിരുന്ന സി.ഗ്രേഷ്യസ് മേരി സ്നേഹഭവൻ, ഇടപ്പാടി, പൂഞ്ഞാർ, ചൂണ്ടച്ചേരി എന്നീ ഭവനങ്ങളിൽ സുപ്പീരിയർ ആയിരുന്നു.

സഹനശീലം, ദൈവഹിതത്തന് സമ്പൂർണ്ണ സമർപ്പണം, പാവങ്ങളോടുള്ള അനുകമ്പ, സന്തോഷപ്രകൃതി എന്നിവ അമ്മയുടെ സ്വഭാവത്തിന്റെ സവിശേഷതയായിരുന്നു. എന്റെ ദൈവം എന്റെ സമസ്തവും, കർത്താവ് എന്റെ ഇടയൻ എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല എന്നതായിരുന്നു അമ്മയുടെ Motto.

2007 ൽ ഭരണങ്ങാനത്തേയ്ക്ക് തിരിച്ചുവന്ന സി.ഗ്രേഷ്യസ് മേരി അൽഫോൻസാമ്മയുടെ മ്യൂസിയത്തിന്റെ ഇൻചാർജ് ആയി സ്ഥാനമേറ്റു. മ്യൂസിയത്തിൽ വരുന്നവരോടൊക്ക ഈശോയെക്കുറിച്ച് പറയുകയും അവരുടെ സങ്കടങ്ങളിൽ ആശ്വാസതൈലം പുരട്ടുകയും അവർക്കുവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥം വഹിക്കുകയും ചെയ്തിരുന്നു. അൽഫോൻസാമ്മയുടെ നല്ലൊരു ഭക്തയായിരുന്നു ഗ്രേഷ്യസ് മേരിയമ്മ. പ്രാർത്ഥനയിലൂടെ സന്താനഭാഗ്യം ലഭിച്ചതിനാൽ നിരവധി ദമ്പതികൾ അമ്മയെ നന്ദിയോടെ സ്മരിക്കുന്നു. 2018 ൽ ഒരു വീഴ്ചയെ തുടർന്ന് എഴുന്നേൽക്കുവാൻ സാധിക്കാതെ അമ്മ ശയ്യാവലംബയായിത്തീർന്നു. തന്റെ ചെറുതും വലുതുമായ സഹനങ്ങളിൽ ഈശോയുടെ ഇഷ്ടം തന്നിൽ പൂർത്തീകരിക്കുവാൻ സ്വയം വിട്ടുകൊടുത്ത് ശാന്തമായി അതിനെ സ്വീകരിക്കുന്നതായാണ് അമ്മയെ സമീപിക്കുന്നവർക്ക് അനുഭവപ്പെട്ടിരുന്നത്. ക്ഷീണം വർദ്ധിച്ചതിനെ തുടർന്ന് 22-12-2018 ൽ ഭരണങ്ങാനം ഫൊറോനാപള്ളി അസി. വികാരി റവ.ഫാ. ജോൺസൺ പരിയപ്പനാലിൽനിന്നും രോഗീലേപനം സ്വീകരിച്ചു.

തുടർന്നും ശാന്തതയോടും സന്തോഷത്തോടും കൂടിയുള്ള തന്റെ സഹനത്തിലൂടെ അമ്മ ഈശോയ്ക്കായി ആത്മാക്കളെ നേടിക്കൊണ്ടിരുന്നു. ക്രമേണ അമ്മ കൂടുതൽ ക്ഷീണിതയാവുകയും തുടർന്ന് 2019 ഫെബ്രു. 18 ന് വെളുപ്പിന് 1.40 എ.എം. ന് സഹോദരിമാർ പ്രാർത്ഥനാനിരതരായി ചുറ്റും നോക്കി നിൽക്കെ ശാന്തമായി തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ കാഴ്ചയായി അർപ്പിച്ച് ഗ്രേഷ്യസ് മേരിയമ്മ ഇഹലോകവാസം വെടിഞ്ഞു.

19-02-2019, 1.30 പി.എം. ന് ഗ്രേഷ്യസ് മേരിയമ്മയുടെ സ്വന്തക്കാരായ ബഹു.കുര്യാക്കോസ് നരിതൂക്കിലച്ചന്റെയും കോക്കാട്ടച്ചന്റെയും മറ്റ് മൂന്ന് വൈദികരുടെയും സാന്നിധ്യത്തിൽ വി.കുർബാനയോടെ മഠത്തിലെ കർമ്മങ്ങൾ ആരംഭിച്ചു. ബഹു.തോമസ് തലക്കുളം OFM Cap. മഠത്തിലും ബഹു.കുര്യാക്കോസ് നരിതൂക്കിൽ അച്ചൻ ഇടവക ദൈവാലയത്തിലും അനുസ്മരണ പ്രസംഗം നടത്തി. ഏകദേശം 4 മണിയോടെ ബഹു.ഗ്രേഷ്യസ് മേരിയമ്മയുടെ മൃതദേഹം ഭരണങ്ങാനം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. 84 വർഷം വിശ്വസ്തമായ ജീവിതം നയിച്ച ഗ്രേഷ്യസ് മേരിയമ്മയെ പ്രിയനാഥൻ നിത്യകിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2019

| | | |
|---|---|---|
| **Feb 1** | am | സന്ദർശകരെ സ്വീകരിച്ചു. |
| 2 | 10.00 am | മുണ്ടാങ്കൽ സെന്റ് ആന്റണീസ് തീർത്ഥാടനകേന്ദ്രത്തിൽ പാദുവായിൽ നിന്നുള്ള വി. അന്തോനീസിന്റെ തിരുശേഷിപ്പു പ്രതിഷ്ഠിച്ചു. |
| | 04.00 pm | ഇടമറ്റം ഇടവകയുടെ 150-ാം വാർഷികാനുസ്മരണത്തോടനുബന്ധിച്ചുള്ള ജൂബിലികുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 3 | 03.00 pm | കീഴൂർ പള്ളിയിൽ മാത്യു വള്ളോപ്പിള്ളിയച്ചന്റെ മൃതസംസ്കാരശുശ്രൂഷയോടുനുബന്ധിച്ചുള്ള വി. കുർബാനയിലും കർമ്മങ്ങളിലും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 4 | 10.30 am | മൂലമറ്റത്തുള്ള ജ്യോതിർഭവൻ കോൺവെന്റ് ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 05.45 pm | മേരിലാന്റ് ഇടവകയിൽ പാരിഷ് ഹാൾ വെഞ്ചരിച്ചു. |
| 5 | 09.30 am | സന്ദർശകരെ സ്വീകരിച്ചു. |
| 5-6 | | മാവേലിക്കരയിൽ വച്ച് നടന്ന പിതാക്കന്മാരുടെ റീജിയണൽ ധ്യാനത്തിൽ പങ്കെടുത്തു. |
| 7 | 05.00 pm | കിഴതടിയൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ ആർ.വി. തോമസ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 8 | 08.15 am | കൂരിയായിൽ സംബന്ധിച്ചു. |
| | 10.30 am | സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 04.30 pm | മാർ സ്ലീവാ മെഡിസിറ്റിയുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 9 | 11.00 am | കുറവിലങ്ങാട് സി.എം.സി. കോൺവെന്റ് സ്ഥാപന ശതാബ്ദിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 06.15 pm | തിരുമാറാടി ഇടവകയിൽ കുരിശുപള്ളി വെഞ്ചിരിച്ചു. |
| | 08.00 pm | പാലാ എസ്.എച്ച്. ഹോസ്റ്റലിൽ 'ഹോസ്റ്റൽ ഡേ' ആഘോഷത്തിൽ സംബന്ധിച്ചു. |
| 10 | 07.30 am | അൽഫോൻസാഗിരി പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും പാരിഷ് ഹോളിനോടനുബന്ധിച്ചുള്ള അനെക്സിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| | 10.30 am | മെത്രാസനമന്ദിരത്തിൽ കൂരിയായിൽ സംബന്ധിച്ചു. |
| | 02.00 pm | കയ്യൂർ പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 04.00 pm | കോതനല്ലൂർ ഇടവകയിൽ എ.കെ.സി.സി. കർഷകസംഗമം ഉദ്ഘാടനം ചെയ്തു. |
| 11 | 05.00 pm | തുടങ്ങനാട് ഇടവകയിൽ പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പു കർമ്മം നിർവ്വഹിച്ചു. |
| 12 | 09.30 am | സന്ദർശകരെ സ്വീകരിച്ചു. |
| 13 | 04.30 pm | കുറവിലങ്ങാട് പള്ളിയിൽ മൂന്നുനോമ്പിനോടനുബന്ധിച്ച് സുറിയാനി കുർബാന ചൊല്ലി സന്ദേശം നൽകി. |
| | 07.00 pm | മെത്രാസനമന്ദിരത്തിൽ നവവൈദികരെ സ്വീകരിച്ചു. |
| 14 | 05.40 am | മെത്രാസനമന്ദിരത്തിൽ നവവൈദികരോടൊത്തുള്ള വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | പാലാ രൂപതയിൽ അജപാലന ശുശ്രൂഷയിൽ സഹായിക്കാനായി എത്തുന്ന വൈദിക വിദ്യാർത്ഥികളെ |

| | | |
|---|---|---|
| | | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ സ്വീകരിച്ചു. |
| 15 | 05.00 pm | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപികയുടെ അപെക്സ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | 03.00 pm | ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് കോളേജിൽ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | ചെമ്മലമറ്റം ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് സന്ദേശം നൽകി. |
| 17 | 11.30 am | കറുകുറ്റിയിൽ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ മകന്റെ വിവാഹാഘോഷത്തിൽ പങ്കെടുത്തു. |
| 18 | 03.00 pm | കാക്കനാട് സഭാകാര്യാലയത്തിൽ പെർമനന്റ് സിനഡിൽ പങ്കെടുത്തു. |
| 19 | 11.00 am | പടന്താലുംമൂട് – തക്കലയിൽ ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 20 | 03.00 pm | മെത്രാസനമന്ദിരത്തിൽ ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ ഇടവകയിൽ എസ്.എം.വൈ.എം. യുവജനങ്ങൾ നേതൃത്വം നൽകി പണികഴിച്ച ഒരു ഭവനം വെഞ്ചരിച്ചു. |
| | 07.00 pm | ഭരണങ്ങാനം തീർത്ഥാടന കേന്ദ്രത്തിൽ റെക്ടർ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേലച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 21 | 04.00 pm | മോനിപ്പള്ളി ഇടവകയിൽ എൽ.പി.സ്കൂളിന്റെ 50–ാം വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 07.00 pm | പാലാ മെത്രാസനമന്ദിരത്തിൽ ശുശ്രൂഷ ചെയ്തുവന്നിരുന്ന ബഹു. വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. |
| 22 | 9.30 - 10.30 am | സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 11.30 am | ദീപ്തി എം.എസ്.ടി. ജനറലേറ്റിൽ അൽമായ മിഷനറിമാരെ നിയോഗിച്ച് അയയ്ക്കുന്ന ചടങ്ങിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 23 | 07.00 am | കല്ലറ വ്യാകുലമാത ക്നാനായ ഇടവക പള്ളിയിൽ സുറിയാനി കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 09.30 am | സേവ്യർപുരം ഇടവകയിൽ പരേതനായ ആഗസ്തി വെള്ളപ്ലാക്കിലിന്റെ ഭവനത്തിൽ പരേതനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | എസ്.എം.വൈ.എം. ഡയറക്ടറായി നിയമിതനായ ബഹു. സിറിൽ (തോമസ് ) തയ്യിലച്ചനെ ശാലോം പാസ്റ്ററൽ സെന്ററിൽ കൊണ്ടുചെന്നാക്കി. |
| | 02.30 pm | പുതിയ സെക്രട്ടറിയായി നിയമിതനായ ഫാ. ജോൺ എടേട്ടിനെ മെത്രാസനമന്ദിരത്തിൽ സ്വീകരിച്ചു. |
| | 03.00 pm | ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന കേന്ദ്രം റെക്ടറായി നിയമിതനായ ബഹു. ജോസ് വള്ളോംപുരയിടത്തിലച്ചനെ തീർത്ഥാടനകേന്ദ്രത്തിൽ കൊണ്ടു ചെന്നാക്കി. |
| | 05.30 pm | രൂപതയുടെ പ്രൊക്യുറേറ്ററായി നിയമിതനായ ബഹു. ജോസ് നെല്ലിക്കത്തെരുവിലച്ചനെ മെത്രാസനമന്ദിരത്തിൽ സ്വീകരിച്ചു. |
| 24 | 07.00 am | കുറുമണ്ണ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 10.00 am | ഗുജറാത്ത് മിഷനിലേക്ക് പുറപ്പെട്ട വെരി റവ.ഫാ. ജോസഫ് കൊല്ലംപറമ്പിലിനും മറ്റു വൈദികർക്കും യാത്രയയപ്പ് നൽകി. |
| | 04.00 pm | പ്രവിത്താനം ഇടവകയിൽ മാർ മാത്യു കാവുകാട്ട് പിതാവിന്റെ ജന്മഗ്രഹം സന്ദർശിച്ചു. |
| | 04.45 pm | കൊച്ചിടപ്പാടി പൈകട ആതുരാലയം സന്ദർശിച്ചു. |

| | | |
|---|---|---|
| 25 | 09.00 am | പൂനാ എക്സാർക്കേറ്റ് മലങ്കര മെത്രാൻ മാർ അന്തോനീസ് പിതാവിനെ മെത്രാസനമന്ദിരത്തിൽ സ്വീകരിച്ചു. |
| 26 | 09.45 am | മരങ്ങാട്ടുപിള്ളി സെന്റ് തോമസ് എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ സംബന്ധിച്ചു. |
| 28 | 10.00 am | ചങ്ങനാശ്ശേരിയിൽ ചർച്ച് ആക്ടുമായി ബന്ധപ്പെട്ട വിവിധ സഭാപ്രതിനിധികളുമായി നടന്ന ചർച്ചയിൽ പങ്കെടുത്തു. |
| | 05.30 pm | കൊഴുവനാൽ ഇടവകയിൽ പാവപ്പെട്ടവർക്കുള്ള രണ്ട് വീടുകൾ വെഞ്ചരിക്കുകയും ഇടവകയുടെ പൊതു ചാത്തത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2019

| | | |
|---|---|---|
| **Jan31** | 11.00 am | ഏറ്റുമാനൂർ എസ്.എഫ്.എസ്. സെമിനാരിയിൽ ബഹു. അബ്രാഹം പുതുശ്ശേരിയച്ചന്റെ മൃതസംസ്കാരശുശ്രൂഷകളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു. |
| | 04.30 pm | മുണ്ടാങ്കൽ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| Feb 1 | 06.00 am | അതിരമ്പുഴ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 02.00 pm | കെ.സി.എസ്.എൽ. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. |
| | 04.30 pm | കൂത്താട്ടുകുളം മേരിഗിരി സ്കൂളിൽ 25-ാം വാർഷികത്തോടനുബന്ധിച്ച് മീറ്റിംഗിൽ സംബന്ധിച്ചു. |
| 2 | 10.15 am | സെന്റ് തോമസ് കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | പാളയം പള്ളിയിൽ വി.കുർബാനമദ്ധ്യേ സന്ദേശം നൽകി. |
| 3 | 10.30 am | പെരിഞ്ചാംകുട്ടി പള്ളിയിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 04.00 pm | കീഴൂർ ഇടവകയിൽ ബഹു. മാത്യു വള്ളോപ്പള്ളിയച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് പങ്കെടുത്തു. |
| | 06.00 pm | ഇലഞ്ഞി ഇടവകയിൽ ഇടവകദിനാഘോഷത്തിൽ സംബന്ധിച്ചു. |
| 4 | 11.00 am | കടവന്ത്ര പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| 5 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | നീലൂർ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |

| | | |
|---|---|---|
| 07 | 10.00 am | സെന്റ് തോമസ് കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | അരമനയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 09 | 11.00 am | പ്രവിത്താനം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 04.00 pm | ഭരണങ്ങാനത്ത് ഒരു ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 07.00 pm | മറ്റത്തിപ്പാറ ഇടവകയിൽ ഇടവകദിനാഘോഷത്തിൽ സംബന്ധിച്ചു. |
| 10 | 02.30 pm | ഷാലോം പാസ്റ്ററൽ സെന്ററിൽ ബൈബിൾ അപ്പോസ്തലേറ്റിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 11.00 am | സിബിഗിരി ടൗൺ പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 05.00 pm | കുറവിലങ്ങാട് പള്ളിയിൽ മൂന്നു നോമ്പിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 12 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | കൂത്താട്ടുകുളം ഇൻഫന്റ് ജീസസ് സ്കൂളിൽ ആനുവൽ ഡേ ഉദ്ഘാടനം ചെയ്തു. |
| 13 | 4.00 pm | ചെമ്മലമറ്റം ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 07.00 pm | അരമനയിൽ നവവൈദികരെ സ്വീകരിച്ചു. |
| 14 | 06.00 am | അരമനയിൽ നവവൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | അടിച്ചിറയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 10.00 am | രാമപുരം കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.00 pm | പാലാ സെന്റ് മേരീസ് സ്കൂളിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | 06.00 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| | 11.00 am | മണിമലയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 02.00 pm | ഭരണങ്ങാനം മാതൃഭവനിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | | മല്ലികശ്ശേരി ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 18 | 03.00 pm | കരൂർ ബോയ്സ് ടൗണിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 19 | | തക്കലയിൽ നടന്ന ഇൻർ ഡയോസിഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 20 | 06.15 am | വിവാഹ ഒരുക്ക കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | അരമനയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 23 | 11.30 am | മുട്ടുചിറയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 12.45 pm | അരുണാപുരം ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 02.30 pm | മൂലമറ്റം നഴ്സിംഗ് കോളേജിൽ ലാമ്പ് ലൈറ്റിംഗ് സെറിമണിയിൽ പങ്കെടുത്തു. |
| 25 | 06.15 am | സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 10.00 am | ചെത്തിമറ്റം എസ്.എ.ബി.എസ്. ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. |
| 26 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 27 | 11.30 am | ഫാത്തിമാപുരം പള്ളിയിൽ ഒരു മാമ്മോദീസാ പരികർമ്മം ചെയ്തു. |
| | 05.00 pm | പാലാ ടൗൺ ഹാളിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 06.00 am | അഡോറേഷൻ ഹോസ്റ്റലിൽ വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### MARCH 2019

| | | | |
|---|---|---|---|
| 01 | Fri | 11.00 am | Pala Cathedral : Mathruvedi - Vanitha Dinacharanam |
| 02 | Sat | 10.30 am | Mannackanad : Final Profession (LAR Sisters) |
| | | 02.00 pm | Periapuram : A Meeting on Home Pala Project. |
| | | 03.30 pm | Pala St. Thomas College : Vincent De Paul Society Meeting |
| 03 | Sun | 12.00 noon | Moonilavu Church : Baptism |
| | | 05.00 pm | Kuravilangadu : *'Paurasweekaranam'* to Arch Priest |
| 04 | Mon | 06.30 am | Pala Cathedral : Vibhoodhi |
| | | 06.00 pm | Bishop's House : Monthly Recollection |
| 5-12 | | | Adilabad Visit |
| 13 | Wed | 10-12.00 pm | Bishop's House : Preacher's Meeting |
| | | 04.00 pm | Kalathookadavu : Bible Convention & and Blessing of the Cemetry Chapel |
| 14. | Thur | 10.00 am | Lourdes Mount : House Blessing |

| | | | |
|---|---|---|---|
| | | 05.00 pm | Kakkoor : Holy Qurbana (Bible Convention) |
| 15 | Fri | 11.00 am | Pala St. Thomas TTI Hall : Retired Teachers' send off Gathering (Pala corperate) |
| | | 05.00 pm | Paduva : Holy Qurbana in connection with the Reception to the relic of St. Antony from Paduva |
| | | 07.30 pm | Pastoral Institute : Convocation Day Meeting |
| 16 | Sat | 02.30 pm | Bishop's House : Pithruvedi Meeting |
| 17-18 | Mon | | Engaged |
| 19 | Tue | | Feast of St. Joseph |
| 20 | Wed | 03.00 pm | ADCP Executive |
| 21 | Thu | | Engaged |
| 22 | Fri | 10.00 am | Kakkanadu: Synodal Commission for Family, Laity & Life |
| 23 | Sat | 10.30 am | Aruvithura : A Baptism |
| 24 | Sun | 07.00 am | Lourdes Mount : Pastoral Visit |
| | | 03.00 pm | Bharananganam ARS : Prolife Meeting |
| 25 | Mon | | Engaged |
| **26** | **Tue** | **9.30-11am** | **Visiting Time** |
| | | 03.00 pm | Changanachery : Inter Eparchial Executive Meeting on Missionary Activities |

| | | | |
|---|---|---|---|
| 27 | Wed | 07.00 am | Kochidappadi, Sneharam : Holy Qurbana |
| 28 | Thu | | Engaged |
| **29** | **Fri** | **9.30-12 noon** | **Visiting Time** |
| | | 03.00 pm | Bishop's House : Bible Convention Meeting |
| 30 | Sat | | Engaged |
| 31 | Sun | 04.30 pm | Elanji : Holy Qurbana (Bible Convention) |
| | | | **APRIL 2019** |
| 1-3 | | | Engaged |



## Auxiliary Bishop's Engagements

# Mar Jacob Muricken

## MARCH 2019

| | | | |
|---|---|---|---|
| 01 | Fri | 09.30 am | Cathedral : Holy Qurbana, Mathru Sangamam |
| 02 | Sat | 06.00 am | Kuravilangadu CMC Convent : Holy Qurbana |
| | | 10.00 am | Meeting |
| | | 02.00 pm | Ramapuram : Meeting |
| | | 03.30 pm | Moozhoor : House Blessing |
| 03 | Sun | 06.00 am | Muttuchira Hospital : Holy Qurbana |
| | | 02.00 pm | Kottayam : DCMS Meeting |
| 04 | Mon | 02.30 pm | Muttuchira Nursing College : Lamp Lighting Ceremony |
| 05 | Tue | 10-12.30 pm | Visiting Time |
| | | 03.00 pm | Bishop's House : Meeting |
| 06 | Wed | 02.00 pm | Kottayam : Meeting |
| 07 | Thu | 11.00 am | Bishop's House : Meeting |
| | | 02.00 pm | Bishop's House : Meeting |
| 08 | Fri | 10-12.30 pm | Visiting Time |
| | | 02.30 pm | Valachira : LP School Centunery |
| 09 | Sat | 04.00 pm | Ramapuram : Meeting |
| 10 | Sun | | Kootickal : Pastoral Visit |

| | | | |
|---|---|---|---|
| 11 | Mon | 03.00 pm | Bishop's House : Meeting |
| 12 | Tue | 9.30 am | Kakkanadu : Vocation Commission |
| 13 | Wed | 02.30 pm | Kottayam : Meeting |
| 14 | Thu | 10.00 am | Muringapuzha |
| 15 | Fri | 10-12.30 pm | Visiting Time |
| 16 | Sat | 06.30 am | Paduva : Holy Qurbana |
| | | 11.30 am | Bharananganam : Elders Day Meeting\ |
| 17 | Sun | 02.00 pm | S.H. Mount :Talk |
| 18 | Mon | 04.00 pm | Piousmount : Meeting |
| 19 | Tue | | Feast of St. Joseph |
| 20 | Wed | 10.00 am | Muringapuzha |
| | | 03.00 pm | ADCP Executive |
| 21 | Thu | | Engaged |
| 22 | Fri | 10-12.30 pm | Visiting Time |
| 23 | Sat | 11.00 am | Bharananganam : Franciscan Almayasabha Meeting |
| 24 | Sun | | Engaged. |
| 25-28 | | | Out of Station |
| 29 | Fri | 10-12.30 pm | Visiting Time |
| | | 05.00 pm | Melukavu School : Meeting |
| 30 | Sat | 10.00 am | ARS Bharananganam : Meeting |
| | | 04.00 pm | Aruvithura Convention : Holy Qurbanana |
| 31 | Sun | 05.00 pm | Ezhachery : Meeting |



നവവൈദികർക്ക് പാലാ മെത്രാസനമന്ദിരത്തിൽ
നല്കിയ സ്വീകരണം




തക്കല രൂപതയിൽ പടന്താലുംമൂടിൽ നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗ്

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



പാലാ മെത്രാസനമന്ദിരത്തിൽനിന്നും സ്ഥലംമാറിപ്പോകുന്ന മോൺ. ജോസഫ്
കൊല്ലംപറമ്പിലച്ചനും ബഹു. വൈദികർക്കും നൽകിയ യാത്രയയപ്പ് സമ്മേളനം



സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യാലയത്തിൽ പ്രൊക്യുറേറ്ററായി
നിയമിതനായ ബഹു. ജോസഫ് തോലാനിക്കലച്ചന് ആശംസകൾ



ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ
പുതിയ റെക്ടർ ബഹു. ജോസ് വള്ളോംപുരയിടത്തിലച്ചന് ആശംസകൾ

Printed at St. Thomas Press, Palai and Published by Fr. John Edettu